
2023 MARCH
VOL 22
ISSUE 03
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



# LGBTQIA+
## അറിയേണ്ടതും പറയേണ്ടതും

**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org



Saint Joseph and the Christ Child - between 1675 and 1800

# സെയിന്റ് ജോസഫ് (വി. യൗസേപ്പ്)

**തിരുനാൾ - മാർച്ച് 19**

പതിനാറാം നൂറ്റാണ്ടിൽ ക്രിസ്തുമതം പാശ്ചാത്യ ലോകത്തേക്ക് വ്യാപിച്ച അവസരത്തിൽ പെറുവിലെ കുസ്കോ ആസ്ഥാനമായി രൂപംകൊണ്ട ഒരു നൂതന റോമൻ കത്തോലിക്കാ കലാ പാരമ്പര്യമായിരുന്നു എസ്ക്യൂല കുസ്ക്വീന അഥവാ കുസ്കോ സ്കൂൾ. ആ ശൈലിയിൽ 17-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതാണ് യൗസേപ്പ് പിതാവും ഉണ്ണിയേശുവുമുള്ള ഈ പ്രത്യേക ചിത്രം. അമേരിക്കയിൽ യൂറോപ്യൻ പെയിന്റിംഗ് ടെക്നിക്കുകൾ പഠിപ്പിച്ച ആദ്യ കലാകേന്ദ്രം കൂടിയാണ് കുസ്കോ. നിറങ്ങളിലെ സമൃദ്ധിയും അലംകൃതമായ വസ്ത്രങ്ങളും തദ്ദേശീയരായ ഇൻക പ്രഭുക്കന്മാരെ അനുകരിച്ച് ഈ കലാശൈലി കടംകൊണ്ട പൊതുവായുള്ള രീതികളാണ്. ഭദ്രതയുള്ള കുടുംബത്തിനും വിവാഹത്തിനും നല്ല മരണത്തിനും മധ്യസ്ഥനായി വി. യൗസേപ്പിനെ ഇവിടെയുള്ളവർ വണങ്ങിയിരുന്നു.








അഡ്വ. കെ.ജെ. ജോൺസൺ




# പൊള്ളയായ അവകാശങ്ങൾ

ഉണ്ടായിരുന്ന ജോലി നഷ്ടപ്പെട്ടു, കടങ്ങൾ കൂടി വരുന്നു. സൊസൈറ്റിയിൽ ലോൺ തിരിച്ചടക്കാൻ കഴിയാത്തതു മൂലം ജപ്തി ഭീഷണി നേരിടുന്നു. ആകെ നിരാശനായി നിൽക്കുന്ന സമയത്താണ് ഒരു ടൂത്ത് പേസ്റ്റ് കമ്പനിയുടെ പരസ്യം അയാൾ ശ്രദ്ധിച്ചത്. ഈ ടൂത്ത് പേസ്റ്റ് ഉപയോഗിച്ച് പല്ലു തേച്ചാൽ ആത്മവിശ്വാസം കിട്ടുമത്രേ! അതയാൾ വാങ്ങി ഉപയോഗിച്ചു തുടങ്ങി. സുഹൃത്ത് അയാളോട് ചോദിച്ചു: "ഇതുപയോഗിച്ച് പല്ലു തേച്ചാൽ ആത്മവിശ്വാസം കിട്ടില്ലായെന്നു നിനക്കറിഞ്ഞു കൂടെ?" അയാളുടെ മറുപടി ഇപ്രകാരമായിരുന്നു. "എനിക്കറിയാം സാധ്യമല്ലെന്ന്.. പക്ഷേ, എങ്ങാനും കിട്ടിയാലോ."

ജീവിതത്തിന്റെ ബലഹീനമായ സാഹചര്യങ്ങളിൽ എവിടെയാണ് ആശ്വാസം കിട്ടുക എന്ന അന്വേഷണം മനുഷ്യ സഹജമാണ്. പക്ഷേ, പല അന്വേഷണങ്ങളും ചെന്നെത്തുന്നത് ചതിക്കുഴിയിലേക്കാണെന്ന കാര്യം വൈകിയാണ് തിരിച്ചറിയുന്നത്. പ്രതിസന്ധികളിൽ ആശ്വാസം തേടി അലയുന്നവർ ഇടക്കിടെ പിൻതിരിഞ്ഞു നോക്കണം. ശരിയായ വഴിയിലൂടെയാണോ എന്റെ യാത്രയെന്ന്.

ഖത്തർ ലോക ഫുട്ബോൾ കപ്പിന്റെ ഫൈനൽ ദിവസത്തെ കളിയിൽ ഗോളിയെ ഏവരും ഓർത്തിരിക്കും. കപ്പ് എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ പെനാൽറ്റി കിക്ക് തടുക്കാൻ ശ്രമിക്കുന്ന ഗോളിയായിരിക്കും അർജന്റീന ആരാധകരുടെ മനസ്സിൽ.. ഗോളിയെ സഹായിക്കാൻ ആർക്കാണ് കഴിയുക.. ചില അന്വേഷണങ്ങൾ അങ്ങനെയാണ്. മനുഷ്യ സഹജമായി ആർക്കും സഹായിക്കാൻ കഴിയുകയില്ല. ദൈവത്തിനു മാത്രമേ ആ സാഹചര്യങ്ങളിൽ സഹായകനാകാനാകൂ.. ഈ ദൈവത്തെ തിരിച്ചറിയാനാകണം ഈസ്റ്റർ ആഘോഷത്തിനു മുൻപുള്ള ഒരുക്കദിനങ്ങളെ കാണേണ്ടത്.

40 ദിവസത്തെ ഉപവാസവും പ്രാർഥനയും കഴിഞ്ഞെത്തിയ യേശുവിനോട് സാത്താൻ ചോദിക്കുന്ന ചോദ്യങ്ങളുണ്ട്. ഭക്ഷണം, വിശ്വാസം, അധികാരം എന്നിവയെക്കുറിച്ചെല്ലാം അവൻ ചോദ്യങ്ങൾ ഉയർത്തിയപ്പോഴും, ഇതെല്ലാം തന്റേതാണെന്ന് അവകാശം ഉന്നയിച്ചപ്പോഴും യേശുവിനറിയാമായിരുന്നു സാത്താൻ ഉയർത്തുന്ന അവകാശവാദങ്ങൾ പൊള്ളയാണെന്ന്. അതുകൊണ്ടുതന്നെ അതിനെ അവഗണിക്കാനും, പരിത്യജിക്കാനും അധികം നിമിഷങ്ങൾ ക്രിസ്തുവിന് വേണ്ടിവന്നില്ല. ക്രിസ്തു മനസ്സിൽ പാകപ്പെടുമ്പോൾ എന്തും നേരിടാനുള്ള ശാന്തമായ മനസ്സും, വെറുക്കപ്പെട്ടതിനെ ഉപേക്ഷിക്കാനുള്ള കരുത്തും ലഭ്യമാക്കപ്പെടും.

അന്വേഷണം ക്രിസ്തുവിലേക്കാവട്ടെ..


എഡിറ്റർ-ഇൻ-ചീഫ് jjadvocatesjy@gmail.com

# ഉള്ളടക്കം



## നിങ്ങൾ കേൾക്കുന്നുണ്ടോ? 06

മാർട്ടിൻ എൻ. ആന്റണി


**06**
നിങ്ങൾ കേൾക്കുന്നുണ്ടോ?
മാർട്ടിൻ എൻ. ആന്റണി

**08**
ജെ.വൈയുടെ സുന്ദര രുചിക്കൂട്ട് - ഈ തലമുറയ്ക്ക് അതിഷ്ടവുമാണ്.
ഡോ. എഡ്‌വേർഡ് എടേഴത്ത്

**10**
LGBTQIA + അറിയേണ്ടതും പറയേണ്ടതും
സാജൻ സി.എ.

**14**
ലൈംഗിക ആകർഷണം - ഒരു പഠനശ്രമം
ആന്റണി സച്ചിൻ

**18**
ആർദ്രമാനസർ അനുഗ്രഹീതർ
ആൽഫ്രഡ് വിൽസൺ

**20**
അവസാനം എഴുതിയത്
അബിന ജോണി

**24**
ഒരു യാത്രാമൊഴി
റോബിൻ സക്കറിയാസ്

**28**
ന്യൂസ് ഹൈലൈറ്റ്സ്
സണ്ണി കോക്കാപ്പിള്ളിൽ

**32**
നെയ്മർ
ജോബി ബേബി

**34**
THE FACE OF THE FACELESS
ലിജി അനിൽകുമാർ

**36**
കുഞ്ഞുമാലാഖയുടെ ദൈവകഥകൾ
ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ

**38**
ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം

**40**
ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**42**
വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

**44**
സ്മാർട്ട് കിഡ്സ് - മിലി ഡ്രസ്സ് ബാങ്ക്
വെങ്കി & സി. ജിയ എം.എസ്.ജെ.

**46**
വഴുതന മാത്തൻ - കാർട്ടൂൺ
സിനിൽ കെ.ജെ



കെയ്റോസ് KAIROS • 2023 MARCH • VOL 22 • ISSUE 03 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org



Kairos MEDIA

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com


കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ / ബഡ്സ് ലഭിക്കാൻ

Online (Malayalam)

Online (English)

Print (Malayalam, English, Buds)

## ഉള്ളടക്കം

10

# റെയിൻബോ ഫ്ളാഗും വിശേഷ ലൈംഗിക ആഭിമുഖ്യങ്ങളും

### കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ

സാജൻ സി.എ.

14

# 'ലൈംഗിക ആകർഷണം'

### ഒരു പഠനശ്രമം

ആന്റണി സച്ചിൻ



### കവർ ചിത്രം

സ്വവർഗരതി കഠിനമായ പാപമാണെന്നാണ് ബൈബിളിൽ വ്യക്തവും സ്പഷ്ടവുമായി പറഞ്ഞുവച്ചിട്ടുള്ളത്. എന്നാൽ, സോദോമിലെയും ഗൊമോറായിലെയും അന്നത്തെ ജനത്തെക്കാൾ കൂടുതൽ ആവേശത്തോടെയാണ് അത്യാധുനികമായ ലോകമിന്ന് ഈ തിന്മയെ മഹത്വവത്ക്കരിക്കുന്നത്. രാഷ്ട്രീയ-ഭരണകർത്താക്കൾ, കലാ-കായിക-സാംസ്കാരിക രംഗത്തുള്ളവർ, ബിസിനസുകാർ, മാധ്യമ പ്രവർത്തകർ, എന്തിനേറെ സന്യസ്തജീവിതം നയിക്കുന്നവരിൽ ചിലരും ലോകത്തിലങ്ങിങ്ങായി ഈ തിന്മയെ പ്രോത്സാഹിപ്പിക്കുംവിധം അതിനെ വാഴ്ത്തുന്ന പ്രവണത ഇന്നു വർധിച്ചു വരുന്ന ഈ സാഹചര്യത്തിലാണ് ക്രിസ്തുവിന്റെ സഭയുടെ സ്നേഹിതരെന്ന നിലയിൽ കെയ്റോസ് മാസികയുടെ കവർ സ്റ്റോറിയായി ഈ ലക്കത്തിൽ ഈ വിഷയം തെരഞ്ഞെടുത്തത്.

മഴവില്ലിന് ഏഴ് നിറങ്ങളാണ് വ്യവസ്ഥാപിതമായി അടയാളപ്പെടുത്തുക; എന്നാൽ, ഗേ പ്രൈഡ് ഫ്ളാഗ് അല്ലെങ്കിൽ റെയിൻബോ ഫ്ളാഗ് എന്ന് പറയപ്പെടുന്ന LGBTയുടെ 1978ൽ രൂപകല്പനചെയ്ത ആദ്യ ഫ്ളാഗിന് എട്ട് നിറങ്ങളായിരുന്നു. പിന്നീട് ഭേദഗതി വരുത്തി 1979 മുതൽ ആറു നിറങ്ങളാക്കി. പ്രകൃതിദത്തമായതിനെയും പരമ്പരാഗതമായതിനെയും വെല്ലുവിളിച്ചുകൊണ്ട് മ്ലേച്ഛ തിന്മയെ പ്രതിനിധീകരിച്ച് ലോകമെങ്ങും ഇന്ന് ആ ഫ്ളാഗ് വാനിലുയർത്തിക്കൊണ്ടിരിക്കുകയാണ്.

സോദോം വിട്ടുപോകുന്ന ലോത്തിന്റെ കുടുംബമാണ് മുഖചിത്രം. പശ്ചാത്തലത്തിൽ അഗ്നിയും ഗന്ധകവും കൂടി ലാവയായി കുത്തിയൊഴുകുന്നു. ലംബമായുള്ള ഗേ പ്രൈഡ് ഫ്ളാഗാണത്; മ്ലേച്ഛതയുടെ പ്രതീകം. തിന്മയെ വാഴ്ത്തുന്ന മാധ്യമങ്ങളെ പ്രതിനിധീകരിക്കുവാനാണ് തകർന്ന ചില്ലിൽ കെയ്റോസ് മാസ്റ്റ്ഹെഡ് വിന്യസിച്ചിരിക്കുന്നത്.

**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org







മാർട്ടിൻ എൻ. ആന്റണി

# നിങ്ങൾ കേൾക്കുന്നുണ്ടോ?

ചില സ്വരങ്ങൾ പരിചിതമായിരിക്കുകയില്ല; പക്ഷേ, അതിൽ രക്ഷയുടെ ധ്വനിയും സ്മൃതിയുടെ വ്യാകരണവും കരുതലിന്റെ വിശുദ്ധിയുമുണ്ടാകും. അതുകൊണ്ടുതന്നെ ആ സ്വരത്തെ അശരീരി എന്ന് വിളിക്കാൻ സാധിക്കില്ല. ഒരു ശരീര സാന്നിധ്യമാണത്. മുൾപ്പടർപ്പിലെ സ്വരത്തിൽ മോശ തിരിച്ചറിയുന്നത് ആ സാന്നിധ്യത്തെയാണ്, അവന്റെ പിതാക്കന്മാരുടെ ദൈവത്തെയാണ്. ഏകനായി കൽപന പുറപ്പെടുവിക്കുന്ന ഒരു ദൈവത്തെയല്ല അവൻ കണ്ടുമുട്ടുന്നത്. മറിച്ച്, തന്നോട് സംസാരിക്കുന്ന ഒരു ദൈവത്തെയാണ്. അതുകൊണ്ടാണ് മുൾപടർപ്പിലെ ആ ശബ്ദത്തിന്റെ സത്യസന്ധതയെ അവൻ ചോദ്യം ചെയ്യാത്തത്. കാരണം അവനറിയാം അവൻ കേൾക്കുന്ന ശബ്ദം സ്വർഗീയമാണെന്ന്.

> **ജീവിതത്തിലെ നിർണായക നിമിഷങ്ങളിൽ മാത്രമല്ല ദൈവസ്വരം കേൾക്കാനാകുന്നത്. കേൾക്കുമ്പോഴൊക്കെ അതിൽ കുറ്റപ്പെടുത്തലും തിരുത്തലും ഉപദേശവും ഇഷ്ടങ്ങളും ഒക്കെയുണ്ടാകും. നിങ്ങളതു കേൾക്കുന്നുണ്ടോ?**

ഒരു മുൾപടർപ്പ് എല്ലാവരുടെയുള്ളിലും കത്തുന്നുണ്ട്. അതിൽനിന്നും ഒരു മൃദുസ്വരം വാചാലമായി നമ്മിൽ പതിയുന്നുമുണ്ട്. ജീവിതത്തിലെ ചില നിർണായക നിമിഷങ്ങളിൽ നമ്മോട് സംസാരിക്കുന്ന ആ സ്വരത്തെ തിരിച്ചറിയാൻ സാധിക്കണം. നമ്മുടെ എല്ലാ വൈഭവങ്ങളുടെയും സിദ്ധികളുടെയും സാകല്യമാണ് ആ സ്വരം. അവ്യക്തമായല്ല ആ സ്വരം വരുന്നത്. നിന്റെ പഥ്യം അനുസരിച്ചുമായിരിക്കില്ല അത് നിന്നോട് സംവദിക്കുക. അസ്വസ്ഥത ഉളവാക്കുന്ന ചില ചോദ്യങ്ങൾ ആ സ്വരത്തിൽ നിന്നും പുറപ്പെടും, അപ്പോൾ നിനക്ക് പ്രതികരിക്കാതിരിക്കാനോ നിരസിക്കാനോ തീരുമാനിക്കാം. വേണമെങ്കിൽ ആ സ്വരത്തിനു മുന്നിൽ നിന്റെ ഹൃദയത്തിന്റെയും ആത്മാവിന്റെയും വാതിലുകളെ കൊട്ടിയടക്കാം. അപ്പോഴും ഓർക്കണം, നിന്റെ ഉള്ളിലെ മുൾപടർപ്പിൽ നിന്നുള്ള സ്വരം ഇല്ലാതാകുന്നില്ല.

മുൾപടർപ്പിലെ സ്വരസാന്നിധ്യവും സംസാരപാഠവമില്ലാത്ത മോശയും വിശുദ്ധ ഗ്രന്ഥത്തിലെ ദൈവത്തെക്കുറിച്ച് നമ്മോട് ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. അവൻ തന്റെ പ്രജകളോട് ആജ്ഞകൾ നൽകുന്ന ഒരു പരമാധികാരിയല്ല, സംഭാഷണത്തിൽ ഏർപ്പെടുകയും ദേഷ്യപ്പെടുകയും തർക്കിക്കുകയും ചെയ്യുന്ന ഉടമ്പടിയുടെ ദൈവമാണ്. അവൻ വാചാലമായ വചനമാണ്, യുക്തിയാണ്, സംവാദമാണ്. അതുകൊണ്ടാണ് അവൻ മോശയുമായി സംഭാഷണത്തിൽ ഏർപ്പെടുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിലേക്ക് സജീവമായി ഇടപെടാൻ ദൈവത്തിന് മോശയുടെ സഹായം ആവശ്യമുണ്ട്. അവരെ രക്ഷിക്കാൻ അവന് അവരുടെ സമ്മതം വേണം, അങ്ങനെ അവരുടെ സുഹൃത്തും കൂട്ടാളിയുമായി മാറണം. അതിനാണ് അവൻ മോശയെ വിളിക്കുന്നത്, ഒരു സൗഹൃദ സംഭാഷണത്തിലൂടെ മനുഷ്യചരിത്രത്തിലേക്ക് ആഴ്ന്നിറങ്ങാൻ. മുൾപടർപ്പിലെ സ്വരമായി ദൈവം മനുഷ്യനിലേക്ക് ഇറങ്ങി വന്നില്ലായിരുന്നെങ്കിൽ, തത്ത്വചിന്തകരുടെ ദൈവമായി, ആശയപ്രേമമായി, കണ്ണെത്താദൂരത്തെ ഒരു നക്ഷത്രമായി അവൻ ഇന്ന് അറിയപ്പെടുമായിരുന്നേനെ.

മോശയുടെ മുൾപടർപ്പനുഭവവും വിളിയും നമുക്ക് നൽകുന്ന ഒരു സന്ദേശമുണ്ട്; അനീതിയുടെ നിലവിളികൾ ദൈവം കേൾക്കും (Cf. പുറ 3,7). അടിമത്തത്തിന്റെ ആഴത്തിൽ നിന്നും നൊമ്പരങ്ങളെ ഓർത്ത് കരയാനുള്ള ശക്തിയും വിശ്വാസവും മാത്രം പോരാ, മോശയെപ്പോലെ ആരെങ്കിലും ഒരാൾ ദൈവസ്വരത്തിന് മുൻപിൽ സമ്മതം നൽകാൻ സന്നദ്ധതയും കാണിക്കണം. അടിമകളെ മോചിപ്പിക്കാൻ വിളിക്കപ്പെട്ട മോശ ഒരു അടിമയല്ല. ഈജിപ്തിലെ നിർബന്ധിത ജോലിക്ക് അവൻ ഇതുവരെയും വിധേയനായിട്ടില്ല. അവൻ പ്രവാസിയായ ഒരു കൂലിപ്പണിക്കാരനാണ്. അപ്പോഴും അവൻ അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ ഭാഗമാണ്. അവരുടെ ഒരു സഹോദരനാണവൻ. അവൻ അടിമത്തത്തിന്റെ കുഴിയിൽ വീണിട്ടില്ല, ആ കുഴിയുടെ അരികിൽ നിൽക്കുകയാണ്. അതിനാൽ അവന് അവരെ കരകയറ്റാൻ സാധിക്കും. കാരണം, അടിമത്തത്തിന്റെ വേദന അവൻ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണല്ലോ ഒരു ഈജിപ്തുകാരനെ കൊല്ലാൻ പോലും അവൻ ധൈര്യപ്പെട്ടത്.

സഹജരുടെ നൊമ്പരവും കഷ്ടപ്പാടുകളും മജ്ജയിലും മാംസത്തിലും അനുഭവമാകുന്നില്ലെങ്കിൽ അവരെ മോചിപ്പിക്കാൻ നമുക്ക് സാധിക്കില്ല. മോശ മുതൽ മദർ തെരേസ വരെയുള്ളവർ തങ്ങൾ കേട്ട സ്വരത്തിനോട് 'ഇതാ ഞാൻ' എന്ന് മറുപടി പറഞ്ഞത് മനുഷ്യനൊമ്പരങ്ങളെ അവർ തങ്ങളുടെ സ്വത്വത്തിലേക്ക് ആഗിരണം ചെയ്തതുകൊണ്ടാണ്. അവർ അടിമത്തത്തിന്റെ കുഴിക്ക് പുറത്തായിരുന്നു. അപ്പോഴും ഹൃദയംകൊണ്ട് അതിന്റെ അടിത്തട്ടിലുള്ളവർക്കൊപ്പവുമായിരുന്നു. തങ്ങളും ആ നൊമ്പരം പേറുന്നവരുടെ ഭാഗമാണെന്ന് അവർ കരുതി. അങ്ങനെ കരയുന്നവരുടെ വേദനയിലൂടെ അവരും കടന്നുപോയി.

അടിച്ചമർത്തപ്പെട്ടവർക്ക് വിമോചകനായി ഒരു ഫറവോയും ചരിത്രത്തിൽ അവതരിച്ചിട്ടില്ല. അവരുടെ മോചനം അവരുടെ ഇടയിൽ നിന്നാണ് വരുന്നത്; അവരുടെ ജനങ്ങളിൽ



**അടിച്ചമർത്തപ്പെട്ടവർക്ക് വിമോചകനായി ഒരു ഫറവോയും ചരിത്രത്തിൽ അവതരിച്ചിട്ടില്ല. അവരുടെ മോചനം അവരുടെ ഇടയിൽ നിന്നാണ് വരുന്നത്**

നിന്ന്, മക്കളിൽ നിന്ന്, സഹോദരരിൽ നിന്ന്, രക്തബന്ധങ്ങളിൽ നിന്ന്. അടിച്ചമർത്തപ്പെട്ടവരുടെ രോഷവും നൊമ്പരവും കഷ്ടപ്പാടുകളും അനുഭവിക്കാതെ, ചില ഫറവോമാരിൽ നിന്നും രക്ഷപ്പെടാൻ പ്രവാസജീവിതം നയിക്കാതെ, അധികാരത്തിലുള്ളവരുടെ കണ്ണിലെ കരടാകാതെ നിങ്ങൾക്ക് ആരെയും രക്ഷിക്കാനാവില്ല. സഹജരുടെ നൊമ്പരങ്ങളെ കണ്ടുകൊണ്ട് 'ഇതാ ഞാൻ' എന്ന് പറഞ്ഞവരെല്ലാവരും മാനസികവും ആത്മീയവുമായ വേദനകളിലൂടെ സ്വയം കടന്നുപോയവരാണ്. ഉള്ളിൽ നിന്നും കേട്ട അനിർവചനീയമായ ഒരു ശബ്ദമാണ് അവരെ ആ പാതയിലേക്ക് നയിച്ചത്. യഥാർഥ മോചനം ജനിക്കുന്നത് ഹൃദയം കീറുന്ന നിലവിളിയിൽ നിന്നും മാത്രമല്ല, ആ നിലവിളിയോട് 'ഇതാ ഞാൻ' എന്നു പ്രത്യുത്തരം പറയുന്ന പച്ച മനസ്സുകളും ഉള്ളതുകൊണ്ടുമാണ്. നിലവിളികൾ ഇപ്പോൾ ഉയരുന്നില്ല. അടിച്ചമർത്തപ്പെട്ടവർ നമ്മുടെയിടയിൽ ഇല്ല എന്നല്ല അതിനർഥം. മറിച്ച്, നിലവിളിക്കാൻ പോലും ശക്തിയില്ലാത്തവർ നമ്മുടെയിടയിൽ വർധിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. അവരുടെ ശബ്ദം ഇപ്പോൾ ആരും കേൾക്കുന്നില്ല. അതുകൊണ്ട് അടിച്ചമർത്തപ്പെട്ടവരെ ഓർത്ത് വ്യാകുലപ്പെടുന്നവരുടെ എണ്ണവും കുറഞ്ഞുവരുന്നു. ഹോറേബ് മലയിലെന്നപോലെ നമ്മുടെ പുൽമേടുകളുടെ പ്രാന്തപ്രദേശങ്ങളിൽ ധാരാളം മുൾപ്പടർപ്പുകൾ കത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിൽ നിന്നും ഒരു സ്വരം നമ്മളോടും പറയുന്നുണ്ട് 'വരൂ, ഞാൻ നിന്നെ അയയ്ക്കാം.' പക്ഷേ, 'ഇതാ ഞാൻ' എന്ന് പറയാൻ പല കാരണങ്ങളും നിരത്തിക്കൊണ്ട് നമ്മളും മടിക്കുന്നു.



ഡോ. എഡ്വേർഡ് എടേഴത്ത്



# ജെ.വൈയുടെ സുന്ദര രുചിക്കൂട്ട്

## ഈ തലമുറയ്ക്ക് അതിഷ്ടവുമാണ്

ഒരു മീറ്റിംഗിനിടെ സീനു പറഞ്ഞ ഒരു കാര്യം ഏറെ ചിന്തയ്ക്കു വകനൽകി, “ജീസസ് യൂത്തിനു എന്തോ ഒരു സവിശേഷ ചേരുവയുണ്ട്. കൊക്കക്കോള പോലെയുള്ള ബ്രാന്റുകളുടെ മുന്തിയ രുചിക്ക് പിന്നിലുള്ള രഹസ്യ ചേരുവപോലെ. എത്രയോ തലമുറയായി, എത്ര ഇടങ്ങളിലായി, ഇപ്പോഴും എവിടെയും ഈ മുന്നേറ്റം  യുവഹൃദയങ്ങൾ കവരാൻ ഇടയാക്കുന്നത് ഈ ചേരുവകൊണ്ടല്ലേ? മറ്റനേകർ ഏറെ ശ്രമിച്ചിട്ടും ഇത് പകർത്താൻ പറ്റിയിട്ടുമില്ല.”

അവിടെ ഉയരുന്ന ചോദ്യം, ജെ.വൈ-ക്ക് അങ്ങനെ ആകർഷകമാക്കുന്ന ഒരു ചേരുവയുണ്ടോ? അങ്ങനെ ഉണ്ടെങ്കിൽ അതെന്താണ്? എന്തായാലും നല്ല ജെ.വൈ ‘സംഭവങ്ങൾക്ക്’ എന്തോ ഒരു മാസ്മരികത ഉണ്ട്. പക്ഷേ എളുപ്പത്തിൽ അത് പറഞ്ഞുവയ്ക്കാനാകുമോ എന്നറിഞ്ഞുകൂടാ.

### അതിനു പിന്നിൽ എത്രയോ ഹൃത്തും മനവും കരവും

മുന്നേറ്റ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു ക്യാമ്പസ് മീറ്റ് 88. എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ മുൻഭാഗം സംസ്ഥാനത്തിന്റെ നാനാഭാഗത്തുനിന്നും എത്തുന്ന ആയിരത്തിലധികം വിദ്യാർഥികളെ സ്വാഗതം ചെയ്യുന്നതിനായി ഒരുങ്ങി. പന്തലിന്റെ മുൻവശത്ത് ഒരുക്കിയ മീൻവലയും പൂക്കളവും ഇന്നും ഞാനോർക്കുന്നു. കോളേജുകളിൽ നിന്നും ഇടവകകളിൽ നിന്നുമുള്ള യുവ നേതാക്കൾ എല്ലാം ശരിയാക്കാൻ എത്രയോ നാൾ തയ്യാറെടുത്തു. അവരോടൊപ്പം വൈദികരും സിസ്റ്റേഴ്സും മുതിർന്നവരുമൊക്കെ കൈകോർത്ത് മാസങ്ങളോളം പ്രവർത്തിച്ചു, പ്രാർഥിച്ചു, ഓരോ ഘടകത്തിനും വിശദമായ പദ്ധതികളൊരുക്കി കഠിനാധ്വാനം ചെയ്തു. നേതാക്കളും പ്രവർത്തകരും തമ്മിൽ ഒരു വേർതിരിവുമില്ലാതെ എല്ലാവരും ആവേശത്തോടെ ഒന്നിച്ചൊരുങ്ങി.

സമ്മേളനം തന്നെ ഏറെ സവിശേഷമായാണ് വിഭാവന ചെയ്യപ്പട്ടത്. എന്തായിരുന്നു ഉള്ളടക്ക ഫോക്കസ്? കെറിഗ്മയോ അതോ ആഴത്തിലുള്ള രൂപീകരണമോ? തീർച്ചയായും അത് വേർതിരിച്ചറിയാൻ പ്രയാസമായിരുന്നു; അത് എല്ലാ തലങ്ങളിൽ ഉള്ളവർക്കും അത് അനുയോജ്യമായിരുന്നു. പിന്നെ, പാട്ടുകൾ, സംഗീതം, സ്കിറ്റുകൾ, പ്രസംഗങ്ങൾ, വിശുദ്ധ കുർബാന, കുമ്പസാരം, ഗ്രൂപ്പ് സെഷനുകൾ തുടങ്ങി സാധാരണ ചേരുവകൾ ഒക്കെയുണ്ടായിരുന്നു. തെയ്സെയിലെ ബ്ര. ഗിലാൻ, ഫൊക്കോലാരെ മുന്നേറ്റത്തിൽ നിന്ന് രണ്ടുപേർ, അവരുടെ സെഷനുകളും. ഒരു കാര്യം എടുത്തു പറയട്ടെ, ഏതൊരു ക്ലാസ്സുകളെക്കാളും പലരെയും ഏറെ സ്പർശിച്ചത് വോളന്റിയർമാരും സമ്മേളനത്തിൽ പങ്കാളികളായ സജീവ ജീസസ് യൂത്തിന്റെ പെരുമാറ്റവും ആയിരുന്നു. അതിന്റെ സദ്ഫലങ്ങളോ? ഈ നാലു ദിനങ്ങൾക്ക് ശേഷം മടങ്ങിയെത്തിയപ്പോൾ നൂറുകണക്കിന് കാമ്പസുകളിൽ കൂട്ടായ്മകൾ രൂപാന്തരപ്പെട്ടു.

### എന്ത് നൽകുന്നു എന്നതല്ല, എങ്ങനെ കൊടുക്കുന്നു എന്നതാണ് പ്രധാനം

ഉള്ളടക്കത്തിനുപകരം പാക്കേജിംഗിനോ ഭക്ഷണ അലങ്കാരത്തിനോ വേണ്ടി തത്ര

**അവർ ഏറ്റവും വെറുക്കുന്നത് വിരസതയെയല്ലേ? പലരും പള്ളിയിൽ നിന്നും ആത്മീയ പ്രവർത്തനങ്ങളിൽ നിന്നും ഓടിപ്പോകുന്നതിനു കാരണം ഇതല്ലേ?**

---

പ്പെടുന്നു എന്ന പേരിൽ നമ്മൾ ചിലരെ കളിയാക്കാറുണ്ട്. ഇവിടെ യേശുവിന്റെ വിപ്ലവകരമായ സമീപനം ഓർക്കേണ്ടതാണ്. അദ്ദേഹം പഠിപ്പിച്ചത് മറ്റ് അധ്യാപകരെപ്പോലെയല്ല, ക്രിയാത്മക പ്രവൃത്തിയും സ്നേഹബന്ധങ്ങളും ഭാവാത്മക സംസാരവുമെല്ലാം ആ പഠന രീതിയിൽ സമന്വയിച്ചു. "പുതു വീഞ്ഞ് പുതിയ തോൽക്കുടത്തിൽ വേണം" എന്ന് യേശു പറഞ്ഞതിൽ അതിശയിക്കാനില്ല. കനേഡിയൻ എഴുത്തുകാരനായ മാർഷൽ മക് ലൂഹന്റെ പ്രസിദ്ധമായ വാക്കുകൾ ഇതുമായി ഒത്തുപോകുന്നു. 'മാധ്യമമാണ് സന്ദേശം.' അല്ലെങ്കിൽ നൽകുന്ന സന്ദേശത്തെക്കാൾ നമ്മൾ വിനിമയം നടത്തുന്ന രീതി സന്ദേശത്തിന്റെ കാര്യക്ഷമതയെ നിർണയിക്കുന്നു. തീർച്ചയായും, ജെ.വൈ മാന്ത്രിക ഘടകത്തിന് ഈ "എങ്ങനെ" എന്നതുമായി അടുത്ത ബന്ധമുണ്ട്.

ഇക്കാര്യത്തിൽ മുന്നേറ്റത്തിന്റെ മധ്യസ്ഥൻ വി. ഫ്രാൻസിസ് നമ്മുടെ നല്ല വഴികാട്ടിയാണ്. "എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക; ആവശ്യമെങ്കിൽ വാക്കുകളും ഉപയോഗിക്കുക. 'ഞാൻ മാതാപിതാക്കളോട് ചോദിക്കാറുണ്ട്, കുട്ടികൾ ഏറ്റവും വെറുക്കുന്നത് എന്താണ്? ആരെങ്കിലും ഉത്തരം പറയും, 'ഉപദേശം' അത് ശരിയാണ്, അവർ പ്രസംഗത്തെയും അധികം വാക്കുകളെയും വെറുക്കുന്നു. എന്നാൽ ഞാൻ കൂട്ടിച്ചേർക്കും, അവർ ഏറ്റവും വെറുക്കുന്നത് വിരസതയെയല്ലേ? പലരും പള്ളിയിൽ നിന്നും ആത്മീയ പ്രവർത്തനങ്ങളിൽ നിന്നും ഓടിപ്പോകുന്നതിനു കാരണം ഇതല്ലേ? ഒരു നല്ല ജെ.വൈ പരിശീലനത്തിലെ വ്യത്യാസമെന്തെന്നാൽ ആരെങ്കിലും തങ്ങളെ പഠിപ്പിക്കുന്നതായി യുവാക്കൾക്ക് അപൂർവമായേ തോന്നൂ. മറിച്ച് ഹൃദ്യതയാർന്ന ചില ആളുകളുമായി രസകരമായ രീതിയിൽ ആഹ്ലാദവേളകൾ ചെലഴിക്കുന്നു. ആ സമയത്ത് മറക്കാനാവാത്ത പാഠങ്ങൾ അവർ പഠിക്കുകയും ചെയ്യുന്നു. നാം കേട്ടിട്ടുള്ളതുപോലെ "മൂല്യങ്ങൾ ഓതി കൊടുക്കുകയല്ല അത് സ്വാംശീകരിക്കുകയാണ്."

കഴിഞ്ഞയാഴ്ച കുറച്ച് ദൂരെ ഒരു ഇടവകയിലേക്ക് ഞങ്ങൾ ഒരു ഔട്ട്-റീച്ചിന് പോയി, ഏതാണ്ട് പന്ത്രണ്ടോളം പേർ. നേരത്തെ തന്നെ സിന്ധു ഞങ്ങളോട് സൂചിപ്പിച്ചിരുന്നു ആ ഹൈസ്കൂൾ കുട്ടികളെല്ലാം പ്രശ്നബാധിതരായ വീടുകളിൽ നിന്നുള്ളവരാണ്. തുടക്കത്തിൽ എല്ലാവരും സ്വയം പരിചയപ്പെടുത്തി. ആ സമയത്ത് അവരുടെ ഇരിപ്പു കാണണം, ഒരു വികാരവുമില്ലാതെ! എന്തായാലും പെട്ടെന്ന് കുറച്ച് ഭക്ഷണമെല്ലാം കഴിച്ച് എല്ലാവരെയും കളികൾക്കായി പുറത്തേക്ക് കൊണ്ടുപോയി. ഞങ്ങളുടെ കൂട്ടത്തിലുള്ള ജെഫ് അതിനെല്ലാം വിദഗ്ധനാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഗ്രൂപ്പിന്റെ അന്തരീക്ഷം ആകെ മാറി, പൊട്ടിച്ചിരിയും ആവേശവും മത്സരങ്ങൾക്കുള്ള ഗ്രൂപ്പു പ്ലാനിങ്ങും ഒക്കെയായി. ഞങ്ങളും അവരും എല്ലാവരും ഒരു സുന്ദര കൂട്ടായ്മയായി. നീണ്ട ആ വിനോദ വേളയ്ക്കുശേഷം എല്ലാവരും ഹാളിൽ എത്തി. പിന്നെ സിമിയുടെ വിഷയാവതരണം, "സ്നേഹ പിതാവിനോടുള്ള സംസാരം." ഓരോ പോയിന്റിനു ശേഷവും ടീമിലെ ഓരോരുത്തരെ മുന്നിലേയ്ക്ക് വിളിച്ച് അവരുടെ പ്രാർഥനാരീതി പങ്കുവയ്ക്കാൻ പറയും. അവസാനം ഞാനും ചില കാര്യങ്ങൾ പറഞ്ഞു. തുടർന്ന് പള്ളിയിലേയ്ക്ക്. അവിടെ അൽപം നിശ്ശബ്ദ സമയം. തുടർന്ന് വിശുദ്ധ കുർബാന. എല്ലാം ഏറെ ഹൃദ്യവും സുന്ദരവുമായി കടന്നുപോയി.

തീർത്തും ലളിതമെങ്കിലും ഏവർക്കും അത് മനോഹരമായ ഒരു അനുഭവമായിരുന്നു, അവിടെയുള്ള കുട്ടികൾ അത് വളരെ ഇഷ്ടപ്പെട്ടു. മുഴുസമയവും കൂടെയുണ്ടായിരുന്ന അവിടത്തെ അച്ചന്റെ സന്തോഷം കാണേണ്ടതായിരുന്നു, പ്രശ്ന കലുഷിതമായ ആ സ്ഥലത്തെ കുട്ടികളിൽ ഒരു പുതു ചലനം കണ്ടതിലെ അത്ഭുതവും വലിയ പ്രതീക്ഷയും. ഇനി ഇപ്പോൾ ആഗ്രഹം, എല്ലാവരുമായും ഒരു വാരാന്ത്യം ചെലവഴിക്കാൻ ഇങ്ങോട്ട് വരിക എന്നതാണ്. അവിടെ ഒരു ജീസസ് യൂത്ത് സ്നേഹ കൂട്ടായ്മയുടെ സ്വപ്നവുമായി ഇവിടെയുള്ളവരും.

## ഒരു സ്നേഹസമൂഹം ക്രിയാത്മക വഴികളിൽ കൂട്ടായ്മ പണിയുന്നു

ജീസസ് യൂത്ത് ഒരു പരിപാടിയും ആവർത്തിക്കാറില്ല! അതിനാൽ തന്നെ അത് ഒരുക്കുന്നവർക്ക് ഓരോ പടിയും പുത്തൻ അന്വേഷണവും കണ്ടെത്തലും വേണ്ടിവരുന്ന ഒരു പുതിയ വെല്ലുവിളിയാണ്. അതിൽ പങ്കെടുക്കുന്നവർക്കോ, അത് വലിയ മാറ്റത്തിന്റെ ആത്മസ്പർശനം ലഭിക്കുന്ന പുത്തൻ അനുഭവവും. ജെ.വൈ യുടെ ഒരു ചെറിയ പരിപാടിക്കുപോലും പുതിയ പേരും സമയക്രമവും പ്രോഗ്രാം രീതികളുമൊക്കെ ചർച്ചചെയ്ത് പ്രാർഥിച്ചു കണ്ടെത്തും. അതൊരുക്കുന്നവർക്ക് ഒരജ്ഞാത നാട്ടിലേയ്ക്കുള്ള യാത്ര പോലെയാണത്. ആ കൈകോർക്കലും ഹൃദയമുരുകലും അവരെ ഒന്നാക്കി പറഞ്ഞയക്കും.

ചിലപ്പോൾ ഏതെങ്കിലും യുവാക്കളുടെ ഫോൺ വിളിവരും, "ഞങ്ങൾ ഒന്ന് വരട്ടേ? ഇടവകയിലെ ഒരു ഏകദിന പരിപാടി തയ്യാറാക്കാനാണ്." ഒരു ഏകദേശ പ്ലാനുമായി കുറച്ചുപേർ വരും, ചർച്ചയിലൂടെ ആ പരിപാടിക്കും അതിന്റെ തയ്യാറെടുപ്പിനും ഫോളോ അപ്പിനും ഒക്കെ ഒരുക്കമാകും. ചിലർ ചിന്തിച്ചേക്കാം, ജീസസ് യൂത്തിനു ഇതിനെല്ലാം ഒരു സ്റ്റാൻഡേർഡ് പ്ലാൻ ഉണ്ടാക്കിയാൽ പോരേ? ഓരോ പ്രാവശ്യവും "ചക്രം വീണ്ടും കണ്ടുപിടിക്കണോ?" പക്ഷേ, നേരെ മറിച്ചാണ്. മുന്നേറ്റത്തിലെ ഏറ്റം നല്ല നേതൃപരിശീലനവും വിശ്വാസ രൂപീകരണവും ഈ യുദ്ധമുഖത്താണ്. അതിലുമപ്പുറം ഇവിടെയാണ് കൂട്ടായ്മ രൂപപ്പെടുന്നത്. ഇവരുടെ സ്നേഹവും ലാളിത്യവും അവർ ചെല്ലുന്നിടത്ത് സ്നേഹ സമൂഹങ്ങൾ രൂപപ്പെടുത്തുകയും ചെയ്യും.

യേശു എന്ന മിഷണറിയെ പറഞ്ഞയച്ച ആ സ്നേഹകൂട്ടായ്മയുടെ സ്വപ്നവും എവിടെ എല്ലാവരും ഒരു സ്നേഹ ശൃംഖലയാകണം എന്നതായിരുന്നില്ലേ? ഇതുതന്നെയാണ് ജീസസ് യൂത്ത് സംസ്കാരവും എല്ലാ പ്രവർത്തനങ്ങളുടെ ലക്ഷ്യവും. മറ്റെന്തിനേക്കാളും അടുപ്പത്തിന്റെയും സന്തോഷത്തിന്റെയും ഈയനുഭവം മുന്നേറ്റത്തിന്റെ എല്ലാറ്റിനെയും വ്യത്യസ്തമാക്കുന്നു. ഒത്തുകൂടലുകളിലും പരിപാടികളിലും സന്തോഷവും അനൗപചാരികതയും നിറയുന്ന ഒരു കുടുംബ ചൈതന്യം ജീസസ് യൂത്ത് പരിപാടികളെ ഏറെ വ്യത്യസ്തമാക്കുന്നു. അങ്ങനെ, വിരസമായ പ്രസംഗങ്ങളോ ആചാരബദ്ധമായ പ്രാർഥനകളോ നിർബന്ധിച്ചു ചെയ്യിപ്പിക്കലോ ഇല്ലാതെ അതിനു പകരം, ആഹ്ലാദഭരിതരായ കുറേപേർ ഹൃദ്യമായ കുടുംബ അനുഭവവും, വ്യക്തിപരമായ ചിന്തകളും പങ്കുവയ്ക്കുന്ന നിമിഷങ്ങളാണ് ജെ.വൈ പരിപാടികൾ. അത് ഒരാൾക്ക് നൽകുന്നതോ സൗമ്യസുന്ദരമായ ബന്ധങ്ങളും സ്നേഹനിധിയായ പിതാവുമായി അടുക്കാനുള്ള അസുലഭാവസരവും.

ഈ ഒരു രുചിക്കൂട്ടല്ലേ മുന്നേറ്റത്തെ വ്യത്യസ്തമാക്കുന്നത്? ഈ സംസ്കാരം നിലനിറുത്തുന്ന നിമിഷങ്ങളാകുമ്പോൾ ജീസസ് യൂത്ത് 'സംഭവങ്ങളും' ആ സ്വാദുറ്റ ചേരുവ ഉൾകൊള്ളുന്നതാകും ||

കവർ സ്റ്റോറി



സാജൻ സി.എ.

# LGBTQIA+

## അറിയേണ്ടതും പറയേണ്ടതും

എന്താ ആരുമൊന്നും മിണ്ടാത്തത്? ചിലയിടത്ത് ചൂടുപിടിച്ച ചർച്ചകളും അതിനിടയിൽ പുകയുന്ന തലകളും. ചിലയിടത്തോ നിസ്സംഗതയും. ബഹുഭൂരിപക്ഷം വരുന്നവർ ഞങ്ങൾ ഈ നാട്ടുകാരല്ലേയ് എന്ന മട്ടിലാണ്. നിസ്സംഗതയ്ക്ക് വലിയ വിലകൊടുക്കേണ്ടിവരും. മനുഷ്യമനഃസാക്ഷിയെ കലുഷിതമാക്കാനും സാംസ്കാരിക അപചയത്തിനും കോപ്പുകൂട്ടുന്ന കൂട്ടരെല്ലാം LGBTQIA+ എന്ന സംഗതിയെക്കുറിച്ച് സമൂഹമാധ്യമ വഴികളിലെല്ലാം മൈക്കുകെട്ടി വാക്പയറ്റുകൾ അരങ്ങേറുകയാണ്. സഭ്യമായതിനേക്കാൾ അസഭ്യമായ വികാര പ്രകടനങ്ങളാണ് കമന്റുകളിൽ നിറയുന്നത്. ഇതൊക്കെ കാണുമ്പോഴും കേൾക്കുമ്പോഴും ഒരു ശരാശരി മനുഷ്യന്റെയുള്ളിൽ ഒറ്റ ചോദ്യമേയുള്ളൂ. LGBTQIA+ നമ്മളോട് എന്താണ് പറയുന്നത് ? എന്താണ് നാം മനസ്സിലാക്കേണ്ടത് ?

ഈ വിഷയത്തെ കത്തോലിക്കാ സഭയുമായി ബന്ധപ്പെടുത്തിയുള്ള പരാമർശങ്ങളേറെയുണ്ട്. ഗൗരവമുള്ള വിഷയങ്ങളിലുള്ള സഭയുടെ നിലപാടുകൾക്ക് മാറ്റം വന്നിരിക്കുന്നുവെന്നും, ലൈംഗിക അരാജകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നവ സാമൂഹിക സംവിധാനങ്ങളോട് സഭ പക്ഷം ചേരുന്നുവെന്നും ധ്വനിപ്പിക്കുന്ന വിധത്തിലുള്ള ആശയപ്രചാരണങ്ങൾ ഒട്ടും ആശാസ്യമല്ല. സഭയ്ക്കെതിരായ ഇത്തരം വാദങ്ങൾക്കും ആരോപണങ്ങൾക്കുമൊക്കെ ചരിത്രത്തോളം പഴക്കമുണ്ട്. ഇത്തരം വാദങ്ങളെല്ലാംതന്നെ വെറും വാദങ്ങളായി മാത്രം നിലനിൽക്കുന്നുവെന്നതാണ് സത്യം. കാരണം, എല്ലാക്കാലത്തും സഭയ്ക്കെതിരെയുള്ള ആരോപണങ്ങൾക്കും ദുഷ്പ്രചരണങ്ങൾക്കും വ്യക്തവും കൃത്യവുമായ മറുപടി സഭയ്ക്കുണ്ട്.

എന്തായിരുന്നാലും അതീവ ഗൗരവതരമായ LGBTQIA+ എന്ന വിഷയത്തെക്കുറിച്ച്, ആധികാരികമായും വസ്തുനിഷ്ഠമായും ജനങ്ങളെ ഉദ്ബോധിപ്പിക്കുന്ന രീതിയിൽ മത, സാമൂഹിക, സാംസ്കാരിക മേഖലകളിൽ നിന്നോ ആധ്യാത്മിക വഴികളിൽ നിന്നോ ലേഖനങ്ങളോ പഠനങ്ങളോ പ്രബോധനങ്ങളോ ഒന്നും തന്നെ നമുക്ക് ലഭിക്കുന്നില്ലായെന്നുള്ളത് ഏറെ ഖേദകരമാണ്. പണ്ഡിതന്മാരും എത്രയോ വിഷയങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച അഗ്രഗണ്യരായ വൈദികരും സമർപ്പിതരും ഗവേഷകരുമൊക്കെയുള്ളതാണ് കത്തോലിക്കാ സഭ. ഉത്തരം നൽകാനോ, വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നൽകാനോ കഴിയാത്തതായി ഏതെങ്കിലും വിഷയങ്ങൾ സഭയ്ക്കുണ്ടോ? ഭയമോ, അറിവില്ലായ്മയോ അതോ തീരുമാനിച്ചുറപ്പിച്ച നിസ്സംഗതയോ നിർവികാരതയോ എന്താണിതിനു പിന്നിലെന്ന് എത്ര ആലോചിച്ചിട്ടും ഒരു പിടിത്തവും കിട്ടുന്നില്ല.

ചില വ്യക്തികളെ കൂടി ഈ സാഹചര്യത്തിൽ എടുത്തു പറയേണ്ടതുണ്ട്. ഒന്ന്, കെ.സി.ബി.സി ജാഗ്രത കമ്മീഷൻ സംഘടിപ്പിച്ച 'പ്രബുദ്ധം' എന്ന പേരിലുള്ള വെബിനാറിൽ ക്ലാസ്സ് നയിക്കാനെത്തിയ, മംഗലപ്പുഴ സെമിനാരിയുടെ മുൻ റെക്റ്റർ **റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ** അച്ചനാണ്. കത്തോലിക്ക സഭയുടെ നിലപാടുകളെക്കുറിച്ചുള്ള അച്ചന്റെ സ്ഫുടംചെയ്ത വാക്കുകൾ കേൾക്കാതെ പോകരുത്. രണ്ടാമത്തെയാൾ മുൻ MLAയും മുസ്ലിം ലീഗ് നേതാവുമായ **ശ്രീ. കെ.എം. ഷാജി**യാണ്. ഈ വിഷയത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ സോഷ്യൽ മീഡിയായിലെ തന്റെ എഴുത്തിലൂടെ ധൈര്യപൂർവം പ്രകടിപ്പിച്ച അദ്ദേഹത്തിന്റെ വാക്കുകൾ വായിക്കുക തന്നെ വേണം.

മറ്റൊന്ന് മാധ്യമങ്ങൾക്ക് നേരെയുള്ള ഒരു വിരൽചൂണ്ടലാണ്. വാർത്തകൾ നൽകുമ്പോൾ മാധ്യമങ്ങൾ മിതത്വം, മാന്യത, ജീവനോടുള്ള ആദരവ്... സംരക്ഷിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടുള്ള **ശ്രീ. സാബു ജോസിന്റെ** കുറിപ്പാണ്. ചില പ്രസവങ്ങൾക്ക് അനർഹമായ വാർത്താ പ്രാധാന്യം നൽകുന്നത് സമൂഹത്തിൽ തെറ്റിദ്ധാരണ ഉണ്ടാക്കുവാൻ ഇടവരുത്തുമെന്നുള്ള ഓർമപ്പെടുത്തലാണ് സാബുവിന്റെ വാക്കുകളിൽ.

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ജാഗ്രതാ കമ്മീഷൻ ഈ വിഷയത്തെ അടിസ്ഥാനമാക്കി പുറപ്പെടുവിച്ച ഒരു പ്രബോധനമാണ് ഈയവസരത്തിൽ ഉയർത്തി കാട്ടുവാനായുള്ളത്. അതിവിടെ പ്രസിദ്ധീകരിക്കുന്നത് ഏറെ ഉചിതവും ഒരുപാട് തിരിച്ചറിവുകൾ ലഭിക്കുവാൻ ഉതകുന്നതുമാണെന്നു കരുതുന്നു. ശ്രദ്ധാപൂർവമുള്ള വായനയ്ക്കും വിചിന്തനത്തിനും ഏവരെയും ക്ഷണിക്കുന്നു.



# റെയിൻബോ ഫ്ളാഗും വിശേഷ ലൈംഗിക ആഭിമുഖ്യങ്ങളും

## കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ

സമീപകാലത്ത്, പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പയുടെ ചില പരാമർശങ്ങളുടെ വെളിച്ചത്തിൽ LGBT കമ്മ്യൂണിറ്റിയും അവരുടെ അവകാശവാദങ്ങളും, സ്വവർഗ വിവാഹവും തുടങ്ങിയ വിഷയങ്ങളിൽ സഭയുടെ നിലപാടുകൾക്ക് മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു എന്നും, കത്തോലിക്കാ സഭ അത്തരം ആവശ്യങ്ങളെ ഭാഗികമായെങ്കിലും അംഗീകരിക്കുന്നു എന്നും മറ്റുമുള്ള വാദങ്ങൾ ഉയർന്നുകാണാറുണ്ട്. സഭയുടെ പ്രബോധനങ്ങളും പാരമ്പര്യങ്ങളും തിരുത്തിക്കുറിക്കാനുള്ള ചിലരുടെ വ്യഗ്രതയാണ് അത്തരം ആശയ പ്രചാരണങ്ങളിലൂടെ വെളിപ്പെടുന്നത്. എന്നാൽ, എക്കാലവും സഭയ്ക്ക് ഇത്തരം വിഷയങ്ങളിൽ വ്യക്തവും കൃത്യവും അചഞ്ചലവുമായ നിലപാടുകളാണ് ഉള്ളത്.

ഈ വിഷയത്തിലുള്ള ആശയക്കുഴപ്പങ്ങൾക്ക് പ്രധാന കാരണം, പലപ്പോഴും വ്യക്തിഗത ആഭിമുഖ്യങ്ങളും അവർ ഉന്നയിക്കുന്ന അവകാശവാദങ്ങളും വേർതിരിച്ച് ചർച്ച ചെയ്യപ്പെടുന്നില്ല എന്നുള്ളതാണ്. വാസ്തവത്തിൽ രണ്ടു വീക്ഷണകോണുകളിലൂടെ ചർച്ച ചെയ്യപ്പെടേണ്ട ആഴമുള്ള വിഷയമാണ് ഇത്. LGBT എന്ന് മുമ്പും, LGBTQIA + എന്ന് ഇക്കാലത്തും വിശേഷിപ്പിക്കപ്പെടുന്ന വിശേഷ ലൈംഗിക ആഭിമുഖ്യങ്ങൾ പേറുന്നവർക്കും, അവരുടെ അവകാശങ്ങൾക്കായുള്ള നീക്കങ്ങൾക്കും ഏറെ വർഷങ്ങളുടെ ചരിത്രമുണ്ട്. അത്തരം വ്യക്തികളുടെ കൂട്ടായ്മയെയോ, അവർ നയിക്കുന്ന മുന്നേറ്റങ്ങളെയോ സൂചിപ്പിക്കാൻ ലോക വ്യാപകമായി ഇന്ന് ഉപയോഗിക്കപ്പെടുന്ന റെയിൻബോ ഫ്ളാഗ് ആദ്യമായി പ്രദർശിപ്പിക്കപ്പെട്ടത് 1978ലാണ്. വിശേഷ ലൈംഗിക ആഭിമുഖ്യമുള്ള എല്ലാവരെയും ഉൾക്കൊള്ളുന്നത് എന്ന സന്ദേശമാണ് മഴവിൽ നിറങ്ങൾ കൊണ്ട് രൂപപ്പെടുത്തിയ ആ ഫ്ളാഗ് നൽകുന്നത്. വിവിധ അനുബന്ധ ആശയങ്ങളെ ഉൾക്കൊള്ളുന്ന രീതിയിൽ ചില വകഭേദങ്ങൾ റെയിൻബോ ഫ്ളാഗിന് പിൽക്കാലത്ത് ഉണ്ടായിട്ടുണ്ട്.

ജർമനി പോലുള്ള ചില യൂറോപ്യൻ രാജ്യങ്ങളിൽ കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ റെയിൻബോ ഫ്ളാഗ് ദേവാലയ പരിസരങ്ങളിൽ പ്രദർശിപ്പിക്കാനുള്ള ശ്രമങ്ങൾ വിവാദമായിരുന്നു. അതിന്റെ തുടർച്ചയെന്നോണം, ഈ ഫ്ളാഗിന്റെ വർണങ്ങളും ആശയവും ഉൾക്കൊള്ളുന്ന ഒരു നക്ഷത്രം ഈ ക്രിസ്തുമസ് കാലത്ത് കേരളത്തിലെ ഒരു കത്തോലിക്കാ ദേവാലയത്തിലും ഉയർത്തപ്പെട്ടത് ഇവിടെയും വിവാദങ്ങൾ സൃഷ്ടിച്ചു. അതിനോടനുബന്ധമായി പ്രചരിക്കപ്പെട്ട ആശയങ്ങളിൽ പലതും കത്തോലിക്കാ സഭയുടെ നിലപാടുകൾക്കും പ്രബോധനങ്ങൾക്കും വിരുദ്ധമാണ്.

ചരിത്രവും ഉപയോഗവും പ്രകാരം റെയിൻബോ ഫ്ളാഗ് പ്രതിനിധീകരിക്കുന്നത് LGBT സംബന്ധമായ അവകാശങ്ങൾ ഉന്നയിക്കുന്ന ഒരു വിഭാഗത്തെയാണ് എന്നുള്ളത് വ്യക്തമാണ്. അത്തരം ചിലരെക്കുറിച്ചോ, അവരുടെ അവകാശ വാദങ്ങളെക്കുറിച്ചോ, ആവശ്യങ്ങളെക്കുറിച്ചോ അനുകൂലമായ നിലപാടുകൾ സഭയ്ക്ക് ഉണ്ടായിട്ടില്ല. മറിച്ച്, വ്യക്തികളുടെ അന്തസ്സിനെയും മൂല്യത്തെയും പരിഗണിച്ചുകൊണ്ട് അവരെ

# സ്വവർഗ വിവാഹങ്ങളെ കത്തോലിക്കാ സഭയ്ക്ക് അനുവദിക്കാനാവില്ല.

ദൈവത്തിന് പാപത്തെ അനുഗ്രഹിക്കാൻ കഴിയില്ല എന്നതിനാൽ സ്വവർഗ വിവാഹം അനുവദിക്കാൻ സഭയ്ക്ക് കഴിയില്ല.

വത്തിക്കാനിലെ യാഥാസ്ഥിതിക കാര്യാലയമായ കോൺഗ്രിഗേഷൻ ഫോർ ദി ഡോക്ട്രിൻ ഓഫ് ദി ഫെയ്ത്തിൽ നിന്നുള്ള ഒരു ഔദ്യോഗിക പ്രതികരണത്തിൽ, ഒരേ ലിംഗത്തിലുള്ളവർ തമ്മിലുള്ള വിവാഹത്തിന് അനുഗ്രഹം നൽകാൻ സഭയ്ക്ക് അധികാരമുണ്ടോ എന്ന ചോദ്യത്തിന്, 'നെഗറ്റീവ്' എന്ന് ഉത്തരവിൽ പറഞ്ഞു.

ഏഴ് ഭാഷകളിൽ പ്രസിദ്ധീകരിച്ചതും ഫ്രാൻസിസ് മാർപാപ്പ അംഗീകരിച്ചതുമായ രണ്ട് പേജുള്ള വിശദീകരണത്തിൽ, 'ഒരേ ലിംഗത്തിലുള്ളവരുടെ വിവാഹങ്ങളെ ആശീർവദിക്കാനുള്ള അധികാരം സഭയ്ക്കില്ല, ഉണ്ടായിരിക്കാൻ കഴിയില്ല' എന്ന് പറഞ്ഞു.

*(Reported by Independent News UK on 16 March 2021)*



കരുണയോടെ ചേർത്തു നിറുത്തണമെന്ന നിലപാടാണ് സഭ അനുവർത്തിച്ചിട്ടുള്ളത്. അതിനാൽത്തന്നെ, തെറ്റിദ്ധാരണാജനകവും, ആശയക്കുഴപ്പങ്ങൾക്ക് കാരണമാകുന്നതും, തെറ്റായ സന്ദേശം നൽകുന്നതുമാണ് ഈ ഫ്ളാഗിന്റെ ഇത്തരത്തിലുള്ള ഉപയോഗം എന്നതിൽ സംശയമില്ല.

## സ്വവർഗ വിവാഹത്തെക്കുറിച്ചുള്ള സഭയുടെ നിലപാട്

കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളും പഠനങ്ങളും അനുസരിച്ച്, ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിലുള്ള ഉടമ്പടിയാണ് വിവാഹം. സ്വാഭാവിക ലൈംഗിക ആഭിമുഖ്യം ഇതര ലിംഗങ്ങളിലുള്ള രണ്ടുപേർ തമ്മിലാണ് (heterosexual orientation) എന്നതാണ് വിവാഹം എന്ന ആശയത്തിന്റെ അടിത്തറ പോലും. കത്തോലിക്കാ സഭയിൽ വിവാഹം സാധുവാകുന്നത് ഈ അടിസ്ഥാനത്തിൽ മാത്രമാണ്. വിവാഹത്തിന്റെ ലക്ഷ്യം കുടുംബങ്ങളുടെ രൂപീകരണമാണ് എന്നുള്ളതാണ് ഏറ്റവും പ്രധാനമായ കാര്യം. മാതാപിതാക്കളും മക്കളും ഉൾപ്പെടുന്ന കുടുംബ സങ്കൽപമാണ് മാനവരാശിയുടെ തന്നെ അടിത്തറ. കുടുംബങ്ങൾ രൂപീകരിക്കപ്പെടാത്ത, സ്വാഭാവിക ലൈംഗികതയ്ക്ക് സ്ഥാനമില്ലാത്ത, സന്താനോത്പാദനം എന്നൊരു ലക്ഷ്യമില്ലാത്ത ഒരു ബന്ധത്തെ വിവാഹമെന്ന് വിളിക്കാനാവില്ല എന്നതാണ് സഭയുടെ നിലപാട്.

## വിശേഷ ലൈംഗിക ആഭിമുഖ്യമുള്ളവരെയും സഭ ഉൾക്കൊള്ളുന്നു

സ്വവർഗ ലൈംഗിക ആഭിമുഖ്യം ഉള്ളവരുടെ ലൈംഗിക പ്രവൃത്തികൾ, ബന്ധങ്ങൾ തുടങ്ങിയവ സഭ അംഗീകരിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നില്ലെങ്കിലും, വ്യക്തികൾ എന്ന നിലയിൽ അവരെ ഉൾക്കൊള്ളുകയും, വ്യക്തിയുടെ മഹത്വത്തെ അംഗീകരിക്കുകയും, അവരെ ചേർത്തുനിറുത്തുകയും ചെയ്യുന്നു. വ്യക്തികൾ എന്ന നിലയിൽ അവർ ആദരിക്കപ്പെടുകയും അവരുടെ മാനുഷിക അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും ചെയ്യണമെന്നാണ് സഭയുടെ കാഴ്ചപ്പാട്. അവർക്ക് സമൂഹജീവിതവും ആത്മീയ ജീവിതവും സഭാജീവിതവും ഉണ്ടാകണമെന്ന് സഭ ആഗ്രഹിക്കുന്നു. അതേസമയം, LGBT കൂട്ടായ്മകളുടെ പ്രത്യേകമായ അവകാശവാദങ്ങൾ, പ്രചാരണങ്ങൾ, മുന്നേറ്റങ്ങൾ തുടങ്ങിയവയെ എക്കാലവും സഭ എതിർക്കുന്നു. ചുരുക്കത്തിൽ, വ്യക്തികൾ എന്ന നിലയിൽ അവരെ അംഗീകരിക്കുന്നുവെങ്കിലും, അവരുടെ പ്രവൃത്തികളെ സ്വീകാര്യമോ ആശാസ്യമോ ആയി കരുതുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. സ്വവർഗ വിവാഹം എന്ന പദപ്രയോഗം സഭയ്ക്കില്ല. വിവാഹത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളായ പൂർണമായ അർഥത്തിലുള്ള പരസ്പര സമർപ്പണം, സന്താനോത്പാദനം എന്നിവ സ്വവർഗ ബന്ധങ്ങളിൽ ഇല്ല എന്നതിനാൽ, അത്തരക്കാർക്ക് വിവാഹം അനുവദനീയമാണെന്നോ അവർ തമ്മിലുള്ള ബന്ധം വിവാഹമാണെന്നോ സഭ കണക്കാക്കുന്നില്ല. ലൈംഗികതയ്ക്ക് വിവാഹജീവിതത്തിൽ മാത്രമേ സ്ഥാനവും പ്രസക്തിയുമുള്ളൂ എന്നതാണ് എക്കാലത്തെയും സഭയുടെ ധാർമിക നിലപാട്.

## ലൈംഗികതയും ലിംഗ പദവിയും

ലൈംഗികതയെയും ലിംഗ പദവിയേയും പരസ്പര പൂരകമായിട്ടാണ് സഭ കണക്കാക്കുന്നത്. ശാരീരികമായി ആണായി ജനിച്ചാൽ ലിംഗപദവി ആണിന്റേതും സ്ത്രീയായി ജനിച്ചാൽ സ്ത്രീയുടേതും ആയിരിക്കണം. ലിംഗപദവി ലൈംഗിക അഭിമുഖ്യങ്ങൾ മൂലം മാറ്റാൻ കഴിയുന്ന ഒന്നാണെന്ന് സഭ കരുതുകയോ, അത്തരം വാദങ്ങളെ അംഗീകരിക്കുകയോ ചെയ്യുന്നില്ല. LGBTQIA + എന്നിങ്ങനെ വിഭിന്ന വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടിരിക്കുന്ന വിശേഷ ലൈംഗിക അഭിമുഖ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതിൽ ട്രാൻസ്ജെൻഡേഴ്സ് എന്ന

വിഭാഗമാണ് സവിശേഷ ശ്രദ്ധ അർഹിക്കുന്നവർ. വാസ്തവത്തിൽ, ഈ പട്ടികയിൽ ആ ഒരു വിഭാഗം മാത്രമാണ് ലിംഗപരമായി വേർതിരിക്കപ്പെട്ടിരിക്കുന്നതും, ജന്മനാലുള്ള പ്രതിസന്ധിയെ നേരിടുന്നതും. മറ്റുള്ളതെല്ലാം ലൈംഗിക ആഭിമുഖ്യങ്ങളുടെ വ്യത്യാസങ്ങൾ മൂലം രൂപപ്പെടുന്ന വിഭാഗങ്ങളാണ്.

> **ലൈംഗിക അരാജകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നവ സാമൂഹിക സംവിധാനങ്ങളോട് സഭ പക്ഷം ചേരുന്നുവെന്നു ധ്വനിപ്പിക്കുന്ന വിധത്തിലുള്ള ആശയ പ്രചാരണങ്ങൾ ആശാസ്യമല്ല. മനുഷ്യന്റെ മൂല്യത്തെയും മനുഷ്യകുലത്തിന്റെ ധാർമികതയെയും ചോദ്യം ചെയ്യുന്ന ഇത്തരം നിരവധി വിഷയങ്ങളിൽ ലോകത്തിന്റെ മനഃസാക്ഷിയായും ഭരണകൂടങ്ങൾക്ക് മുന്നിൽ തിരുത്തൽ ശക്തിയായും നിലനിന്നിട്ടുള്ള ചരിത്രമാണ് എക്കാലവും സഭയ്ക്കുള്ളത്.**

ചില വ്യക്തികളിൽ ലിംഗവ്യതിയാനത്തെ തുടർന്നുള്ള ജെൻഡർ ഐഡന്റിറ്റി സംബന്ധമായ മാനസിക പ്രതിസന്ധികൾ (Gender Dysphoria) ഉണ്ടായിരിക്കാനുള്ള സാധ്യതകളെ സഭ അംഗീകരിക്കുന്നുണ്ട്. അത്തരം വ്യക്തികളിൽ ചികിത്സ ഫലപ്രദമാണെന്നുള്ള ആധികാരിക പഠനങ്ങളില്ല. ഓരോ മനുഷ്യവ്യക്തിയും ഒന്നുകിൽ പുരുഷനോ അല്ലെങ്കിൽ സ്ത്രീയോ ആയാണ് ജനിക്കുന്നത് എന്നും സഭ കരുതുന്നു. ഒരു മനുഷ്യൻ സ്ത്രീയായാലും പുരുഷനായാലും വ്യക്തിയുടെ അന്തസത്തയുടെ നിർവചനത്തിൽ ലൈംഗികത ഒരു ഘടകമല്ല എന്ന സഭയുടെ നിലപാട് ഒട്ടേറെ ചർച്ചകൾക്ക് കാരണമായിട്ടുണ്ട്. ഒരു വ്യക്തിയുടെ ലിംഗാവബോധം ജീവശാസ്ത്രപരവും സാമൂഹികവുമായ ഒട്ടേറെ ഘടകങ്ങളെ ആശ്രയിച്ചാണ് രൂപംകൊള്ളുന്നതെന്ന് ശാസ്ത്രം പറയുന്നു. ജനിതക, ജനിതകേതര, നാഡീവ്യൂഹ, ഹോർമോൺ സംബന്ധവും, ഭ്രൂണവളർച്ചയുമായി ബന്ധപ്പെട്ട ഘടകങ്ങളും, തുടർന്നുള്ള വളർച്ചാ ഘട്ടങ്ങളിൽ ചുറ്റുപാടുകളിൽനിന്ന് ഉണ്ടാകുന്ന അനുഭവങ്ങളും വ്യക്തിയുടെ ജെൻഡർ ഐഡന്റിറ്റിയെ സ്വാധീനിച്ചേക്കാം. എന്നാൽ, മിശ്ര ലിംഗാവസ്ഥകളോ, ആൻഡ്രോജൻ ഇൻസെൻസിറ്റിവിറ്റി സിൻഡ്രോം പോലുള്ള വളർച്ചകാല ഘട്ടത്തിലെ ക്രമഭംഗങ്ങളോ ജീവശാസ്ത്രപരമായി വിവേചിച്ചറിയാൻ കഴിയാത്ത മറ്റ് അവസ്ഥകളോ ഒന്നും ഓരോ വ്യക്തിയെയും ദൈവം സൃഷ്ടിച്ചിരിക്കുന്നത് സ്ത്രീയോ പുരുഷനോ ആയാണ് എന്ന യാഥാർഥ്യത്തെ അപ്രസക്തമാക്കുന്നില്ല. ഒരു വ്യക്തിയുടെ ലിംഗാവബോധത്തെ സ്വാധീനിക്കുന്ന ജീവശാസ്ത്രപരവും, മനഃശാസ്ത്രപരവും, സാമൂഹികവുമായ ഘടകങ്ങളൊന്നും ദൈവത്തിന്റെ സൃഷ്ടി വൈഭവവുമായി ബന്ധപ്പെടുത്താൻ കഴിയുന്നവയല്ല.

ലൈംഗികതയും ലിംഗ പദവിയും സംബന്ധിച്ച്, കോൺഗ്രിഗേഷൻ ഓഫ് കാത്തലിക് എഡ്യുക്കേഷൻ (CCE) 2019ൽ പ്രസിദ്ധപ്പെടുത്തിയ 'സ്ത്രീയും പുരുഷനുമായി അവിടന്ന് അവരെ സൃഷ്ടിച്ചു' എന്ന രേഖയിൽ ഇപ്രകാരം പറയുന്നു: 'രണ്ടു വ്യത്യസ്ത യാഥാർഥ്യങ്ങളെ വിശദീകരിക്കുന്ന വ്യത്യസ്ത പദങ്ങൾ എന്ന നിലയിൽ, ലൈംഗികത (SEX), ലിംഗം (Gender) എന്നിവ രണ്ട് അർഥങ്ങൾ ഉൾക്കൊള്ളുന്നവയാണ്, അവ പര്യായ പദങ്ങളല്ല. ഇവിടെ പ്രശ്നം ശരിയായി വ്യാഖ്യാനിക്കാൻ കഴിയുന്ന രണ്ട് പദങ്ങൾ തമ്മിലുള്ള വ്യത്യാസത്തേക്കാൾ ലൈംഗികതയെ ലിംഗഭേദത്തിൽ നിന്ന് വേർതിരിച്ച് അവതരിപ്പിക്കാത്തതാണ്. ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആശയക്കുഴപ്പങ്ങളാണ് വിവിധ മുന്നേറ്റങ്ങളുടെ വക്താക്കൾ മുതലെടുപ്പുകൾക്കായി ഉപയോഗിക്കുന്നത് എന്ന വാസ്തവം തിരിച്ചറിയേണ്ടതുണ്ട്.

ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെടുന്നതും എണ്ണത്തിൽ വളരെ കുറവുള്ളവരുമായവർ ജന്മനാലും, ജനിതകമായ കാരണങ്ങളാലും ജെൻഡർ ഐഡന്റിറ്റിക്ക് വ്യതിയാനം സംഭവിക്കുന്നവരാണ്. വാസ്തവത്തിൽ അവിടെ ലൈംഗിക ആഭിമുഖ്യമല്ല പ്രധാനം. പ്രകൃതത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ കൊണ്ട് ഉണ്ടാകുന്ന വിവിധ വെല്ലുവിളികളാണ്. എന്നാൽ, LGBTQIA + സമൂഹത്തിലേക്ക് ഇക്കൂട്ടരെ ഉൾപ്പെടുത്തിയിരിക്കുന്നത് വഴിയായി, സവിശേഷ പരിഗണന ആവശ്യമുള്ള ഒരു വിഭാഗത്തിന് ലഭിക്കാവുന്ന ആനുകൂല്യങ്ങളും ശ്രദ്ധയും അസ്വാഭാവിക ലൈംഗിക താത്പര്യങ്ങൾ ഉള്ള വിഭാഗങ്ങളും നേടിയെടുക്കാൻ ശ്രമിക്കുകയാണ്. മാത്രവുമല്ല, ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ പ്രശ്നം ലൈംഗികത മാത്രമാണ് എന്ന പ്രതീതി ജനിപ്പിക്കാനും ഇത്തരം മൂവ്മെന്റുകൾ കാരണമായിരുന്നു. വിചിത്രവും അസ്വാഭാവികവുമായ ലൈംഗിക അഭിമുഖ്യങ്ങൾ ഉള്ളവരുടെ പട്ടികയിൽ (LGBT കമ്മ്യൂണിറ്റിയിൽ, ഇരു വിഭാഗങ്ങളോടും ലൈംഗിക ആഭിമുഖ്യം ഉള്ളവരും, ലൈംഗിക വികാരങ്ങൾ ഇല്ലാത്തവരും ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്) എണ്ണപ്പെടുകയും അവർക്കൊപ്പം അണിചേരാൻ നിർബന്ധിതരാവുകയും ചെയ്തിരിക്കുന്നതുവഴിയായി ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർക്ക് അർഹിക്കുന്ന ശ്രദ്ധ ലഭിക്കാതെ പോകുന്നു എന്ന നിരീക്ഷണങ്ങളുണ്ട്. ഈ വിഭാഗത്തിൽ പെട്ടവരെ പ്രത്യേകമായ കരുതലോടെയാണ് സഭ കാണുന്നത്.

ഗൗരവമുള്ള വിഷയങ്ങളിലുള്ള സഭയുടെ നിലപാടുകൾക്ക് മാറ്റം വന്നിരിക്കുന്നുവെന്നും, ലൈംഗിക അരാജകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നവ സാമൂഹിക സംവിധാനങ്ങളോട് സഭ പക്ഷം ചേരുന്നു എന്നും ധ്വനിപ്പിക്കുന്ന വിധത്തിലുള്ള ആശയ പ്രചാരണങ്ങൾ ആശാസ്യമല്ല. മനുഷ്യന്റെ മൂല്യത്തെയും മനുഷ്യകുലത്തിന്റെ ധാർമികതയെയും ചോദ്യം ചെയ്യുന്ന ഇത്തരം നിരവധി വിഷയങ്ങളിൽ ലോകത്തിന്റെ മനഃസാക്ഷിയായും ഭരണകൂടങ്ങൾക്ക് മുന്നിൽ തിരുത്തൽ ശക്തിയായും നിലനിന്നിട്ടുള്ള ചരിത്രമാണ് എക്കാലവും സഭയ്ക്കുള്ളത്. ഇക്കാലഘട്ടത്തിലും ഇനിയുള്ള കാലത്തും സഭയുടെ പ്രധാന ദൗത്യങ്ങളിൽ ഒന്നും അതുതന്നെയാണ്. ഈ വലിയ ഉത്തരവാദിത്വത്തെ വിസ്മരിച്ചുകൊണ്ട് ലൈംഗിക അരാജകത്വത്തിന് വേദിയൊരുക്കാൻ സഭാ നിലപാടുകളെ തെറ്റായി അവതരിപ്പിക്കുന്ന പ്രവണത അത്യന്തം ദോഷകരമാണ്.

*Prepared and published by:*
*KCBC Commission for Social Harmony and Vigilance*

---

റവ.ഡോ. **മാത്യു ഇല്ലത്തുപറമ്പിൽ അച്ചന്റെ** കത്തോലിക്കാസഭയുടെ നിലപാടുകളെ കുറിച്ചുള്ള പ്രഭാഷണം കേൾക്കാൻ:

വാർത്താവതരണത്തിൽ മാധ്യമങ്ങൾ മിതത്വം, മാന്യത, ജീവനോടുള്ള ആദരവ്... സംരക്ഷിക്കണം. **ശ്രീ. സാബു ജോസിന്റെ** കുറിപ്പിന്റെപൂർണ്ണരൂപം വായിക്കുവാൻ:

മുൻ MLA യും മുസ്ലിം ലീഗ് നേതാവുമായ **ശ്രീ. കെ.എം. ഷാജിയുടെ** എഫ്.ബി പോസ്റ്റ് വായിക്കാൻ:

കവർ സ്റ്റോറി



ആന്റണി സച്ചിൻ, എറണാകുളം

# 'ലൈംഗിക ആകർഷണം'

## ഒരു പഠനശ്രമം



LGBT വിഷയം മനസ്സിലാക്കുക അത്ര എളുപ്പമല്ല, അതും അൽപം പ്രായമുള്ളവർക്ക്. കാരണം സാധാരണയായി ആളുകൾ മനസ്സിലാക്കിയിട്ടുള്ളതും സ്കൂളിൽ പഠിപ്പിച്ചിട്ടുള്ളതും സ്ത്രീയും പുരുഷനുമെന്നുമുള്ള രണ്ടു ജെൻഡറുകളാണ് ഉള്ളതെന്നായിരുന്നു. ജനനസമയത്തു ഒരു കുട്ടിയുടെ ജനനേന്ദ്രിയം നോക്കിയാണ് ജെൻഡർ നിർണയിച്ചിരുന്നത്. എന്നാൽ, ഇന്ന് ജെൻഡർ ഐഡന്റിറ്റി (Gender Identity) അല്ലെങ്കിൽ ലിംഗതന്മ / ലിംഗസ്വത്വബോധം എന്ന പാദങ്ങൾ ഉപയോഗിച്ചുകൊണ്ട് ഒരു വ്യക്തിയാണ് തന്റെ ജെൻഡർ തീരുമാനിക്കുന്നതെന്ന തലത്തിലാണ് കാര്യങ്ങളെത്തി നിൽക്കുന്നത്.

സ്ത്രീ - പുരുഷ ലൈംഗിക ആകർഷണത്തെക്കുറിച്ചു മാത്രമാണ് കൂടുതൽ ആളുകൾ മനസ്സിലാക്കിയിട്ടുള്ളതും ചർച്ചകൾ നടന്നിട്ടുള്ളതും. ഒരു പെൺകുട്ടി മറ്റൊരു പെൺകുട്ടിയെ പ്രേമിച്ചു ഒളിച്ചോടിപോയി ഒരുമിച്ചു താമസിച്ച ചരിത്രമൊന്നും കേട്ടുകേൾവിയില്ലാത്തതാണ്. എന്നാൽ, ഇന്ന് വിചിത്രമെന്നു തോന്നുന്ന പല സംഭവങ്ങൾ നമ്മുടെ സമൂഹത്തിലും കണ്ടു തുടങ്ങിയിരിക്കുന്നു.

ലൈംഗിക ന്യൂനപക്ഷങ്ങളുടെ കൂട്ടയ്മയായി മാറിയ 'LGBT കമ്മ്യൂണിറ്റി'യും അവരുടെ മഴവിൽ പതാക (Rainbow Flag) പാറിച്ചുകൊണ്ടും സ്വാഭിമാനം ഉയർത്തിപിടിച്ചുകൊണ്ടു നടത്തുന്ന ഘോഷയാത്രയും (Pride March) ഇന്ന് കേരളത്തിലെ പല കോളേജ്

ക്യാമ്പസുകളിലും നിത്യസംഭവമായി മാറിയിരിക്കുന്നു. അവിടെ മുഴങ്ങുന്നതോ 'എന്റെ ശരീരം, എന്റെ ലൈംഗികത, എന്റെ അവകാശം' എന്ന മുദ്രവാക്യവും.

മനുഷ്യരുടെ ലൈംഗിക ആഭിമുഖ്യങ്ങളെയും (Sexual Orientation) ലിംഗ ബോധവുമായി (Gender Identity) ബന്ധപ്പെട്ട പല ഇംഗ്ലീഷ് പദങ്ങളുടെ ആദ്യാക്ഷരങ്ങൾ കൂട്ടിവച്ചിട്ടുണ്ടാക്കിതാണ് LGBTQIA+. മഴവില്ലിന്റെ ഏഴുനിറങ്ങളെ സൂചിപ്പിക്കാൻ VIBGYOR എന്ന് പറയുന്നതുപോലെ.

**L - Lesbian** (ലെസ്ബിയൻ): ഒരു സ്ത്രീക്ക് സ്വന്തം ലിംഗത്തിലുള്ളവരോട് മാത്രം ലൈംഗിക ആകർഷണമുണ്ടാകുന്നുവെങ്കിൽ അവരെയാണ് 'ലെസ്ബിയൻ' എന്ന പദം കൊണ്ട് അർഥമാക്കുന്നത്.

**G - Gay** (ഗേ): ഒരു പുരുഷന് സ്വന്തം ലിംഗത്തിലുള്ളവരോട് മാത്രം ലൈംഗിക ആകർഷണമുണ്ടാകുന്നുവെങ്കിൽ അവരെയാണ് 'ഗേ' എന്ന പദം കൊണ്ട് അർഥമാക്കുന്നത്.

ലെസ്ബിയൻ അല്ലെങ്കിൽ ഗേ വിഭാഗലുള്ളവരെയാണ് 'Homosexuals' അഥവാ 'സ്വവർഗാനുരാഗികൾ' എന്ന് വിളിക്കുന്നത്. ഒരാൾക്ക് എതിർ ലിംഗത്തിലുള്ളവരുമായി (സ്ത്രീക്ക് പുരുഷനോട്) മാത്രം ലൈംഗിക ആകർഷണമുണ്ടാകുന്നുവെങ്കിൽ അവരെ 'Heterosexuals' എന്നും വിളിക്കുന്നു.

**B - Bisexual** (ബൈസെക്ഷ്വൽ): ഒരു ലിംഗത്തിൽ പെട്ടയാൾക്കു സ്വന്തം ലിംഗത്തിലും എതിർ ലിംഗത്തിലുമുള്ളവരോട് ഒരേപോലെ ലൈംഗികാകർഷണമുണ്ടാകുന്നുവെങ്കിൽ അവരെയാണ് ബൈസെക്ഷ്വൽ എന്ന് വിളിക്കുന്നത്.



L - Lesbian, G - Gay, B - Bisexual എന്നീ വാക്കുകൾ സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ Sexual Orientation അഥവാ ലൈംഗിക ചായ്‌വിനെ / ലൈംഗിക ആഭിമുഖ്യത്തെയാണ്.

ഇതുമായിബന്ധപ്പെട്ടുള്ള ഒരു പ്രധാന ചോദ്യവും അതിന്റെ ക്രൈസ്തവ കാഴ്ചപ്പാടിലുള്ള ഉത്തരവും എന്തായിരിക്കുമെന്ന് നോക്കാം.

ഒരാൾ ജന്മനാ സ്വവർഗാനുരാഗിയാണെങ്കിൽ അയാളെ അങ്ങനെ ജീവിക്കാൻ അനുവദിക്കുന്നതല്ലേ നല്ലത്?

ആദ്യമേ കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം എന്താണ് പറയുന്നത് എന്ന് നോക്കാം (CCC 2357) സ്വവർഗഭോഗ പ്രവൃത്തികൾ അവയുടെ സഹജമായ പ്രകൃതിയാൽത്തന്നെ ക്രമരഹിതമാണ് (disorder) (ഉൽപ 19,1-29; റോമ 1,24-27; 1 തിമോ 1,10). അവ സ്വാഭാവിക നിയമത്തിനും എതിരാണ് (against natural law). അവ ലൈംഗികപ്രവൃത്തിയുടെ ജീവാതായതത്തെ മുൻകൂട്ടി ഒഴിവാക്കുന്നു (CCC 2358) വസ്തുനിഷ്ഠമായി ക്രമരഹിതമായ ഈ പ്രവണത അവരിൽ ഭൂരിഭാഗത്തിനും ഒരു പരീക്ഷണം തന്നെയാണ്. ആദരവോടും സഹാനുഭൂതിയോടും പരിഗണനയോടുംകൂടി അവരെ സ്വീകരിക്കണം. അവർക്കെതിരെ അന്യായമായ വിവേചനത്തിന്റെ സൂചനകൾ ഒന്നും ഉണ്ടാകരുത് (CCC 2359). സ്വവർഗ ഭോഗപ്രവണതയുള്ള വ്യക്തികൾ ശുദ്ധതയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു.

ആളുകൾ ജന്മനാ കൈകളും കാലുകളും ഇല്ലാതെയും, കാഴ്ചയോ കേൾവിയോ ഇല്ലാതെയും ജനിക്കാറുണ്ട്. അവർ അങ്ങനെ ജനിച്ചതുകൊണ്ടു മരണംവരെ അവർ അങ്ങനെതന്നെ ജീവിക്കട്ടെ എന്നല്ല നമ്മൾ ചിന്തിക്കുന്നത്. അവരുടെ ആ വൈകല്യത്തെ മറികടക്കാൻ വൈദ്യസഹായമോ മറ്റു ആധുനിക മാർഗങ്ങളോ തേടാറുണ്ട്. നോർമലായ ഒരു മനുഷ്യന്റെ അവയവങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വ്യക്തമായ കാഴ്ചപ്പാടാണ് ആ വൈകല്യത്തെ ഒരുപരിധിവരെയെങ്കിലും മറികടക്കാൻ ഒരാളെ സഹായിക്കുന്നത്.

ഇവിടെ അടിസ്ഥാനമായി മനസ്സിലാക്കേണ്ടത് ലൈംഗികത നല്കപ്പെട്ടിരിക്കുന്നത് സ്ത്രീ പുരുഷ ദാമ്പത്യ സ്നേഹത്തിന്റെ പൂർണതയ്ക്കും സന്താനോത്പാദനത്തിനും വേണ്ടിയാണ്. സന്താനോത്പാദനം നടക്കുന്നതോ സ്ത്രീ - പുരുഷ സംയോഗത്തിലൂടെ മാത്രമാണ്. സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും സംയോജിച്ചാലാണ് സന്താനോത്പാദനം സാധ്യമാകുക. അതിലൂടെ മാത്രമേ ഒരു സമൂഹം നിലനിൽക്കുകയുള്ളൂ. സ്വവർഗഭോഗ പ്രവൃത്തികൾ വെറും ശാരീരികസുഖത്തിനപ്പുറം മറ്റൊന്നും ലക്ഷ്യം വയ്ക്കുന്നില്ല.

ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ എന്നിവരെയും കൂടി വ്യതിയാനങ്ങളായി കണക്കാക്കുകയും ദൈവത്തിന്റെ മക്കളാണ് ഇക്കൂട്ടർ എന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യുന്നു കത്തോലിക്ക സഭ.

സ്വവർഗ ലൈംഗിക ആഭിമുഖ്യത്തെ അതിനാൽത്തന്നെ ഒരു തിന്മയല്ല. എന്നാൽ, സ്വവർഗഭോഗ പ്രവൃത്തികൾ തിന്മയാണ്. മനുഷ്യന് ദേഷ്യംവരുക മാനുഷികമായ ഒരു കാര്യമായി കണക്കാക്കുമ്പോൾ ദേഷ്യത്തെ അടക്കം ചെയ്യാൻ സാധിക്കാതെ മറ്റൊരാളെ ദേഹോപദ്രവം ഏൽപിക്കുന്നത് ഒരു തിന്മയായി കണക്കാക്കുന്നത് പോലെയാണ് സ്വവർഗഭോഗ പ്രവൃത്തികളെ തിന്മയായി കാണുന്നത്.

മറ്റുപല ലൈംഗിക ആഭിമുഖ്യങ്ങളും മനുഷ്യരിലുള്ളതായി മാനസികാരോഗ്യ വിദഗ്ധർ കണ്ടെത്തിയിട്ടുണ്ട്. Pedopilia കുട്ടികളോട് തോന്നുന്ന ലൈംഗിക താത്പര്യം, Zoophilia മൃഗങ്ങളോട് തോന്നുന്ന ലൈംഗിക താത്പര്യം, Necrophilia മൃതദേഹങ്ങളോട് തോന്നുന്ന ലൈംഗിക താത്പര്യം തുടങ്ങിയവയാണ് ചിലത്. ഇത്തരം ലൈംഗിക അഭിമുഖ്യങ്ങളെ ലൈംഗിക വ്യതിയാനങ്ങളായി മാനസികാരോഗ്യ വിദഗ്ധർ കാണുമ്പോൾ ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ എന്നിവരെയും കൂടി വ്യതിയാനങ്ങളായി കണക്കാക്കുകയും ദൈവത്തിന്റെ മക്കളാണ് ഇക്കൂട്ടർ എന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്യുന്നു കത്തോലിക്ക സഭ. ആദരവോടും സഹാനുഭൂതിയോടും പരിഗണനയോടുംകൂടി അവരെ സ്വീകരിക്കാൻ എല്ലാ കത്തോലിക്കരും പരിശ്രമിക്കേണ്ടതുമാണ്.

ഇതുവരെ LGBTQIA+ ലെ LGB എന്താണെന്നാണ് മനസ്സിലാക്കിയത്. TQIA+ എന്താണെന്നു അർഥമാക്കുന്നതെന്നു പരിശോധിക്കാം.



**T - Transgender** (ട്രാൻസ്ജെൻഡർ):

സ്വന്തം ലിംഗസ്വത്വം (gender) തങ്ങളുടെ ശാരീരിക ലിംഗവുമായി പൊരുത്തപ്പെടാത്ത വ്യക്തികൾ ആണ് ട്രാൻസ്ജെൻഡർ വ്യക്തികൾ. ഉദാഹരണത്തിന് പുരുഷശരീരത്തോടെ ജനിച്ചെങ്കിലും സ്വയം സ്ത്രീലിംഗബോധം ഉള്ളവർ, സ്ത്രീശരീരത്തോടെ ജനിച്ചെങ്കിലും പുരുഷന്റെ ലിംഗബോധം ഉള്ളവർ എന്നിവർ ഈ ഗണത്തിൽപെടും. ആണായി ജനിച്ച ട്രാൻസ്ജെൻഡർ ആളുകൾക്ക് സ്ത്രീകളുടെ രൂപഭാവങ്ങൾ പ്രദർശിപ്പിക്കാനായിരിക്കും കൂടുതൽ താത്പര്യം. അതുപോലെ പെണ്ണായി ജനിച്ച ട്രാൻസ്ജെൻഡർ ആളുകൾക്ക് ആണിന്റെ രൂപഭാവങ്ങൾ പ്രദർശിപ്പിക്കാനായിരിക്കും കൂടുതൽ താത്പര്യം. രൂപഭാവങ്ങളിൽ വ്യത്യാസം പ്രകടിപ്പിക്കാത്തവരും ഉണ്ടാവാം. ലിംഗതന്മയും ശാരീരിക ലിംഗവും പൊരുത്തപ്പെടാത്ത വ്യക്തികളെ transgender വ്യക്തികൾ എന്ന് വിളിക്കുമ്പോൾ പൊരുത്തം ഉള്ള വ്യക്തികൾ cisgender എന്ന് വിളിക്കപ്പെടുന്നു. അവരുടെ ലൈംഗിക ചായ്‌വ് (sexual orientation) ഏതു വേണമെങ്കിലും ആവാം.

പുരുഷനിൽ നിന്ന് സ്ത്രീ ആയ ട്രാൻസ് ജെൻഡർ വ്യക്തികൾ (Male To Female Transgender - MTF): പുരുഷശരീരത്തോടെ ജനിച്ചെങ്കിലും സ്വയം സ്ത്രീലിംഗബോധം ഉള്ളവരാണ് ഇവർ. ഇവരിൽ ചിലർ ലിംഗ മാറ്റശസ്ത്രക്രിയയിലൂടെ ശരീരത്തിന്റെ ലിംഗം മനസ്സിന്റെ ലിംഗത്തിന് അനുരൂപമാക്കാറുണ്ട്.

സ്ത്രീയിൽ നിന്ന് പുരുഷനായ ട്രാൻസ് ജെൻഡർ വ്യക്തികൾ (Female To Male Transgender - FTM): സ്ത്രീശരീരത്തോടെ ജനിച്ചെങ്കിലും സ്വയം പുരുഷലിംഗബോധം ഉള്ളവരാണ് ഇവർ. ഇവരിൽ ചിലർ ലിംഗമാറ്റശസ്ത്രക്രിയയിലൂടെ ശരീരത്തിന്റെ ലിംഗം മനസ്സിന്റെ ലിംഗത്തിന് അനുരൂപമാക്കാറുണ്ട്.

**Q - Queer** (ക്വിയർ): ചിലർ സ്വയം ആണായോ പെണ്ണായോ നിർവചിക്കാതെ 'ജെൻഡർ ന്യൂട്രൽ', 'ജെൻഡർ ക്വിയർ' മുതലായ നിലപാട് സ്വീകരിക്കുന്നു. അവർ പൊതുവേ ക്വിയർ എന്നറിയപ്പെടുന്നു.

**I - Intersex** (ഇന്റർസെക്സ്): ഒരു വ്യക്തിയുടെ ലിംഗം നമ്മൾ പൊതുവായി മനസ്സിലാക്കുന്നത് ബാഹ്യമായ ശരീരഭാഗങ്ങളെ (ലിംഗം, യോനി, വൃഷണസഞ്ചി) ആസ്പദമാക്കിയോ ആന്തരികഅവയവങ്ങളെ (ഗർഭാശയം, അണ്ഡാശയം) ആസ്പദമാക്കിയോ അതല്ലെങ്കിൽ ക്രോമോസോമുകളുടെ ചേർച്ച (XX, XY) ആസ്പദമാക്കിയോ ആണ്. സാധാരണ കണ്ടുവരുന്നതിൽനിന്നും വ്യത്യസ്തമായ ക്രോമോസോമുകളുടെ ചേർച്ചയോ സമ്മിശ്രലിംഗ അവസ്ഥയോ ഉള്ള വ്യക്തികളെ Intersex അഥവാ മധ്യലിംഗം എന്ന് പറയാം. ലൈംഗികാവയവങ്ങളുടെ സവിശേഷതകൊണ്ടോ ജനിതകപരിശോധന കൊണ്ടോ intersex എന്ന അവസ്ഥ മനസ്സിലാക്കാൻ സാധിക്കും.

**A - Asexuality** (അസെക്ഷ്വാലിറ്റി): പുരുഷന്മാരോടോ സ്ത്രീകളോടോ ട്രാൻസ് ജെൻഡർ ആളുകളോടോ മറ്റേതെങ്കിലും വ്യക്തികളോടോ ഒന്നും ലൈംഗികമായ ആകർഷണമോ താത്പര്യമോ തോന്നാത്ത അവസ്ഥയാണ് Asexuality അഥവാ അലൈംഗികത. ബ്രഹ്മചര്യവും (celebacy) അലൈംഗികതയും വ്യത്യസ്തമായി കാണുന്നു.

**+** - (പ്ലസ്): ഭാവിയിൽ കൂട്ടിച്ചേർക്കുവാൻ സാധ്യതയുള്ള വ്യത്യസ്ത പദങ്ങളുടെ സൂചനയാണ് നൽകുന്നത്.

ജെൻഡർ തിയറി (Gender Theory) യുമായി ബന്ധപ്പെട്ട ഒരു രേഖ വത്തിക്കാനിൽനിന്നും 2019ൽ ഇറങ്ങുകയുണ്ടായി. 'MALE AND FEMALE HE CREATED THEM' TOWARDS A PATH OF DIALOGUE ON THE QUESTION OF GENDER THEORY IN EDUCATION എന്നാണ് അതിന്റെ ടൈറ്റിൽ. ട്രാൻസ്ജെൻഡർ വിഷയത്തിലുള്ള കത്തോലിക്കാ സഭയുടെ നിലപാടാണ് ഈ രേഖയിൽ വ്യക്തമാക്കുന്നത്.

ജനിതകമായി ക്രോമോസോമുകളുടെ ചേർച്ച പുരുഷന്റെ XY എന്നും സ്ത്രീയുടെ XX എന്നുമാണ്. ഇതാണ് ഇന്നും ഒരാളുടെ ശാരീരിക ലിംഗവുമായി (biological sex) ബന്ധപ്പെട്ടു കിടക്കുന്നത്. ഒരാളുടെ ജെൻഡർ അയാൾക്ക് ഉള്ളിൽ തോന്നുന്നത് എന്തോ

ട്രാൻസ്ജെൻഡേഴ്സിന് മാന്യമായ വരുമാനമുള്ള ഒരു ജോലി നമ്മുടെ സമൂഹത്തിൽ ലഭിക്കാൻ സാധിക്കാത്ത ഒരു അന്തരീക്ഷമുണ്ട്. ജീവിക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ ലൈംഗിക തൊഴിലാളികളായി ട്രാൻസ് ജെൻഡേർസ് മാറുന്ന സാഹചര്യവുമുണ്ട്. അവരെ തെറ്റിൽ അകപ്പെടാതെ സംരക്ഷിക്കുക തെറ്റിപ്പോയവരെ അതിൽ നിന്നും രക്ഷപെടുത്തി കൊണ്ടുവരുക അവർക്കു ഒരു ജീവിതമാർഗം കണ്ടെത്തിക്കൊടുക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ഈ സിസ്റ്റേഴ്സ് നടത്തുന്നത്.

അതാണ് എന്ന ആശങ്ങളൊടു കത്തോലിക്കാ സഭ യോജിക്കുന്നില്ല. അപൂർവം ചില വ്യക്തികൾക്ക് ജെൻഡർ ഡിസ്പോറിയ (Gender Dysphoria) അഥവാ ജെൻഡർ ഐഡന്റിറ്റി സംബന്ധമായ മാനസിക പ്രതിസന്ധികൾ ഉണ്ടായിരിക്കുവാനുള്ള സാധ്യതകളെ സഭ അംഗീകരിക്കുന്നുണ്ട്. അത്തരം വ്യക്തികളെ സമൂഹത്തിൽ തഴയപ്പെടാതെ മാനുഷികമായ പരിഗണനകൾ നൽകികൊണ്ട് സംരക്ഷിക്കുവാനും സഭ ആഗ്രഹിക്കുന്നു.

കുറച്ചു വർഷങ്ങളായി എറണാകുളത്തു ട്രാൻസ്ജെൻഡേഴ്സിന്റെ ഇടയിൽ പ്രവർത്തിക്കുന്ന രണ്ടു CMC congregation സിസ്റ്റർമാർ ഉണ്ട്. ഫ്രീയായി ഭക്ഷണവും താമസസൗകര്യവും നൽകുന്ന ഹോസ്റ്റൽ Sr. Teslin CMCയും Sr. Nayana CMCയും ചേർന്നു നടത്തുന്നുണ്ട്. ട്രാൻസ്ജെൻഡേഴ്സിന് മാന്യമായ വരുമാനമുള്ള ഒരു ജോലി നമ്മുടെ സമൂഹത്തിൽ ലഭിക്കാൻ സാധിക്കാത്ത ഒരു അന്തരീക്ഷമുണ്ട്. ജീവിക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ ലൈംഗിക തൊഴിലാളികളായി ട്രാൻസ്ജെൻഡേർസ് മാറുന്ന സാഹചര്യവുമുണ്ട്. അവരെ തെറ്റിൽ അകപ്പെടാതെ സംരക്ഷിക്കുക തെറ്റിപ്പോയവരെ അതിൽ നിന്നും രക്ഷപെടുത്തി കൊണ്ടുവരുക അവർക്കു ഒരു ജീവിതമാർഗം കണ്ടെത്തിക്കൊടുക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ഈ സിസ്റ്റേഴ്സ് നടത്തുന്നത്.

ഇതുപോലുള്ള നല്ല പ്രവർത്തനങ്ങൾ കത്തോലിക്കാ സഭയുടെ ഭാഗത്തുനിന്നും ട്രാൻസ്ജെൻഡേഴ്സിനുവേണ്ടി ഇനിയും നടത്തപ്പെടേണ്ടിയിരിക്കുന്നു. ഒപ്പം കാലാകാലങ്ങളിൽ ഉയരുന്ന മനുഷ്യന്റെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും പ്രത്യേകിച്ച് യുവമനസ്സുകളിലുയരുന്ന ചോദ്യങ്ങൾക്ക് സംശയലേശമന്യേയുള്ള വിശദീകരണങ്ങളും മറുപടികളും യഥാസമയം നൽകുവാനും കഴിയുന്നതുവഴി പല കാര്യങ്ങൾക്കുമുള്ള പരിഹാരവുമാകും എന്നു കരുതുന്നു.

***References:***


*1) Catechism of the Catholic Church*

*2) Transgender, Queer and Asexuality word definitions link: https://queerala.org/terminology-and-definition/*

*3) 2019 Vatican Document link: https://www.vatican.va/roman_curia/congregations/ccatheduc/documents/rc_con_ccatheduc_doc_20190202_maschio-e-femmina_en.pdf*

*4) CMC Sisters' efforts (video link): https://youtu.be/OIppmq4sknc?t=532*

*5) CMC Sisters' efforts (web article): https://mattersindia.com/2017/03/when-nuns-tried-to-kick-start-indias-first-transgender-school/*


2 3

4 5







ആൽഫ്രഡ് വിൽസൺ, തൃശൂർ

# ആർദ്രമാനസർ അനുഗൃഹീതർ

ജീവൻ ഏതവസ്ഥയിൽ ആയിരുന്നാലും ഞാനും നിങ്ങളും അതിന്റെ കാവൽക്കാരാണ്. ജീവന്റെ സംരക്ഷകനാകാൻ ദൈവമെന്നെ വിളിക്കുമ്പോൾ എന്റെ ജീവിതത്തിൽ അത്തരത്തിലൊരു പോരാളിയായി ഞാൻ കണ്ടിട്ടുള്ളത് എന്റെ അപ്പനെത്തന്നെയാണ്. പഴയ കഥകൾ അപ്പനിൽ നിന്നുതന്നെ കേട്ടിട്ടുമുണ്ട്. ചിലതെന്റെ ഓർമയിൽ തെളിഞ്ഞു നിൽക്കുന്നു.

## മരണത്തെ അതിജീവിച്ചയാൾ

പത്തുവയസ്സിനുള്ളിൽ മരണം ഉറപ്പെന്ന് വിധിയെഴുതിയെ ഹൃദ്രോഗിയായ ഒരു കുട്ടിയെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്. അര കിലോമീറ്റർ നടക്കുമ്പോഴേക്കും ആറ് തവണയെങ്കിലും കിതച്ചുവീഴുന്ന, വീഴ്ചയ്ക്കുമുമ്പേതന്നെ ഇരിക്കാൻ ശ്രമിക്കുന്ന ആ കുട്ടിയെ കുറിച്ച്. അവന്റെ പത്താം ക്ലാസ്സ് പഠന കാലത്ത് ഹൃദയ ശസ്ത്രക്രിയ നടക്കുന്നതിനിടെ ഒരു ഘട്ടത്തിൽ പരാജയമുറപ്പിച്ച് മരണാനന്തര ചടങ്ങുകൾക്കുവേണ്ടി തയ്യാറെടുക്കുന്ന ഒരു വീടും ഗ്രാമത്തെയും കുറിച്ച് അടുത്തുള്ള ആളുകൾ പറഞ്ഞു കേട്ടിട്ടുണ്ട്. എങ്കിലും മരണത്തെ അതിജീവിച്ചു. വർഷങ്ങൾക്കിപ്പുറം ആ ചെറുപ്പക്കാരൻ വിവാഹ ജീവിതത്തിനൊരുങ്ങുമ്പോൾ, നീ ഒരിക്കലും വിവാഹ ജീവിതത്തിലേക്ക് പോകരുതെന്ന് അവനെ ചികിത്സിച്ച ഡോക്ടർ പറഞ്ഞു. പല പ്രതിസന്ധികൾക്കു ശേഷം ആ ചെറുപ്പക്കാരൻ വിവാഹം കഴിച്ചു. 34 വർഷങ്ങൾക്ക് ശേഷം തിരിഞ്ഞു നോക്കുമ്പോൾ ദൈവാനുഗ്രഹത്താൽ ഇന്ന് ഒരു കുഴപ്പവുമില്ലാതെ പതിനൊന്ന് മക്കളുടെ അപ്പനാകാൻ അനുവദിച്ച ഞങ്ങളുടെ അപ്പനെയോർത്ത് നല്ല ദൈവത്തോടു നന്ദിയല്ലാതെ മറ്റെന്തു പറയാൻ? ഇത്രയൊക്കെ പറയുമ്പോഴും ജീവനോട് പോരാടിയ ഒരപ്പനെയാണ് ഞാനവിടെ കണ്ടത്.

## നമ്മൾ അന്ധരാകരുത്

എന്റെ നാട്ടിൽ ഭ്രാന്തനെപ്പോലൊരാളെ ഞാൻ കണ്ടിട്ടുണ്ട്. തിരക്കേറിയ റോഡിൽക്കൂടി ദിനവും അലഞ്ഞുതിരിഞ്ഞ് താടിയും മുടിയുമെല്ലാം ജഡപിടിച്ച് വാർധക്യത്തിലെത്തിയ ഒരപ്പൂപ്പനെ. മറ്റൊരാൾ, ദാരിദ്ര്യത്തിൽ കുടുംബ ജീവിതം നയിക്കുന്ന ജന്മനാ അന്ധനായ ഹൈന്ദവ സുഹൃത്താണ്. കുഞ്ഞുന്നാളിൽ ഞാനും അപ്പനോടൊപ്പം പലപ്പോഴും അവരെ സന്ദർശിച്ചിട്ടുണ്ട്. അന്ധനായ ആ ചേട്ടന്റെ ആഗ്രഹപ്രകാരം വർഷങ്ങൾക്ക് മുമ്പൊരു ദു:ഖവെള്ളിയാഴ്ച ഞങ്ങൾ മൂന്നുപേരും കൈകൾ കൂട്ടി പിടിച്ച് മലയാറ്റൂർ മല കയറാൻ പോയതോർക്കുന്നു. വാഹനാപകടത്തിൽ പരിക്കേറ്റ് പാരലൈസ്ഡായ മറ്റൊരു ചേട്ടനുണ്ട്. ഒരു കുടുംബത്തിന്റെ അത്താണിയായിരുന്ന ആ മനുഷ്യൻ ഇനി എഴുന്നേൽക്കില്ലെന്ന് ഡോക്ടർ വിധിയെഴുതി. പ്രതീക്ഷകൾ അസ്തമിച്ച ആ കുടുംബം ഇനിയെന്തു ചെയ്യാനാ. മറ്റൊന്ന്, ആമവാതം പിടിപ്പെട്ട് എഴുന്നേൽക്കാൻ യാതൊരു സാധ്യതയുമില്ലാത്ത വിധവയായ ഒരു ചേച്ചിയും.

ചുരുക്കിപ്പറഞ്ഞാൽ ഈ നാല് സംഭവങ്ങളിലും എവിടെയൊക്കെയോ ജീവന്റെ മൂല്യം തുളുമ്പി നിൽക്കുന്നുണ്ട്. ഇവരുടെയിടയിൽ നമ്മുടെ ഒരു സാന്നിധ്യം, ചില നന്മകൾ ഇവർക്കായി ചെയ്യാനുള്ള മുൻകൈയെടുക്കൽ, ഇത് കണ്ടുകൊണ്ട് സഹായിക്കാൻ വരുന്ന മറ്റുപലരും. ഇവരുടെ നാലുപേരുടെയും കാര്യത്തിൽ അങ്ങനൊരിടപെടൽ വിജയം കണ്ടു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന, വാർധക്യത്തിലെത്തിയ അപ്പൂപ്പനെ കുളിപ്പിക്കാൻ എന്റെയപ്പച്ചൻ ഇറങ്ങിത്തിരിക്കുന്നു. നാട്ടുകാരെല്ലാം പിന്നീട് സഹായിക്കാൻ കൂടുന്നു. ജട പിടിച്ച മുടി വെട്ടാനും ഭക്ഷണം കൊടുക്കാനും കുളിപ്പിക്കാനുള്ള കപ്പും ബക്കറ്റുമായും ആളുകൾ വരുന്നു. അന്നുമുതൽ അയാൾക്ക് ഒരു ദിവസംപോലും ആളുകളിൽ നിന്ന് ഭക്ഷണം ലഭിക്കാതിരുന്നിട്ടില്ല. ഇടവിട്ട നാളുകളിൽ മുടിവെട്ടും ഷേവിംഗും നടക്കുന്നു. രാത്രിയിലെ ഭക്ഷണം എന്നും അപ്പച്ചന്റെ തട്ടുകടയിൽ നിന്നാണ്. വയറു നിറയുവോളം അപ്പച്ചൻ ഭക്ഷണം കൊടുക്കും. നന്ദിയോടെയുള്ള അയാളുടെ ആ മുഖഭാവം മറക്കാൻ കഴിയില്ല. പിന്നീട് അദ്ദേഹത്തെ അഗതി മന്ദിരത്തിലെത്തിച്ച് ചികിത്സിക്കാൻ തുടങ്ങിയിരുന്നു. ഒപ്പം അയാളുടെ നാട് അന്വേഷിക്കാനുള്ള ശ്രമവും. രണ്ടിലും വിജയം കണ്ടെത്താനായി. ചികിത്സയ്ക്കിടയിൽ മനസ്സിലായത് അദ്ദേഹം ഒരുവലിയ കുടുംബത്തിലെ വിദ്യാസമ്പന്നനായ ധനികനാണെന്നാണ്. അയാളെ അന്വേഷിച്ചുകൊണ്ടിരുന്ന ഒരു കുടുംബവുമുണ്ടായിരുന്നു. അവരെ തേടി കണ്ടുപിടിച്ച് അവരോടൊപ്പം അദ്ദേഹത്തെ അയക്കുമ്പോൾ വർണിക്കാനാവാത്ത ഒരനുഭവമാണ് ഹൃദയത്തിൽ നിറഞ്ഞിരുന്നത്.

ചോർന്നൊലിക്കുന്ന വീടിന്റെ തിണ്ണയിലിരുന്ന് കട്ടൻ ചായയും റസ്ക്കും കഴിക്കുന്ന രംഗമാണ് അന്ധനായ ചേട്ടനെ കാണുമ്പോൾ ഓർക്കുന്നത്. ആ നാളുകളിൽ ഈ ചേട്ടന്റെ പഠനവും ശേഷമുള്ള സർട്ടിഫിക്കേഷൻ കാര്യങ്ങൾക്കുമായി അപ്പച്ചൻ കാലിക്കറ്റ്



**ചികിത്സയ്ക്കിടയിൽ മനസ്സിലായത് അദ്ദേഹം ഒരുവലിയ കുടുംബത്തിലെ വിദ്യാസമ്പന്നനായ ധനികനാണെന്നാണ്. അയാളെ അന്വേഷിച്ചു കൊണ്ടിരുന്ന ഒരു കുടുംബവുമുണ്ടായിരുന്നു.**

യൂണിവേഴ്സിറ്റിയിലേക്ക് പലപ്പോഴായി പോയി വരാറുള്ള വിശേഷങ്ങൾ വീട്ടിൽവന്ന് പറയുമായിരുന്നു. ഇന്നാ ചേട്ടൻ ഗവൺമെന്റ് സ്കൂളിലെ സാമൂഹ്യപാഠ അധ്യാപകനായി ജോലി ചെയ്തുവിരമിച്ച് സന്തോഷത്തോടെയും സാമ്പത്തിക ഭദ്രതയോടെയും ജീവിക്കുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ അന്ധത ഒന്നിനും ഒരു തടസമല്ല. നമ്മുടെ 'അന്ധത' യാണ് പല നന്മകൾക്കും തടസ്സം.

## ഇന്നവർ നടക്കുന്നു

അപകടത്തിൽ പാരലൈസ്ഡായ ചേട്ടനും ആമവാതത്തിൽ തളർന്ന വിധവയായ ചേച്ചിയും ഏകദേശം ഒരേ കാലഘട്ടത്തിലായിരുന്നു. ശ്രമകരമായ ട്രീറ്റ്മെന്റും ആൾബലവും (ഉഴിച്ചൽ, കിഴി, ധാരപോലുള്ള കാര്യങ്ങൾക്ക്) കിട്ടുകയാണെങ്കിൽ വിജയമുണ്ട് എന്നുപറഞ്ഞ് ഡോക്ടർമാർ അപ്പച്ചനെ പറഞ്ഞയക്കുന്നു. ഞങ്ങളുടെ നാട്ടുകാരെയും പൊതു പ്രവർത്തകരേയും ഇടപെടുത്തി ചികിത്സ നടത്തിയത് ശ്രമകരമായിരിന്നു. തട്ടുകടയിലെ പണികളെല്ലാം കഴിയുമ്പോൾ ഒരുപാട് വൈകുമെങ്കിലും അപ്പച്ചൻ ഞങ്ങളേയും കൂട്ടി പാരലൈസ്ഡായ ചേട്ടന്റെ വീട്ടിൽ പോകും. എത്ര ബലം പിടിച്ച് നിവർത്തിയാലും നിവരാത്ത കാലിന്റെ ഉള്ളം മുതൽ നിവർത്തിവച്ച്, കൈകൾകൊണ്ട് ഉഴിയും. രണ്ടു പേർക്കും ചികിൽത്സ ലഭ്യമാക്കുന്നതിന് അന്ന് കാണിച്ച തീക്ഷ്ണത എന്നെ അത്ഭുതപ്പെടുത്തുന്നു. ഇന്ന് രണ്ടുപേരും ആരോഗ്യത്തോടെ പരസഹായമില്ലാതെ നടക്കുന്നു; അവരുടെ കാര്യങ്ങൾ സ്വന്തമായി ചെയ്യുന്നു. ജീവനുവേണ്ടിയുള്ള ഏത് പ്രവർത്തനങ്ങളിലും ആദരവോടെയും ഔദാര്യപൂർവവും ഇറങ്ങണമെന്ന് ആഴത്തിൽ ചിന്തിപ്പിച്ചത് ഇതായിരുന്നു.

## വെല്ലുവിളിയും പ്രചോദനവും

പൊതുജനങ്ങളുടെ മുമ്പിൽ മധുരമായി, നിശ്ശബ്ദമായി പോരാടിയ നാളുകളെ എനിക്ക് മറക്കാൻ കഴിയില്ല. തട്ടുകടയിലെ പണികഴിഞ്ഞ് അപ്പച്ചൻ ഞങ്ങളെയും കൂട്ടിയിറങ്ങും. അന്ന് എന്റെ നാട്ടിലുള്ള ഇലക്ട്രിക്ക് പോസ്റ്റുകളിൽ നോക്കിയാൽ കാണാൻ കഴിയുന്നത് വലിയ അക്ഷരങ്ങളിൽ എഴുതിയ ജീവന്റെ മൂല്യത്തെക്കുറിച്ചുള്ള വാചകങ്ങളായിരുന്നു. സ്കൂളിന്റെയും പള്ളിയുടെയും പരിസരങ്ങളിലും ആളുകൾ കൂടുന്ന എല്ലായിടങ്ങളിലും ജീവന്റെ മൂല്യത്തെക്കുറിച്ചുള്ള വാചകങ്ങൾ എഴുതി പോന്നു. 'ഭ്രൂണഹത്യ മാരക പാപം' 'നരഹത്യ മാരക പാപം' എന്നിങ്ങനെ തുടങ്ങുന്ന വാചകങ്ങളായിരുന്നു. ഒരിടയ്ക്ക് ജീവന്റെ നിലനിൽപിന് പ്രകൃതിയുടെ പ്രാധാന്യവും ഉൾക്കൊണ്ട് എല്ലാ രാത്രികളിലും ഞങ്ങളിറങ്ങും, മഴക്കുഴികൾ കുത്താനും മരത്തൈകൾ നടാനുമൊക്കെയായിട്ട്. ഞങ്ങളുടെ നാട്ടിലെ റോഡരുകുകളിലും പഞ്ചായത്തിന്റെ അനുമതിയോടെ പൊതുസ്ഥലങ്ങളിലും തൈകൾ നടാനായിട്ട് അപ്പച്ചൻ ഞങ്ങളെയും കൂട്ടിയിറങ്ങും. ഇന്നത് കൂറ്റൻ മരങ്ങളായി നിൽക്കുന്നത് കാണുമ്പോൾ ജീവന്റെ നിലനിൽപിനു വേണ്ടിയുള്ള പോരാട്ടത്തിൽ ഞാനുമുണ്ടായല്ലോ എന്ന വലിയ സന്തോഷമാണ്.

അപ്പച്ചനെ കാണുമ്പോൾ ചിലപ്പോഴെക്കെ തോന്നാറുണ്ട്, ചെറുപ്പത്തിൽ മരിച്ചു പോകേണ്ട ആളായിരുന്നല്ലോയെന്ന്. അന്ന് മരിച്ചിരുന്നെങ്കിൽ പിന്നെ ഞങ്ങളില്ലല്ലോ. വിശുദ്ധ കുർബാനയോടുള്ള അപ്പച്ചന്റെ അടങ്ങാത്ത സ്നേഹമാണ് ഇങ്ങനെയുള്ള പല സത്പ്രവൃത്തികൾക്കും കാരണമെന്ന് തോന്നിയിട്ടുണ്ട്. ഒരു തരത്തിൽ എനിക്കത് വെല്ലുവിളിയും പ്രചോദനവുമാണ് II



യുവ / മൈസ്റ്റോറി



അബിന ജോണി, ഇടുക്കി

# അവസാനം എഴുതിയത്

ആത്മീയജീവിതം നയിക്കുകയും പ്രാർഥനയോട് താത്പര്യവുമൊക്കെയുള്ള കുറേ ചെറുപ്പക്കാരാണ് ദൈവത്തെക്കുറിച്ചും ആത്മീയ ജീവിതത്തെ കുറിച്ചുമൊക്കെ എനിക്ക് പറഞ്ഞുതന്നത്. 'കാമ്പസ് വാരിയർ' എന്ന പ്രോഗ്രാമായിരുന്നു അതിനെന്നെ സഹായിച്ചത്. ഒരുപക്ഷേ, ഞാനീ പ്രോഗ്രാമിൽ പങ്കെടുത്തില്ലായിരുന്നെങ്കിൽ, കൂപ്പുകുത്തി പോകുക എന്നൊക്കെ കേട്ടിട്ടില്ലേ; അതേപോലെ ഞാനും ജീവിതത്തിൽ തകർന്നുപോകുമായിരുന്നു.

വിശുദ്ധ കുമ്പസാരമാണ് എൻെറ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായി എനിക്ക് അനുഭവിക്കാൻ സാധിച്ചിട്ടുള്ളത്. രണ്ടാംവർഷ ഡിഗ്രിക്കാർക്ക് വേണ്ടിയിട്ടുള്ളതായിരുന്നു ആ പ്രോഗ്രാം. ഞാൻ ഒന്നാംവർഷം ആണെന്നറിഞ്ഞപ്പോൾ എനിക്ക് പങ്കെടുക്കാൻ പറ്റില്ലെന്ന് എന്നോടവർ പറഞ്ഞു. എനിക്കാദ്യം ബുദ്ധിമുട്ട് തോന്നി. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമേ പങ്കെടുക്കാൻ പറ്റുകയുള്ളൂവെന്ന് മനസ്സിലാക്കി ഞാൻ സമാധാനിച്ചു. എങ്കിലും ഞാനതിയായി ആഗ്രഹിച്ച് അതിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു. രണ്ടുദിവസം കഴിഞ്ഞപ്പോൾ എന്നെ ഫോണിൽ വിളിക്കുകയും നന്നായിട്ട് ഒരുങ്ങിയതല്ലേ എന്തായാലും മുടക്കേണ്ടെന്നുപറഞ്ഞുകൊണ്ട് പ്രോഗ്രാമിൽ പങ്കെടുക്കാൻ ക്ഷണിച്ചു.

എനിക്കൊരു പ്രത്യേകതയുണ്ടായിരുന്നത്, ഞാൻ എവിടെ പോയാലും എനിക്ക് കൂട്ടായി ഒരാൾ കൂടെ വേണമായിരുന്നു. എന്നെ നന്നായിട്ടറിയാവുന്ന എന്റെ വീട്ടുകാരോട് ഞാൻ പറഞ്ഞു, ആ പ്രോഗ്രാമിൽ എനിക്ക് പോകണം, ആ അഞ്ചു ദിവസങ്ങളിലും കൂട്ടിനാളില്ലെങ്കിലും സ്ട്രഗിൾ ചെയ്തിട്ടായാലും എനിക്കതിൽ പങ്കെടുക്കണം. തന്നെയുമല്ല ആ ദിവസങ്ങളിൽ എനിക്ക് പിരീഡ്സിന്റെ സമയവുമായിരുന്നു. എങ്കിലും അതൊക്കെ തരണംചെയ്ത് ഞാനതിൽ പങ്കെടുത്തു.

പ്രോഗ്രാമിൻെറ രണ്ടാം ദിനമായപ്പോഴേക്കും ഒരച്ചൻ ഞങ്ങളെ കുമ്പസാരിക്കാൻ ഒരുക്കുകയായിരുന്നു. കുമ്പസാരത്തിൽ പറയാതെ, മാറ്റിവയ്ക്കപ്പെട്ട പാപങ്ങളായിരിക്കും നമ്മളുടെ കുടുംബത്തിലോ നമുക്ക് തന്നെയോ പരാജയത്തിനുള്ള കാരണമായി തീരുന്നതെന്ന് അച്ചൻ പറഞ്ഞു. ഈ വാക്കുകൾ എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. കുമ്പസാരിക്കാൻ ഒരുങ്ങുവാനായി ഞങ്ങൾക്ക് നൽകിയിരുന്ന ഒരു ലിസ്റ്റുണ്ടായിരുന്നു. അതുമായി ഞാൻ ഒരുങ്ങുന്നതിനിടയിൽ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ചെയ്യാറുള്ള പാപങ്ങളൊക്കെ ഒരു പേപ്പറിൽ ഞാനെഴുതി സൂക്ഷിച്ചു. അപ്പോഴും, കുമ്പസാരത്തിൽ പറയാതെ എന്നും മാറ്റിവയ്ക്കാറുള്ള ഒരു പാപം എഴുതാതെ ഞാൻ മടിച്ചു നിന്നു.

മാറ്റിവയ്ക്കപ്പെട്ട പാപങ്ങളെപ്പറ്റി അച്ചൻ പറഞ്ഞ വാക്കുകൾ ഞാനോർക്കുകയും എന്തെങ്കിലുമാവട്ടെ എന്നു കരുതി ആ പാപം കൂടി പേപ്പറിൽ ഏറ്റവും അവസാനം എഴുതി ചേർത്തു. കുമ്പസാരിപ്പിക്കാൻ വരുന്ന അച്ചൻ എങ്ങനെയുള്ള ആളാണെന്ന് നോക്കിയിട്ട് ആവശ്യമെങ്കിൽ അവസാനത്തെ ആ പാപവും പറയാം എന്നൊക്കെ കരുതിയാണ് ഞാനതെഴുതിയത്. വിറയ്ക്കുന്ന കൈകളോടുകൂടി കുമ്പസാരക്കൂട്ടിലേക്ക് ഞാൻ ചെന്നു. വിറച്ചിട്ട് ഒന്നും പറയാൻ പറ്റുന്നില്ലായെന്ന കാര്യം ഞാൻ അച്ചനോട് പറയുകയും ചെയ്തു. എന്റെ ജീവിതത്തിലെ ഏറ്റവും നല്ല തുറന്ന കുമ്പസാരമായിരുന്നു അന്നു ഞാൻ നടത്തിയത്. കുമ്പസാരക്കൂട്ടിൽ ചെന്ന് ഞാനേറ്റവും ആദ്യം പറഞ്ഞതും ലിസ്റ്റിൽ അവസാനം എഴുതിയ ആ പാപം തന്നെയായിരുന്നു.

ഈ പ്രോഗ്രാമിൽ ഇടയ്ക്ക് കിട്ടുന്ന സമയങ്ങളൊക്കെ റൂമിൽ പോയിരിക്കാനും മറ്റു പല കാര്യത്തിനും ഉപയോഗിച്ചിരുന്ന ഞാൻ, ഈ കുമ്പസാരത്തിനുശേഷം ഒരഞ്ചുമിനിറ്റ് ഇടവേള കിട്ടിയാലും, ചായ കുടിക്കാൻ വിടുന്ന ബ്രേക്ക് ടൈമിൽ പോലും തൊട്ടടുത്തുള്ള ചാപ്പലിൽ പോയി ദിവ്യകാരുണ്യ ഈശോയെ നോക്കിയിരിക്കാൻ തുടങ്ങി. ക്രിസ്തുവിനെ ഇത്രയും നന്നായി അനുഭവിച്ചറിയാൻ സാധിക്കുമെന്ന് അന്നാണ് എനിക്ക് മനസ്സി

ലായത്. പിന്നീട് എന്റെ ഈയനുഭവങ്ങൾ പങ്കുവയ്ക്കാൻ എന്നെ വിളിക്കുമ്പോഴൊക്കെ ഞാൻ പറയുമായിരുന്നു, ഈശോയെ നന്നായിട്ട് അനുഭവിക്കാൻ നല്ലൊരു കുമ്പസാരം മാത്രം മതിയെന്ന്. കുമ്പസാരത്തിലൂടെ നമുക്ക് കിട്ടുന്നത് വിശുദ്ധിയാണ്. ആ വിശുദ്ധിയിലാണ് ഈശോ നമ്മിൽ പ്രസാദിക്കുന്നത്. പ്രോഗ്രാമിൽ പങ്കെടുത്തതിനുശേഷം എന്തു ഗുണമുണ്ടായി എന്നാരെങ്കിലും എന്നോട് ചോദിച്ചാൽ, നന്നായി പ്രാർഥിക്കേണ്ടത് എങ്ങനെയെന്ന് ഞാൻ പഠിച്ചെന്ന് പറയുമായിരുന്നു.

കുമ്പസാരിക്കാൻ പറ്റുന്നില്ല, തോന്നുന്നില്ല എന്നൊക്കെ പറയുന്നവരോട് ഞാൻ എന്റെ ഈ അനുഭവം പങ്കുവയ്ക്കുമായിരുന്നു. ഒരിക്കൽ ഒരാളോട് എന്റെ അനുഭവം പങ്കുവച്ചു. പിന്നീട് അദ്ദേഹത്തിന്റെ ഫോൺ വിളിയോ മെസ്സേജുകളോ ഒന്നും വരാതെയായി. ഞാൻ വിചാരിച്ചു ഞാൻ പറഞ്ഞതൽപം കൂടി പോയിട്ടുണ്ടാകുമെന്ന്. പിന്നീട് അദ്ദേഹം ഒരു ധ്യാനമൊക്കെ കൂടി വന്നതിനുശേഷം എന്റെ അടുത്ത് കാര്യം പറഞ്ഞു. ഞാനന്ന് പങ്കുവച്ചിരുന്ന എന്റെ അനുഭവങ്ങൾ അദ്ദേഹത്തെ സ്പർശിച്ചുവെന്നും അതിനുശേഷമാണ് ഒരു ധ്യാനത്തിന് പോകുകയും അത്തരത്തിൽ ഒരു കുമ്പസാരം നടത്തുകയും ചെയ്തതെന്നും.


നല്ല കുമ്പസാരം വഴി നന്നാകാമെന്നും ജീവിതവിജയത്തിനു ഉപകരിക്കുമെന്നും ഈ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു II



## Android / iOS ഫോണുകളിൽ ഉപയോഗിക്കാവുന്ന

# ക്ലൗഡ് കാത്തലിക് ആപ്പ്

## ഇന്ത്യയിലും യുഎസ്സിലുമായി കെയ്റോസ് മീഡിയ പുറത്തിറക്കി




Cloud Catholic **Android Version** Launching, 2022 നവംബറിൽ മുവാറ്റുപുഴയിൽ വച്ചു നടന്ന ജീസസ് യൂത്ത് ഇന്റർനാഷണൽ അസംബ്ലിയിൽ മൂവ്മെന്റിന്റെ എക്ലേസിയസ്റ്റിക്കൽ അഡ്വൈസർ ബിഷപ്പ് റാഫേൽ തട്ടിൽ നിർവഹിക്കുന്നു.




Cloud Catholic **iOS Version** Launching, 2022 ഡിസംബറിൽ യുഎസ്സിലെ നോർത്ത് കാരോലിനയിൽ നടന്ന 'Awaken' National Conferenceൽ വച്ച് ജീസസ് യൂത്ത് ഇന്റർനാഷണൽ ഫോർമേഷൻ ഡയറക്ടർ മനോജ് സണ്ണി നിർവഹിക്കുന്നു.




# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/kairosbuds



റോബിൻ സക്കറിയാസ്, കുവൈറ്റ്

# ഒരു യാത്രാമൊഴി




കത്തീഡ്രലിൽവച്ചു നടത്തപ്പെട്ട ഫാ. ഐവാനു വേണ്ടിയുള്ള ഔദ്യോഗിക യാത്രയയപ്പു ചടങ്ങിൽ ജെ.വൈ. മുൻ നാഷണൽ കോ-ഓർഡിനേറ്റർ ഇപ്രകാരം പറഞ്ഞു: ഈ ചടങ്ങിലേക്ക് എല്ലാ കമ്മ്യൂണിറ്റികളിൽനിന്നും നിശ്ചിത ആളുകൾക്കേ ക്ഷണമുള്ളൂ. ആയതിനാൽ 50 അല്ലെങ്കിൽ 60 ജെ.വൈ. അംഗങ്ങൾ മാത്രമേ ഇവിടെ എത്തിച്ചേർന്നിട്ടുള്ളൂ. എന്നാൽ, ഈ ദേവാലയത്തിനു പുറത്ത്, കുവൈറ്റിന്റെ അതിരുകളിൽ നിന്നുപോലും ആയിരക്കണക്കിന് ചെറുപ്പക്കാർ 'ഞങ്ങൾക്ക് ഫാദറിനെ മിസ്സ് ചെയ്യുന്നു' എന്ന് വിളിച്ചു പറയുന്നുണ്ട്. വലിയ കരഘോഷത്തോടെയാണ് എല്ലാവരും അതേറ്റെടുത്തത്. അക്ഷരാർഥത്തിൽ അത് വളരെ ശരിയായിരുന്നു. ചാപ്ലിൻ സ്ഥാനം ഏറ്റെടുത്തതിനുശേഷം അദ്ദേഹത്തിന്റ സ്നേഹമനുഭവിക്കാതെ ഒരാളുപോലും കുവൈറ്റിൽ നിന്നും കടന്നുപോയിട്ടില്ല.

2016 മുതൽ മൂവ്മെന്റിന്റെ നട്ടെല്ലായി പ്രവർത്തിച്ച വ്യക്തിയാണ്, ഇപ്പോൾ സ്വന്തം നാടായ ശ്രീലങ്കയിലേക്ക് മടങ്ങുന്ന

**കുവൈറ്റിലെ ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് ഹൃദയത്തിൽ ഇടം നൽകിയ, ദൗത്യവഴിയിൽ സൗഹൃദത്തിന്റെ സുഗന്ധം പരത്തിയ, ഒരു ശ്രീലങ്കൻ അജപാലകനെക്കുറിച്ചുള്ള ഓർമകൾ**




ഫാ. ഐവാൻ പെരേര. കുവൈറ്റിലെ ജെ.വൈ. ചാപ്ലിനാകാൻ ഒരുങ്ങുകയെന്ന് ബിഷപ്പ് കാമിലോ ബാലിൻ പിതാവിന്റെ മെയിൽ യാദൃച്ഛികമായി ലഭിച്ചപ്പോൾ അതിനോട് സന്തോഷത്തോടെ യെസ് പറഞ്ഞുകൊണ്ട് ഈ വലിയ ഉത്തരവാദിത്വം കൂടി അദ്ദേഹം ഏറ്റെടുക്കാൻ തയ്യാറായി. കത്തീഡ്രൽ പള്ളിയിൽ ആർക്കും ഏതുസമയത്തും മടികൂടാതെ കടന്നു ചെല്ലാവുന്ന ഒരേയൊരു ഓഫീസ് മുറി വാതിൽ തുറന്നിട്ടിരിക്കുന്ന അദ്ദേഹത്തിന്റെ മുറിയായിരുന്നു.

ജീസസ് യൂത്ത് പ്രത്യേകമായി ഒരുക്കിയ യാത്രയയപ്പു കൂട്ടായ്മയിലും വ്യത്യസ്ത മിനിസ്ട്രികളിലുള്ള വ്യക്തികൾ അവർക്ക് അച്ചനുമായി ഉണ്ടായിരുന്ന സ്നേഹബന്ധത്തെ അനുസ്മരിച്ചു. കോവിഡ് സമയത്തുപോലും ഒരു മടിയോ ഭയമോ കൂടാതെ അനുവാദം ചോദിച്ച എല്ലാവർക്കും കുമ്പസാരിക്കാൻ അനുവാദം നൽകിയതിനെക്കുറിച്ചാണ് പലർക്കും പറയാനുണ്ടായിരുന്നത്. ഇംഗ്ലീഷ് അറിയുന്ന അച്ചന്റയടുത്ത് മലയാളികളായ ഞങ്ങൾക്ക് കുമ്പസാരിക്കാൻ ഒരിക്കലും മടി തോന്നിയിട്ടില്ല. പലപ്പോഴും കുമ്പസാരിക്കുന്നതിനിടയിൽ ഞങ്ങളെ ധൈര്യപ്പെടുത്തുകയും ചെയ്യാറുണ്ട്.

വിശുദ്ധ കുർബാന മധ്യേയുള്ള അച്ചന്റെ പ്രസംഗം (homily) ഒരിക്കൽ പോലും ആർക്കും മടുപ്പുളവാക്കാറില്ലായിരുന്നു. അളന്നുമുറിച്ച്, നിറുത്തി നിറുത്തി, ഉയർന്ന ശബ്ദത്തിൽ അച്ചൻ സുവിശേഷം വ്യാഖ്യാനിക്കുന്നത് വളരെ മനോഹരമായിട്ടായിരുന്നു. പലരും അച്ചന്റെ ഈ പ്രസംഗം കേൾക്കാനായിട്ട് വളരെ ശ്രദ്ധയോടെ ഇരിക്കുന്നത് കണ്ടിട്ടുണ്ട്. വ്യക്തിപരമായി ഒരുപാട് യുവജനങ്ങളെ സ്വാധീനിച്ച വ്യക്തിത്വമായിരുന്നു അച്ചൻ. യുവജനങ്ങളുടെ, മറ്റാരോടും പങ്കുവയ്ക്കാൻ സാധിക്കാത്ത പല പ്രശ്നങ്ങളും അവർ അച്ചനുമായി പങ്കുവയ്ക്കുന്നതും അച്ചന്റെ നിർദേശങ്ങൾ സ്വീകരിച്ച് സമാധാനത്തിൽ പോകുന്നതും ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. യുവജനങ്ങളെ മാത്രമല്ല, എല്ലാ ജെ.വൈ. കുടുംബങ്ങളുമായും അദ്ദേഹത്തിന് അടുത്ത ബന്ധമാണുണ്ടായിരുന്നത്.

ശ്രീലങ്കയിൽ 2019-ലെ ഈസ്റ്റർ ദിവസത്തെ സ്ഫോടനത്തിൽ നിരവധി ജീവനുകൾ പൊലിഞ്ഞപ്പോൾ, ഫാ. ഐവാൻ വിവിധ ധനസമാഹരണങ്ങളും ചാരിറ്റി പരിപാടികളും കുവൈറ്റിൽ സംഘടിപ്പിച്ചു. ഗണ്യമായ തുക സ്വരൂപിച്ച ശേഷം, ഇരയായവരുടെ ചില കുടുംബങ്ങളെ അദ്ദേഹം നേരിട്ട് കാണുകയും അവർക്ക് പണം വിതരണം ചെയ്യുകയും ചെയ്തു. കൊറോണ പടർന്നുപിടിച്ച് അനേകർക്ക് ജോലിയും ഭക്ഷണവും നഷ്ടപ്പെട്ടപ്പോളും ജാതിയോ മതമോ പരിഗണിക്കാതെ ശ്രീലങ്കക്കാരെ സഹായിക്കാൻ മുൻനിരയിലേക്ക് കടന്നുവന്ന അച്ചനെയാണ് ഞങ്ങൾ കണ്ടത്.

ശ്രീലങ്ക സാമ്പത്തികമായി തകർന്നു എന്ന വാർത്ത അദ്ദേഹം വളരെ വേദനയോടെ ജീസസ് യൂത്ത് കുടുംബാംഗങ്ങളുമായി പങ്കുവയ്ക്കുകയും ഞങ്ങളുടെ കഴിവിന്റെ പരമാവധി അനേകരെ സഹായിക്കാൻ അച്ചനിലൂടെ സാധിക്കുകയും ചെയ്തു. ഇതിലൂടെയെല്ലാം ഒരു നല്ല സമരിയാക്കാരൻ എങ്ങനെയായിരിക്കണം എന്ന് അച്ചൻ തന്റെ പ്രവൃത്തികളിലൂടെ ഞങ്ങളെ പഠിപ്പിച്ചു. തുണിയും ഭക്ഷണവും ബാഗുകളുമൊക്കെയായി പാവപ്പെട്ടവർക്കു നൽകുവാൻ അച്ചൻ സ്വരുക്കൂട്ടി വച്ച സാധങ്ങൾകൊണ്ട് അച്ചന്റെ ഓഫീസ് മുറിയെപ്പോഴും നിറഞ്ഞിരിക്കും. ഇത് ഗോഡൗൺ ആണോയെന്ന് ഞങ്ങൾ പലപ്പോഴും തമാശയായി ചോദിക്കാറുണ്ട്. മൂവ്മെന്റിന്റെ ഏതൊരാവശ്യങ്ങൾക്കും ഏതുസമയത്തും അച്ചനെ സമീപിക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുണ്ടായിരുന്നു. സഭാ മേലധികാരികളോട് ഞങ്ങൾക്കുവേണ്ടി സംസാരിക്കാൻ അച്ചൻ എപ്പോഴും മുൻനിരയിൽ ഉണ്ടാകാറുണ്ട്. ഐവാനച്ചനെക്കുറിച്ച് എഴുതുവാനും പറയാനുമാണെങ്കിൽ ഇനിയുമേറെയുണ്ട്.

യാത്രയയപ്പു ചടങ്ങിൽ എല്ലാവരോടും അച്ചൻ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി മാത്രം പറഞ്ഞു. ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ മാപ്പ് തരണമെന്നപേക്ഷിച്ചു. 'പ്രയോജനമില്ലാത്ത ദാസൻ തന്റെ കടമ മാത്രമേ നിർവഹിച്ചുള്ളൂ' എന്ന വചനം ജീവിതത്തിൽ പകർത്തിക്കൊണ്ട് തന്റെ ജന്മനാട്ടിലേക്ക് മടങ്ങി. കുവൈറ്റ് ജെ.വൈ.യുടെ പ്രിയപ്പെട്ട ഐവാനച്ചനോടുള്ള നന്ദിയുടെയും ഓർമകളുടെയും ഈ കുറിപ്പെഴുതുമ്പോൾ, ഭരമേല്പിക്കപ്പെട്ട പുതിയ അജപാലന ദൗത്യത്തിൽ മുഴുകി ജന്മനാടായ ശ്രീലങ്കയിൽ അച്ചൻ പ്രവർത്തനനിരതനായിരിക്കും. ഐവാനച്ചനെപ്പോലുള്ള അഭിഷിക്തരെ ഇനിയും ധാരാളമായി നമുക്ക് ലഭിക്കാനിടയാകണം. ലോകത്തിലെ മുഴുവൻ വൈദികരും സമർപ്പിതരും ഇത്തരുണത്തിൽ നമ്മുടെ പ്രാർഥനകളിൽ നിറയട്ടെ ||



വിശേഷ വാർത്ത



ജിന്റോ ജോൺ



# സൗത്ത് സുഡാനിലേക്ക് പാപ്പായുടെ 'സമാധാനത്തിന്റെ തീർഥയാത്ര'

"ഞങ്ങൾക്കു സമാധാനം വേണം, ഞങ്ങളുടെ സഹോദരങ്ങൾ കൊല്ലപ്പെടുന്നു, സഹോദരിമാർ ആക്രമിക്കപ്പെടുന്നു, ജീവിതം ദുരിതങ്ങളാൽ നിറയുന്നു. മനുഷ്യർ തരുന്ന സമാധാനമല്ല, ക്രിസ്തുവിന്റെ നിലനിൽക്കുന്ന സമാധാനമാണ് ഞങ്ങൾക്കുവേണ്ടത്" ആഭ്യന്തര യുദ്ധങ്ങളാൽ രക്തച്ചൊരിച്ചിലും ദാരിദ്ര്യവും പട്ടിണിയും വിട്ടൊഴിയാത്ത സൗത്ത് സുഡാനിലെ ജൂബ അതിരൂപതയുടെ ആർച്ച് ബിഷപ് സ്റ്റീഫൻ അമയു ഫ്രാൻസിസ് മാർപാപ്പയുടെ മുന്നിൽ വികാരപരമായാണ് ഈ വാക്കുകൾ പറഞ്ഞത്. മൂന്നുദിവസത്തെ സന്ദർശനത്തിനായി സൗത്ത് സുഡാനിലെത്തിയ പാപ്പാ തലസ്ഥാനമായ ജൂബയിൽ അർപ്പിച്ച കുർബാന മധ്യേയായിരുന്നു ആർച്ച് ബിഷപ്പിന്റെ ഈ വാക്കുകൾ. ഒരു പരമാധികാര രാജ്യത്തു നടക്കാനിടയില്ലാത്ത ഒരു സംഭവമാണിത്. സ്വന്തം രാജ്യത്തിന്റെ അവസ്ഥയെക്കുറിച്ച് ഒരു വിദേശ നേതാവിനോടു പരാതിപ്പെടുക; അതും ഭരണസിരാകേന്ദ്രത്തിൽവച്ച്, ലോകം മുഴുവൻ കാണുമെന്ന് ഉറപ്പുള്ളപ്പോൾ. പ്രായവും പക്വതയും രാഷ്ട്രീയ അവബോധവുമുള്ള ഒരു ആർച്ച് ബിഷപ് ഇങ്ങനെ ചെയ്യുമോയെന്ന് നമുക്കു സംശയം തോന്നിയേക്കാം. എന്നാൽ, അദ്ദേഹത്തിന് ഈ വാക്കുകൾ പറയുന്നതിൽ രണ്ടാമതൊന്നുകൂടി ചിന്തിക്കേണ്ടിവന്നുകാണില്ല. കാരണം, അത് ആ കുർബാനയിൽ പങ്കെടുത്തുകൊണ്ടിരുന്ന ആയിരങ്ങളുടെ വികാരമായിരുന്നു. ആ നാട് എത്ര തീവ്രമായാണ് സമാധാനത്തിനായി ആഗ്രഹിക്കുന്നത് എന്നതിന്റെ പ്രതിഫലനമായിരുന്നു.




*ഫ്രാൻസിസ് മാർപാപ്പയുടെ സന്ദർശനത്തിന് മുന്നോടിയായുള്ള സമാധാനത്തിനായി ഏകദേശം 400 കിലോമീറ്റർ യാത്രചെയ്ത് മധ്യപട്ടണമായ റൂംബെക്കിൽ നിന്ന് ഏകദേശം 60 യുവ തീർഥാടകരും ആത്മീയ നേതാക്കളും 2023 ഫെബ്രുവരി 2ന് ജൂബയുടെ പ്രാന്തപ്രദേശത്തുള്ള ബോറി ഗ്രാമത്തിൽ എത്തിച്ചേരുന്നു. (ഫോട്ടോ കടപ്പാട്: സൈമൺ മൈന/എ.എഫ്.പി)*

കോംഗോയും സൗത്ത് സുഡാനും ഉൾപ്പെടുന്ന ഈ സന്ദർശനത്തെ സമാധാനത്തിനായുള്ള തീർഥയാത്ര എന്നാണ് മാർപാപ്പ വിളിച്ചത്. ആഫ്രിക്കയിലേക്കുള്ള തന്റെ നാലാമത്തെ സന്ദർശനത്തിൽ കാന്റർബറി ആർച്ച്ബിഷപ് ഡോ. ജസ്റ്റിൻ വെൽബി, ചർച്ച് ഓഫ് സ്കോ

**സ്ത്രീകളെ പ്രത്യേകമായി അഭിവാദ്യം ചെയ്ത പാപ്പാ അവരുടെ കൈകളിലാണ് നാടിന്റെ ഭാവിയെന്ന് അടിവരയിട്ടു പറഞ്ഞു. തിരുക്കർമങ്ങൾ പരികർമം ചെയ്യാൻ മാത്രമല്ല, പുരോഹിതരുടെ കൈകൾ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നത്...**



*ജൂബയിലെ ആർച്ച് ബിഷപ്പ് സ്റ്റീഫൻ അമേയു മാർട്ടിൻ മുല്ല ഫ്രാൻസിസ് മാർപാപ്പയ്ക്കൊപ്പം ജൂബയിലെ കുർബാനയ്ക്കിടെ. (ഫോട്ടോ കടപ്പാട്: വത്തിക്കാൻ മാധ്യമം/റോയിട്ടേഴ്സ്)*

ട്‌ലൻഡ് ജനറൽ അസംബ്ലി മോഡറേറ്റർ ഡോ. ഇയൻ ഗ്രീൻഷീൽഡ്സ് എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നുവെന്നതും വലിയ പ്രത്യേകതയായി. ഐക്യത്തിനു വേണ്ടിയുള്ള യാത്രയുടെ മനോഹാരിതയായി അതുമാറുകയും ചെയ്തു. സൗത്ത് സുഡാനിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കാനുള്ള സഭയുടെ ശ്രമം ഏറെക്കാലമായി തുടരുന്നതാണ്. 2019ൽ ഈ രാജ്യത്തിന്റെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും വത്തിക്കാനിലേക്കു ക്ഷണിച്ച പാപ്പ അവരുടെ പാദങ്ങളിൽ ചുംബിച്ചുകൊണ്ടാണ് സമാധാനത്തിനായി ഒരുമിച്ചുപ്രവർത്തിക്കണമെന്ന് അഭ്യർഥിച്ചത്. പരസ്പരം പോരടിക്കുന്ന രണ്ടുചേരികളുടെ നേതാക്കളായ പ്രസിഡന്റിനോടും വൈസ് പ്രസിഡന്റിനോടും വത്തിക്കാനിൽ നടത്തിയ സംഭാഷണങ്ങളുടെ തുടർച്ചയായിരുന്നു ഈ സന്ദർശനവും.

എഴുപതു ശതമാനത്തിലധികം ക്രിസ്ത്യാനികളുള്ള രാജ്യം, സ്കൂളുകളിൽ ക്രൈസ്തവ പഠനം പാഠ്യ പദ്ധതിയുടെ ഭാഗമായ രാജ്യം, ക്രൈസ്തവ വിശ്വാസത്തിന്റെ നൂറാം വാർഷികം ആഘോഷിച്ച രാജ്യം. എന്നിട്ടും ഗോത്രവർഗങ്ങളുടെ തമ്മിലടിയിൽ ഇവിടെ ചോരപ്പുഴകൾ ഒഴുകുന്നു. രാഷ്ട്രീയ അസ്ഥിരതയും ആഴത്തിലുള്ള അഴിമതിയും. ഈ വൈരുധ്യം മാർപാപ്പയെ വേദനിപ്പിക്കുകയാണ്. ജൂബയിലെ മൂന്നുദിവസത്തെ സന്ദർശനത്തിൽ അദ്ദേഹം അഭയാർഥികളുമായി സംവദിച്ചു. രാഷ്ട്രീയ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. വൈദികരെയും സന്യസ്തരെയും അഭിവാദ്യം ചെയ്തു. എല്ലായിടത്തും എടുത്തുപറഞ്ഞത് അനുരഞ്ജനപ്പെടേണ്ടതിന്റെ ആവശ്യകത. സൗത്ത് സുഡാനിലെ സഭയെ അദ്ദേഹം ധീരസഭയെന്നു വിളിച്ചു. സൗത്ത് സുഡാൻ സ്വദേശിയായ വിശുദ്ധ ജോസ്ഫൈൻ ബക്കീതയുടെയും ഈ രാജ്യത്തിനായി കഠിനാധ്വാനം ചെയ്ത മിഷണറി വിശുദ്ധ ഡാനിയേൽ കൊമ്പോണിയുടെയും മാതൃക പിന്തുടരാൻ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തു. സ്ത്രീകളെ പ്രത്യേകമായി അഭിവാദ്യം ചെയ്ത പാപ്പാ അവരുടെ കൈകളിലാണ് നാടിന്റെ ഭാവിയെന്ന് അടിവരയിട്ടു പറഞ്ഞു. തിരുക്കർമങ്ങൾ പരികർമം ചെയ്യാൻമാത്രമല്ല, പുരോഹിതരുടെ കൈകൾ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നത് എന്ന് ഓർമിപ്പിച്ച പാപ്പാ സഹന വലയത്തിലകപ്പെട്ടവരുടെ കൈപിടിക്കാനും ആവശ്യപ്പെട്ടു. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അധികാര ദുർവിനിയോഗം കാണുമ്പോഴും സമർപ്പിതർ ശബ്ദമുയർത്തണമെന്നും പാപ്പാ ഓർമിപ്പിച്ചു.

ആയിരങ്ങൾ തടിച്ചുകൂടിയ ദിവ്യബലിക്കു ശേഷം മടക്കയാത്രയ്ക്കൊരുങ്ങിയ പാപ്പാ സൗത്ത് സുഡാൻ ജനതയെ കൂടുതൽ ഹൃദയത്തോടു ചേർത്തുപിടിച്ചാണ് താൻ മടങ്ങുന്നതെന്നാണ് പറഞ്ഞത്. ഒരിക്കലും പ്രതീക്ഷ കൈവെടിയരുതെന്നും സൗത്ത് സുഡാൻ പൗരന്മാരുടെ സഹനങ്ങൾ പാഴാകില്ലെന്നും പാപ്പാ ഊന്നിപ്പറഞ്ഞു. വിമാനത്തിൽ കയറുന്നതിനുമുൻപ് പ്രസിഡന്റ് സൽവാ കിറിന്റെ നെറ്റിയിൽ കുരിശടയാളം വരച്ച് ആശീർവദിച്ചിട്ടായിരുന്നു പിതാവിന്റെ മടക്കം II



*2023 ഫെബ്രുവരി 5 ഞായറാഴ്ച, ദക്ഷിണ സുഡാനിലെ ജൂബയിലുള്ള ജോൺ ഗരാംഗ് ശവകുടീരത്തിൽ കുർബാന അർപ്പിക്കാൻ ഫ്രാൻസിസ് മാർപാപ്പ എത്തുന്നു. (ഫോട്ടോ കടപ്പാട്: ഗ്രിഗോറിയോ ബോർജിയ/എപി)*




# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.



## വിശുദ്ധ ബാലൻ

ചെറിയ പ്രായത്തിൽതന്നെ കാൻസർ ബാധിച്ചിട്ടും നിരാശ കൂടാതെ രോഗത്തെ സ്വീകരിച്ച് നിത്യതയിലേക്ക് കടന്നുപോയ ജോഷ്വാ സുബിയുടെ ചരിത്രവും ഇനി നമുക്ക് വാഴ്ത്തിപ്പാടാം. ഓസ്ട്രേലിയയിലെ മലയാളി ദമ്പതികളുടെ മകനാണ് ജോഷ്വ. ഹൈന്ദവ മതത്തിൽ നിന്നും വിശ്വാസം സ്വീകരിച്ച കുടുംബമാണിവരുടേത്. ഒൻപതാം വയസ്സിലാണ് ജോഷ്വാ കാൻസർ ബാധിതനാണെന്നറിയുന്നത്. താമസിയാതെ തന്നെ ജോഷ്വയെ മാതാപിതാക്കൾ ആദ്യകുർബാനയ്ക്കൊരുക്കി. ചെറിയ പ്രായത്തിൽ മാറാരോഗം പിടിപെട്ടിട്ടും അതിനെ സ്വീകരിക്കാൻ ഈ ചെറുബാലനു കഴിഞ്ഞു. ദിവ്യകാരുണ്യത്തിന്റെ ശക്തിയാൽ മറ്റുള്ളവരെ ആശ്വസിപ്പിച്ചുകൊണ്ട് ആ വിശുദ്ധ ബാലൻ കടന്നുപോയി.

## നമ്മളെങ്ങനെ നമ്മളായി

കഴിഞ്ഞ നൂറ്റാണ്ടിൽ കേരളം ഇങ്ങനെയായിരുന്നില്ല. ആദിവാസികളും ദളിതരുമൊക്കെ എന്താണു ജീവിതമെന്നുപോലും തിരിച്ചറിയാത്തവരായിരുന്നു. കേരളത്തിന്റെ കിഴക്കൻ മേഖലകളിൽ താമസിച്ചിരുന്ന മലയരയരുടെയൊക്കെ വളരെ പ്രാകൃതമായ ജീവിതാവസ്ഥ ഇന്ന് ഓർക്കാൻ പോലും കഴിയില്ല. സി.എസ്.ഐ. സഭയുടെ ഈസ്റ്റ് കേരള മഹായിടവക മേലുകാവിലാണ് സ്ഥിതി ചെയ്യുന്നത്. ആ രൂപതയുടെ ചരിത്രം പഠിക്കുന്നത് കടന്നു പോയ ദുഷ്ക്കരമായ കാലത്തെപ്പറ്റി നമുക്കു മനസ്സിലാക്കാൻ കഴിയും. ഷെക്കെയ്ന ചാനൽ പ്രക്ഷേപണം ചെയ്ത ഈ പരിപാടി കേരളത്തിന്റെ കഴിഞ്ഞ കാലത്തെപ്പറ്റിയും ക്രിസ്ത്യൻ മിഷണറിമാർ ഇവിടെ വരുത്തിയ മാറ്റത്തെക്കുറിച്ചും വലിയ അറിവുകളാണ് നമുക്ക് തരുന്നത്. www.youtube.com/watch?v=udHqcm_FkH0



## ന്യൂടെല്ലായും ലൂർദു മാതാവും

ലോകമെങ്ങുമുള്ള കുട്ടികൾക്ക് പ്രിയംകരമാണ് ന്യൂടെല്ല. മിഷേൽ ഫെറോറ എന്ന അതിന്റെ സ്ഥാപകൻ എട്ടു വർഷം മുമ്പാണ് മരണപ്പെട്ടത്. 1946-ൽ സ്ഥാപിതമായ അദ്ദേഹത്തിന്റെ കമ്പനി ലോകത്ത് വിജയം വരിച്ച കമ്പനികളിലൊന്നാണ്. ലൂർദ് മാതാവിനോടുള്ള ഭക്തിയാണ് തന്റെ കമ്പനിയുടെ വിജയകാരണമെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. ലോകമെങ്ങുമുള്ള തന്റെ സ്ഥാപനങ്ങളിൽ ലൂർദു മാതാവിന്റെ ചിത്രം സ്ഥാപിച്ചിരുന്നു. എല്ലാ വർഷവും അദ്ദേഹം ലൂർദിലേക്കു തീർഥാടനം നടത്തിയിരുന്നു. മാത്രമല്ല, തന്റെ ജീവനക്കാരും ലൂർദിലേക്കു പോകുന്നതിൽ പ്രോത്സാഹനം കൊടുത്തിരുന്നു. 24000 ജീവനക്കാരുള്ള കമ്പനിയാണ് ന്യൂടെല്ല.





## സംഗീതത്തിന്റെ മുദ്ര ദൈവം പതിപ്പിച്ച വൈദികൻ

സ്വരമാധുര്യംകൊണ്ട് ദൈവം അനുഗ്രഹിച്ച കൊച്ചി രൂപതയിലെ വൈദികൻ - ഫാ. ബിബിൻ ജോർജ്. ഫ്‌ളവേഴ്‌സ് കോമഡി ഉത്സവേദിയിൽ ദൈവിക സംഗീതവുമായി അച്ചൻ കടന്നു വന്ന രംഗം ഇപ്പോൾ വൈറലാണ്. ഒരു പുരോഹിതന്റെ വേഷത്തിൽ വന്ന അച്ചന്റെ പ്രകടനത്തെ അഭിനന്ദിക്കുന്നു. ദൈവരാജ്യത്തിന്റെ പ്രഘോഷണമായി ഈ എപ്പിസോഡ് മാറിയെന്നതാണു സത്യം. ഈ മേഖലയിൽ അച്ചനു നല്ല ഭാവി ആശംസിക്കുന്നു. സംഗീതത്തെ ഉപയോഗപ്പെടുത്തി വിശ്വാസം വളർത്താൻ അച്ചൻ ഉപകരണമാകട്ടെയെന്നു പ്രാർഥിക്കുന്നു.

## 'രോമാഞ്ചം' രോമാഞ്ചത്തിലെത്തിക്കുമോ?

ഈയിടെ ഇറങ്ങിയ രോമാഞ്ചം എന്ന സിനിമ ഓജോ ബോർഡു കളിയുമായി ബന്ധപ്പെട്ടതാണ്. ഓജോ ബോർഡുകളി വലിയ വിവാദങ്ങൾ നിലനില്ക്കുന്ന ഒരു ഗെയിമാണ്. ആത്മാക്കളെ വിളിച്ചു വരുത്തുകയും ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ തേടുകയും ചെയ്യുന്ന തരത്തിൽ അനേകം കുട്ടികളെയും ചെറുപ്പക്കാരെയും ഈ ഗെയിം ആകർഷിച്ചിട്ടുണ്ട്. 2004-ൽ അപരിചിതൻ എന്ന ചിത്രത്തിൽ ഇതിനെക്കുറിച്ച് ചില വിവരങ്ങളുണ്ടായിരുന്നു. ഈ ഗെയിമിൽ പങ്കെടുത്ത കുട്ടികളിൽ പലർക്കും അസ്വസ്ഥതകൾ അനുഭവപ്പെട്ടതായി പറയപ്പെടുന്നു. പരേതാത്മാക്കളെ വിളിച്ചു വരുത്തി ഭാവി ഫലങ്ങൾ അന്വേഷിക്കുന്ന തരത്തിലുള്ള പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുന്നത് ശരിയായ രീതിയല്ല. ഓജോ ബോർഡു കളിക്കുന്നവരിൽ അസ്വസ്ഥതകൾ കണ്ടുവരുന്നതായി റിപ്പോർട്ടുകൾ ഉണ്ടെങ്കിൽ അതിൽനിന്നും വിട്ടുനിൽക്കേണ്ടത് വിശ്വാസികളുടെ ഉത്തരവാദിത്വമാണ്.



## അമേരിക്കയിൽ ആത്മീയ വസന്തം

അമേരിക്കയിലെ കെന്റകി ക്രിസ്ത്യൻ കോളേജ് ചാപ്പലിൽ ഒരു ദിവസത്തേക്ക് പ്രാർഥിക്കാൻ കൂടിയതായിരുന്നു കുറച്ചധികം വിദ്യാർഥികൾ. എന്നാൽ അവർക്ക് അത് നിറുത്താൻ പറ്റിയില്ല. ഒരാഴ്ച പിന്നിട്ടിട്ടും പ്രാർഥനയുടെ ആവേശം കെട്ടടങ്ങിയില്ല. യൂണിവേഴ്സിറ്റിയിൽ നടത്തുന്ന ഈ കൂട്ടായ്മയിലേക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും ഇപ്പോൾ വിദ്യാർഥികൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇത് ദൈവത്തിന്റെ ഒരു പ്രത്യേക ഇടപെടലാണ്. ചെയ്തുപോയ പാപങ്ങളെയോർത്ത് പശ്ചാത്തപിച്ചുകൊണ്ടും ലോകസമാധാനത്തിനു വേണ്ടിയും അവർ പ്രാർഥനയിൽ മുഴുകിക്കൊണ്ടിരിക്കുന്നു. ആരും നിർബന്ധിക്കാതെ കേട്ടറിഞ്ഞ് ആയിരക്കണക്കിന് വിദ്യാർഥികളാണ് ഈ പ്രാർഥനാ കൂട്ടായ്മയിലേക്ക് വന്നുകൊണ്ടിരിക്കുന്നത്.

## ഇതാണ് യഥാർഥ ക്രിസ്തീയത

1915-20 കാലഘട്ടത്തിൽ 15 ലക്ഷത്തോളം അർമേനിയൻ ക്രൈസ്തവരെ വംശഹത്യ ചെയ്തവരാണ് തുർക്കിയിലെ അന്നത്തെ ഭരണകൂടം. ധാരാളം ക്രൈസ്തവ സ്ത്രീകളെ ഇസ്ലാം മതത്തിലേക്ക് പരിവർത്തനവും ചെയ്തിരുന്നു. അന്നു തുടങ്ങിയ ഭിന്നതയാണ് അർമേനിയയും തുർക്കിയും തമ്മിലുള്ളത്. എന്നാൽ, ഈയിടെ തുർക്കിയിൽ ഉണ്ടായ ഭൂകമ്പം ധാരാളം നഗരങ്ങളെ തകർത്തു കഴിഞ്ഞപ്പോൾ തങ്ങളാലാവുന്ന സഹായധനവുമായി അനേകം ട്രക്കുകൾ അയച്ചുകൊണ്ട് തങ്ങളുടെ സ്നേഹം അർമേനിയ പ്രകടിപ്പിക്കുകയുണ്ടായി. ക്ഷമിക്കാൻ കഴിയാത്തവിധം കൊടുംക്രൂരതയാണ് തുർക്കിക്കാർ തങ്ങളോട് ചെയ്തതെങ്കിലും ഇത്തരമൊരവസരത്തിൽ സഹായം നൽകിക്കൊണ്ട് അതിരുകളും വ്യവസ്ഥകളുമില്ലാത്ത ക്ഷമിക്കുന്ന ക്രിസ്തുസ്നേഹം അർമേനിയക്കാർ പ്രകടിപ്പിക്കുകയാണ്.







സെറീൻ ഏഞ്ചൽ

# മേഘം പൂത്തുതുടങ്ങി മോഹം പെയ്തുതുട

കേരളത്തിൽ ഇക്കഴിഞ്ഞയിടെ തൃശ്ശൂരിൽവച്ച് യുവജനങ്ങളുടെ ഒരു വലിയ കുടുംബ സംഗമം നടന്നിരുന്നു. ഈയടുത്ത് വിവാഹം കഴിഞ്ഞവരും പത്തും ഇരുപതും മുപ്പതുമൊക്കെ വർഷം ആയവരും അവിടെയുണ്ടായിരുന്നു. കൈക്കുഞ്ഞുങ്ങൾ, കൊച്ചുകുട്ടികൾ, കൗമാരപ്രായക്കാർ, യുവജനങ്ങൾ അങ്ങനെ വ്യത്യസ്ത പ്രായങ്ങളിലുള്ള കുട്ടികളും അവരുടെ മാതാപിതാക്കന്മാരോടൊപ്പം ഉണ്ടായിരുന്നു.

വളരെ ഗംഭീരമായ രീതിയിൽ പ്രോഗ്രാം അവിടെ നടന്നു. പ്രധാന ഹാളിലും അതിനോടുചേർന്നുള്ള വലിയ ഗ്രൗണ്ടിലും പിന്നെ സ്കൂളിന്റെ മറ്റുപലയിടങ്ങളിലായി കുട്ടികൾക്കും പ്രോഗ്രാമുകൾ ഒരേസമയം നടന്നു. പ്രോഗ്രാമിന്റെ രണ്ടാംദിനം വൈകുന്നേരം അവിടുത്തെ ഗ്രൗണ്ടിൽ വച്ച് മാതാപിതാക്കൾക്കായി നടന്ന ഒരു വർക്ക്ഷോപ്പിൽ കണ്ട രസകരമായ ചില രംഗങ്ങളും അവർക്കിടയിൽ രൂപപ്പെട്ട ചില നല്ല അനുഭവങ്ങളും തമാശകളും പൊട്ടിച്ചിരികളും നിറകണ്ണുകളുമൊക്കെ ഒന്നുകാണേണ്ടതുതന്നെയായിരുന്നു. വിപിൻ റോൾഡന്റ് മായാറാണി എന്നീ ദമ്പതികളായിരുന്നു ആ വൈകുന്നേരത്തെ പരിപാടിക്ക് നേതൃത്വം നൽകിയത്.

അനേക വർഷങ്ങളായി ദാമ്പത്യജീവിതം നയിക്കുന്ന, കുടുംബജീവിതം നയിക്കുന്ന അവിടെ കൂടിയിരുന്ന അനേകരോട് പഴയ സിനിമാഗാനങ്ങൾ പാടി കുറച്ചുസമയം റിലാക്സ് ചെയ്യുവാൻ ആവശ്യപ്പെട്ടു.

'അല്ലിയാമ്പൽ കടവിലന്നരയ്ക്കു വെള്ളം' എന്ന ഗാനം സ്റ്റേജിൽ നിന്നുകൊണ്ട് ലൈവായി പാടിയപ്പോൾ മൈതാനത്ത് നിറഞ്ഞുനിന്നിരുന്നവരിൽ പഴയകാല ദമ്പതികൾ ആ ഗാനത്തിനൊപ്പം പാടി ചുവടുകൾ വച്ചു. 'കരളേ കരളിന്റെ കരളേ എന്നോടൊന്നു ചിരിക്കൂ' എന്ന ഗാനം പാടി തുടങ്ങിയപ്പോൾ കുറച്ചുകൂടി ചെറുപ്പക്കാരായ ദമ്പതികൾ ഉൾപ്പെടെയുള്ളവർ അടിപൊളിയായി ഡാൻസ് കളിക്കാൻ തുടങ്ങി. എല്ലാം മറന്ന് അങ്ങനെയൊരു പൊതുസ്ഥലത്ത് പാട്ടുപാടി നൃത്തച്ചുവടുകൾ വച്ചപ്പോൾ ദമ്പതികൾ എല്ലാവരും പരിസരം മറന്ന് തങ്ങളെത്തന്നെ മറന്ന് മറ്റൊരു ലോകത്തായിരുന്നു. പിന്നെയും പാട്ടുകൾ പലതുണ്ടായിരുന്നു.

കുട്ടികളെ പരിചരിക്കലും ആരോഗ്യ പരിപാലനവും സാമ്പത്തിക പരാധീനതകളും രോഗങ്ങളും തുടങ്ങി പലവിധ ജീവിത പ്രാരബ്ധങ്ങൾക്കിടയിലൂടെ ഓടിക്കൊണ്ടിരുന്ന ആ ദാമ്പത്യ ജീവിതങ്ങൾക്ക് ആ ദിവസത്തെ സായന്തനം ഒരിക്കലും മറക്കാൻ സാധിക്കാത്ത അനുഭവങ്ങളാണ് സമ്മാനിച്ചത്. വിവാഹം കഴിഞ്ഞ ആദ്യ നാളുകളിലുണ്ടായിരുന്ന പ്രണയവും സ്നേഹ പ്രകടനങ്ങളുമെല്ലാം വർഷങ്ങൾക്കുശേഷം വീണ്ടും ഒരിക്കൽകൂടെ അനുഭവിക്കാനും ആസ്വദിക്കാനും അവർക്കിടയായത് പറഞ്ഞറിയിക്കാൻ വയ്യാത്ത അനുഭവമായിരുന്നുവെന്ന് പലരും സാക്ഷ്യപ്പെടുത്തി.

അതുപോലെതന്നെ ഏറെ വികാര നിർഭരമായ മറ്റൊരു സമയം കൂടിയുണ്ടായിരുന്നു. മുടിയൊക്കെ അഴിച്ചിട്ട് തന്റെ മുന്നിൽ നിൽക്കുന്ന ഭാര്യയുടെ മുടി ചീകിയൊതുക്കി മുഖത്ത് പൗഡറിട്ട് പൊട്ടുതൊട്ട് അവളെ അണിയിച്ചൊരുക്കി സുന്ദരിയാക്കണം. ഭർത്താവിന്റെ കൈയിൽ കിട്ടിയിരിക്കുന്ന കിറ്റിനുള്ളിൽ ഒരു ബ്യൂട്ടിപാർലർ നടത്തുവാനുള്ള സകലതുമുണ്ടായിരുന്നു. ഭർത്താവ് ഭാര്യയുടെ മുടി സ്നേഹത്തോടെ ചീകിയൊതുക്കിപ്പിടിച്ച് പിന്നിയിട്ടുക്കൊടുക്കുമ്പോഴും കെട്ടിക്കൊടുക്കുമ്പോഴും മുഖത്ത് സ്നേഹത്തലോടലോടെ പൗഡറിട്ട് സുന്ദരിയാക്കുമ്പോഴും ഭാര്യയുടെ മുഖത്തെ ഭാവപ്രകടനങ്ങൾ ഒന്ന് കാണേണ്ടതായിരുന്നു. വിവാഹം കഴിഞ്ഞ് ഒന്നിച്ചു വന്ന തിനുശേഷം ഇതാദ്യമായാണ് തനിക്ക് മുടി വാരിക്കെട്ടിത്തരുന്നതെന്ന് പങ്കുവച്ച ഭാര്യമാരെ പലരെയും അവിടെ കണ്ടു. എല്ലാ ഭാര്യമാരെക്കൊണ്ടും അനുഭവം പറയിപ്പിക്കാൻ സമയം ഉണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ എല്ലാവർക്കും ഇത് ആദ്യാനുഭവം ആയിരിക്കുമോ? അറിയില്ല. ജീവിതത്തിൽ ആദ്യമായി ഭാര്യയ്ക്ക് മുടികെട്ടി കൊടുത്ത (കൊടുക്കേ

> **ഇത് നടക്കുമ്പോൾ ഭാര്യയുടെ മടിയിൽ കാലുകൾവച്ചു കിടക്കുന്ന ഭർത്താക്കന്മാരുടെ ആ മുഖഭാവം, അതൊന്ന് കാണേണ്ടതായിരുന്നു.**

ങ്ങി...



ണ്ടിവന്ന) പല ഭർത്താക്കന്മാരുടെ മുഖഭാവവും ശ്രദ്ധേയമായിരുന്നു.

മറ്റൊരു പ്രധാന സെഷൻ കൂടിയുണ്ടായിരുന്നു. മൈതാനത്ത് നിറയെ വിരിച്ചിരുന്നു പായയിൽ ദമ്പതികൾ എല്ലാവരും ഇരുന്നു. ജോലികഴിഞ്ഞ് ക്ഷീണിതനായെത്തിയ ഭർത്താവ് ഭാര്യയുടെ മടിയിൽ തന്റെ കാലുകൾവച്ച് വിശ്രമിക്കുന്ന രീതിയിൽ കിടക്കുകയും തന്റെ ഭർത്താവിന്റെ കാലുകൾ ഇരു കൈകളും ഉപയോഗിച്ച് മസാജ് ചെയ്തുകൊണ്ട് ഭാര്യ ഭർത്താവിനെ ശുശ്രൂഷിക്കുകയും വേണം. ഭർത്താവിനെ ഇതുപോലെ കാലുകൾ തടവിക്കൊടുത്ത് സ്നേഹത്തോടെ ശുശ്രൂഷിക്കുന്ന ഭാര്യമാർ ഈ കാലഘട്ടത്തിൽ ഉണ്ടാകുമോ ?!! ഇത് നടക്കുമ്പോൾ ഭാര്യയുടെ മടിയിൽ കാലുകൾവച്ച് കിടക്കുന്ന ഭർത്താക്കന്മാരുടെ ആ മുഖഭാവം അതും ഒന്ന് കാണേണ്ടതായിരുന്നു. എത്ര രാജകീയമായിട്ടായിരുന്നു ആ കിടപ്പൊക്കെ.

ഇപ്പറഞ്ഞതെല്ലാം ഒരു വൈകുന്നേരത്തെ പ്രോഗ്രാമായിരുന്നു. ക്ലാസ്സുകളും പങ്കുവയ്ക്കലുകളും ചർച്ചകളുമൊക്കെയായി നടന്ന ഒരു സൂപ്പർ പരിപാടിയായിരുന്നു മൂന്ന് ദിവസങ്ങളിലായി തൃശൂരിലെ സെ. ജോസഫ് പബ്ലിക് സ്കൂളിൽ കഴിഞ്ഞ ഡിസംബറിൽ നടന്നത്. എന്തായാലും വിവാഹം കഴിഞ്ഞ് എത്ര നാളുകളായാലും പതിറ്റാണ്ടുകളെത്ര കഴിഞ്ഞാലും ഉള്ളിലുള്ള പ്രണയവും സ്നേഹമെന്ന വികാരത്തിന്റെ പ്രകടനങ്ങളും അതിന്റെ ആഘോഷങ്ങൾക്കും നമ്മളാണ് കുറവ് വരുത്തുന്നത്. ഇതിന്റെയെല്ലാം കനലുകൾ ഉള്ളിൽ ചാരംമൂടി കിടക്കുന്നത് ഭാര്യയും ഭർത്താവും തന്നെ ഊതിക്കത്തിക്കണം. പരസ്പരമുള്ള ചേർത്തുപിടിക്കലും ക്ഷമയും ബഹുമാനവുമൊക്കെ ഇടയ്ക്കിടെ ഒരാത്മപരിശോധനയ്ക്ക് വിധേയമാക്കണം. അങ്ങനെ ഉള്ളിലുള്ള പ്രണയത്തിന്റെ ഉപ്പ് ഉറകെടാതെ സൂക്ഷിക്കേണ്ടതും ദമ്പതികൾ തന്നെയാണ് ||



# ഫുട്ബോളും വിശ്വാസവും



ജോബി ബേബി, കുവൈറ്റ്




ക്രിസ്തുവിശ്വാസം പരസ്യമായി പ്രഘോഷിക്കാൻ മടി കാട്ടാത്ത കായിക താരങ്ങളിൽ ഒരാളാണ് നെയ്മർ. തന്റെ ട്വിറ്റർ പേജിന്റെ 'ബയോ' സെക്ഷനിൽ നൽകിയിരിക്കുന്ന വിശേഷണം 'ദൈവത്തിന്റെ മകൻ' എന്നത്രേ. മത്സരങ്ങളിൽ '100% ജീസസ്' എന്നെഴുതിയ ബാൻഡ് നെറ്റിയിൽ ധരിച്ച് മൈതാനത്ത് വിശ്വാസം പ്രഘോഷിക്കുന്നതും നെയ്മറിന്റെ പതിവാണ്. മുമ്പ് സ്കോട്ലൻഡിലെ സോക്കർ ക്ലബ് കത്തോലിക്കർക്ക് അംഗത്വം നൽകില്ലെന്ന് വാദിച്ചപ്പോഴും പ്രാർഥനകൾ നിരോധിച്ചപ്പോഴും നെയ്മർ പ്രതികരിച്ചത് വലിയ വാർത്തയായിരുന്നു.

ഖത്തർ ലോകകപ്പ് ഫുട്ബോൾ മാമാങ്കത്തിലെ ബ്രസീലിന്റെ ആദ്യ മത്സരത്തിനു മണിക്കൂറുകൾക്ക് മുൻപ് സൂപ്പർ താരം നെയ്മർ ക്രിസ്തു വിശ്വാസത്തിൽ ആശ്രയിച്ചുകൊണ്ടു സോഷ്യൽ മീഡിയയിൽ പങ്കുവച്ച പോസ്റ്റ് ഏറെ ചർച്ച ചെയ്യപ്പെട്ടു. സെർബിയയ്ക്കെതിരെ ആവേശകരമായ വിജയം സ്വന്തമാക്കിയ മത്സരത്തിന് ഏതാനും മണിക്കൂറുകൾക്ക് മുൻപേ തന്റെ ദൈവ വിശ്വാസം നെയ്മർ പരസ്യമായി വീണ്ടും പ്രഘോഷിക്കുകയായിരിന്നു. 'Que Deus nos abençoe e nos proteja' അഥവാ 'ദൈവം നമ്മെ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ' എന്നാണ് അദ്ദേഹം ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, ട്വിറ്റർ തുടങ്ങിയ നവ മാധ്യമങ്ങളിൽ കുറിച്ചത്. ഇതോടൊപ്പം പങ്കുവച്ച ചിത്രത്തിലും ക്രിസ്തു വിശ്വാസം സാക്ഷ്യപ്പെടുത്തുന്ന വചനം ഉണ്ടായിരിന്നു.

"അവിടത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും; കർത്താവിന്റെ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും" (സങ്കീ 23,6) എന്ന വചനമാണ് ഫുട്ബോൾ ലോകത്തെ ഏറ്റവും പ്രമുഖ താരങ്ങളിൽ ഒരാളായ നെയ്മർ പോർച്ചുഗീസ് ഭാഷയിൽ പോസ്റ്റ് ചെയ്തത്. ഫേസ്ബുക്കിൽ മാത്രം 20 ലക്ഷത്തിലധികം പേരാണ് അദ്ദേഹത്തിന്റെ പോസ്റ്റ് ലൈക്ക് ചെയ്തത്. 75,000 പേർ പോസ്റ്റ് ഷെയർ ചെയ്തു. ഇതേ പോസ്റ്റ് ഇൻസ്റ്റാഗ്രാമിൽ 53 ലക്ഷത്തിലധികം പേരാണ് ലൈക്ക് ചെയ്തത്. ട്വിറ്റർ അടക്കമുള്ള നെയ്മറിന്റെ മറ്റു സോഷ്യൽ മീഡിയ പ്രൊഫൈലുകളിലും ഈ പോസ്റ്റ് തരംഗമായി. യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഘോഷിക്കുവാൻ യാതൊരു മടിയും കാണിക്കാത്ത ഈ സൂപ്പർ താരം ബൈബിൾ വചനങ്ങൾ നവ മാധ്യമങ്ങളിൽ എപ്പോഴും കുറിച്ചും ശ്രദ്ധ നേടിയിട്ടുണ്ട്.

സെർബിയക്കെതിരായ ലോകകപ്പിലെ ആദ്യ മത്സരത്തിൽ കണങ്കാലിന് പരിക്കേറ്റ് ഫുട്ബോൾ ലോകകപ്പിൽ നിന്നും താത്ക്കാലികമായി വിട്ടുനിന്ന നെയ്മർ സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ പങ്കുവച്ച ലഘു കുറിപ്പിലും തന്റെ അചഞ്ചലമായ ദൈവ വിശ്വാസം പ്രകടിപ്പിച്ചു. "ശത്രുക്കൾ എന്നെ ഇങ്ങനെ തകർത്തുകളയുന്നതിനാണോ ഇത്രയും കാലം കാത്തിരുന്നത്? ഒരിക്കലുമല്ല! ഞാൻ അസാധ്യമായ കാര്യങ്ങൾ ചെയ്യുന്ന ദൈവത്തിന്റെ മകനാണ്. എന്റെ വിശ്വാസത്തിന് അവസാനമില്ല" എന്നാണ്. 95 ലക്ഷം പേരാണ് ഇൻസ്റ്റാഗ്രാമിൽ മാത്രം ചിത്രം ലൈക്ക് ചെയ്തത്.

വിജയങ്ങളെപ്രതി കായികതാരങ്ങൾ ദൈവത്തിന് നന്ദി അർപ്പിക്കുന്നത് പതിവാണെങ്കിലും തോൽവിയുടെ നടുവിലും ദൈവഹിതത്തിന് നന്ദി പറയുന്നത് സാധാരണമല്ല. ഖത്തർ ലോകകപ്പിൽ ക്വാർട്ടർ ഫൈനലിലേറ്റ തോൽവിയുടെ സങ്കടം മനസ്സിൽ അലയടിക്കുമ്പോഴും ദൈവത്തിന് നന്ദി പറഞ്ഞ് നെയ്മർ കുറിച്ച ഇൻസ്റ്റഗ്രാം പോസ്റ്റ് തരംഗമായിക്കഴിഞ്ഞു. കുറിപ്പിന്റെ സംഗ്രഹത്തിൽ: "ഞാൻ മാനസികമായി തകർന്നിരിക്കുന്നു. തീർച്ചയായും ഇത് എന്നെ ഏറ്റവും വേദനിപ്പിച്ച തോൽവിയായിരുന്നു. എന്നെ വളരെക്കാലം വേദനിപ്പിക്കും ഇത്. അവസാനംവരെ ഞങ്ങൾ പോരാടി. പ്രതിജ്ഞാബദ്ധതയ്ക്കും അർപ്പണബോധത്തിനും ഒരു കുറവും ഇല്ലാതിരുന്നതിനാൽ എന്റെ ടീമംഗങ്ങളെപ്രതി ഞാൻ അഭിമാനിക്കുന്നു. ഞങ്ങൾ അത് അർഹിക്കുന്നു,




ബ്രസീൽ അത് അർഹിക്കുന്നു... എന്നാൽ, അത് ദൈവത്തിന്റെ ഇഷ്ടമായിരുന്നില്ല! 'നിങ്ങൾ നൽകിയ പിന്തുണയ്ക്ക് ഞങ്ങളുടെ ദേശീയ ടീമിനൊപ്പം നന്ദി പറയുന്നു. നിർഭാഗ്യവശാൽ അത് ഫലവത്തായില്ല... ഇത് വളരെക്കാലം എന്നെ വേദനിപ്പിക്കും. എന്റെ ദൈവമേ, എല്ലാറ്റിനും അങ്ങേയ്ക്ക് നന്ദി പറയുന്നു, അവിടന്ന് എനിക്ക് എല്ലാം തന്നതിനാൽ എനിക്ക് പരാതി പറയാനാവില്ല. എന്നെ കാത്തതിനു നന്ദി, സാഹചര്യം എന്തുതന്നെയായാലും എല്ലാ ബഹുമാനവും മഹത്വവും എപ്പോഴും അവിടത്തേക്കുള്ളതാണ്."

2018ലെ ലോകകപ്പ് മത്സരത്തിൽനിന്ന് ബ്രസീൽ പുറത്തായപ്പോഴും സോഷ്യൽ മീഡിയയിലൂടെ നെയ്മർ ദൈവത്തിന് നന്ദി അർപ്പിച്ചതും ശ്രദ്ധേയമായിരുന്നു. "ദുഃഖകരമായ ഈ സാഹചര്യത്തെ നേരിടാൻ ദൈവം തനിക്ക് കരുത്ത് തരുമെന്ന് തീർച്ചയാണ്. അതിനാൽ തോൽവിയിൽ പോലും ഞാൻ ദൈവത്തിന് നന്ദി പറയും. ദൈവത്തിന്റെ വഴി എന്റെ വഴിയെക്കാൾ മികച്ചതാണെന്ന് എനിക്കറിയാം," ഇപ്രകാരമായിരുന്നു അന്ന് പോസ്റ്റ് ചെയ്ത കുറിപ്പിന്റെ സംഗ്രഹം II

# സിനി ടോക്സ്



ലിജി അനിൽകുമാർ, കുണ്ടുകുഴിപ്പാടം, ചാലക്കുടി




## Blessed Rani Maria often said, “We are grafted onto the cross and we must carry it joyfully unto death."

From a remote village in India... Where people must steal water to Survive... Where farmers are poor and Mistreated... Where only the rich receive Loans... Where girls are Dehumanized... One woman dared to make a Difference... One woman sacrificed her life for Humanity... One woman gave service beyond Religion...Good deeds are rewarded with tragic Death. Unbelievable, but a TRUE story of Forgiveness...

- സ്പാനിഷ്
- ഫ്രഞ്ച്
- ഹിന്ദി
- മലയാളം
- തമിഴ്
- തെലുങ്ക്
- കന്നഡ

**എന്നീ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്ത ഈ ചിത്രം 2023 മാർച്ചിൽ തീയേറ്ററുകളിലൂടെ ലോകമെമ്പാടുമുള്ള പ്രേക്ഷകരിലെത്തുന്നു.**




## Why this film?

വാഴ്ത്തപ്പെട്ട റാണി മരിയയുടെ യഥാർഥ ജീവിതകഥയാണിത്. റാണി മരിയയുടെ ജീവിതവും മരണവും, സമൂഹത്തിൽ അവർ ചെലുത്തിയ സ്വാധീനവും എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ഫീച്ചർ ഫിലിം. ഒരു നാടിനെ ഒന്നടങ്കം സ്വാധീനിച്ച്, മാറ്റത്തിന്റെ പാതയിലൂടെ നയിച്ച ഒരു മഹത്‌വ്യക്തിയുടെ അനശ്വരമായ ജീവിതത്തെ, പ്രചോദനാത്മകമായ സംഭവങ്ങളിലൂടെയും, ത്യാഗത്തിലേക്ക് നയിച്ച അവളുടെ പോരാട്ടങ്ങളിലൂടെയും വിജയങ്ങളിലൂടെയും ചിത്രീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ലോകത്തിന് ഒരു യഥാർഥ മാതൃകയാണ് സിസ്റ്റർ റാണി മരിയ. താൻ സേവിച്ച സമൂഹത്തിലെ അനീതികൾക്കെതിരെയുള്ള അവളുടെ പോരാട്ടങ്ങൾക്ക് പ്രാദേശിക സ്വഭാവവും അതേസമയം തന്നെ ഒരു സാർവത്രിക മാനവുമുണ്ട്. അവളുടെ ജീവിതവും അവളുടെ കുടുംബത്തിന്റെ കഥയും അവളുടെ കൊലപാതകിയുമായുള്ള അവരുടെ ബന്ധവും സമൂഹത്തെ മുഴുവൻ സ്വാധീനിക്കും.






ഡോ. ചാക്കോച്ചൻ ജെ. ഞാവള്ളിൽ

# കുഞ്ഞുമാലാഖയുടെ ദൈവകഥകൾ

ഇതൊരു വലിയ കഥാ പുസ്തകമാണ്. ഹാർഡ് ബൈൻഡിൽ 525 പേജുകൾ. ആദവും ഹവ്വയും മുതൽ ഈശോയുടെ സ്വർഗാരോഹണം വരെ 115 കഥകളുള്ള പുസ്തകം. മനോഹരമായ ചിത്രങ്ങളാണി തിന്റെ വലിയൊരു പ്രത്യേകത. ഇന്ത്യയിലും വിദേശങ്ങളിലുമായി നിരവധി പ്രസിദ്ധീക രണങ്ങളെ വര കൊണ്ട് ശ്രദ്ധേയമാക്കിയ **വെങ്കി** ഈ പുസ്തകത്തെ അനന്യമായ തന്റെ ചിത്രീകരണംകൊണ്ടു അതിമനോഹ രമാക്കിയിയിരിക്കുന്നു. മലയാളം വായിക്കു ന്നതിനെക്കാൾ കേൾക്കാനാണ് താത്പര്യ മെങ്കിൽ ഓഡിയോയുമുണ്ട്. കോട്ടയത്തെ ലിവിങ് ലീഫ് ആണ് പ്രസാധകർ.

**അതി പ്രഗത്ഭനായൊരു എഴുത്തുകാരൻ –** **പ്രൊഫ. എസ്. ശിവദാസ്** എന്ന ശിവദാസ് മാമനെക്കുറിച്ച് ശരിക്കറിഞ്ഞാൽ നമുക്ക് അത്ഭുതപ്പെടാതിരിക്കാനാവില്ല. ജനനം 1940 (ഇപ്പോൾ പ്രായം 83 വയസ്സ്), കേരള യൂണിവേഴ്സിറ്റിയിൽ നിന്നും രസതന്ത്ര ത്തിൽ ബിരുദാനന്തര ബിരുദം. 1962 മുതൽ 1995 വരെ കോട്ടയം സി.എം.സ് കോളേജിൽ അധ്യാപകൻ. എം ജി യൂണിവേഴ്സിറ്റി രസതന്ത്രം പോസ്റ്റ് ഗ്രാഡുവേറ്റ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായിരുന്നു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കോട്ടയം ജില്ല സ്ഥാപക സെക്രട്ടറിയും ശാസ്ത്രകേരളം, യുറീക്ക എന്നിവയുടെ എഡിറ്ററുമായിരുന്നു. വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം, കീയോകിയോ, മാത്തൻ മണ്ണിര ക്കേസ്, കിളിമകളുടെ പുണ്യവാളൻ, നോഹ യുടെ കഥയും കഥയിലെ രഹസ്യങ്ങളും, മ്യൂനിച്ചിലെ സുന്ദരികളും സുന്ദരന്മാരും, ശാസ്ത്രകഥാസാഗരം, നിങ്ങളുടെ മക്കളെ എങ്ങനെ മിടുമിടുക്കരാക്കാം, ജോയ് ഓഫ് സയൻസ്, പഠിക്കാൻ പഠിക്കാം, ഉണർത്തും കഥകൾ വളർത്തും കഥകൾ, ജയിക്കാൻ പഠിക്കാം, അറിവേറും കഥകൾ, നിങ്ങളുടെ ചിറകുകൾ കണ്ടെത്തുവിൻ തുടങ്ങി ഇരുന്നൂ റിലേറെ ഗ്രന്ഥങ്ങളുടെ കർത്താവാണ്.

അമ്പതിലേറെ വർഷങ്ങളായി വിദ്യാഭ്യാസ രംഗത്തും, ശാസ്ത്രരംഗത്തും സാഹിത്യരം ഗത്തും പ്രവർത്തിക്കുന്നു. കുട്ടികൾക്കിട യിൽ നിരന്തരമായി ശാസ്ത്രപ്രചാരണം നടത്തി അതിനുള്ള നൂതനങ്ങളായ മാർഗ ങ്ങൾ രൂപപ്പെടുത്തി വിജയിപ്പിച്ച് മറ്റു ഭാഷ കൾക്കും മാതൃകയായതിന് 1990-ൽ നാഷ ണൽ കൗൺസിൽ ഫോർ സയൻസ് & ടെക് നോളജി കമ്യൂണിക്കേഷൻ (NCSTC) അവാർഡ് ലഭിച്ചു. ശാസ്ത്രസാഹിത്യരംഗത്ത് പരീക്ഷണ ഗവേഷണങ്ങൾ നടത്തി അനേകം രചനകൾ സൃഷ്ടിച്ചു. കഥ, നോവൽ, നാടകം, ലേഖനം തുടങ്ങിയ വ്യത്യസ്ത വിഭാഗങ്ങ ളിൽ പുസ്തകങ്ങൾ രചിച്ചു. പരിസ്ഥിതി സംരക്ഷണം, വിദ്യാഭ്യാസം, പേരന്റിങ്, തുടങ്ങിയ മേഖലകളിലും ലേഖനങ്ങൾ വഴിയും പ്രഭാഷണങ്ങൾ വഴിയും സംഭാവന കൾ ചെയ്തിട്ടുണ്ട്. കുട്ടികൾ, അധ്യാപകർ, എഴുത്തുകാർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർക്കായുള്ള വർക്ക്ഷോപ്പു കൾക്ക് നേതൃത്വം കൊടുത്തുവരുന്നു.

ടാറ്റാ ട്രസ്റ്റ് പരാഗ് ബിഗ് ലിറ്റിൽ ബുക്ക് അവാർഡ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എമറിറ്റസ് ഫെലോഷിപ്പ്, NCERT, NCSTC കേന്ദ്ര സാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഭീമ, എസ്.ബി.ഐ. തുടങ്ങിയവയുടെ അവാർഡുകളും നേടിയിട്ടുണ്ട്.

**സുന്ദരമായ ഭാഷ –** മനോഹരമായ ഭാഷ യാണ് ഈ പുസ്തകത്തിന്റെ പ്രധാന പ്ര ത്യേകതകളിലൊന്ന്. നോക്കൂ, നോഹയുടെ കാലത്തെ വെള്ളപ്പൊക്കത്തിനു കാരണമായ മഴ നമുക്കും അനുഭവിക്കാം ഈ വാക്കുക ളിൽ: "അതോടെ മഴയും തുടങ്ങി. ഒരു തുള്ളി, പല തുള്ളി, പലപല തുള്ളികൾ, തുള്ളിമഴ പെട്ടെന്നു പെരുമഴയായി. ആർത്ത ലച്ചു പെയ്യുന്ന മഴ. പെട്ടകത്തിനടുത്തും അകലെയും നിന്നിരുന്നവരെല്ലാം പെട്ടകത്തി ലേക്കു കയറാൻ ഓടിച്ചെന്നു. മഴ അപ്പോ ഴേക്കും കൊടും പെരുമഴയായി മാറിയിരുന്നു."

**ബൈബിൾ വ്യാഖ്യാനം –** പ്രൊഫ. എസ്. ശിവദാസിന്റെ ബൈബിൾ വ്യാഖ്യാനങ്ങളും അവിടവിടെയായി ചിതറിക്കിടക്കുന്നുണ്ട്. അനുസരണക്കേട് കാട്ടിയ ആദത്തെയും ഹവ്വയെയും ദൈവം ശിക്ഷ നല്കി പറുദീസ യിൽ നിന്ന് പുറത്താക്കി. അധ്വാനത്തിന്റെ ഫലമനുഭവിച്ച അവരുടെ വിചാര വികാര ങ്ങൾ നോക്കൂ "പാറപോലെ ഉറച്ച വിശ്വാസ ത്തിന്റെ ബലം ആദാമിനു ശക്തി നൽകി. ഹവ്വാക്കും താങ്ങായി. അവർ വിജനമായ ആ ഭൂമിയിൽ തന്നെ പാർത്തു. ആ മണ്ണിൽ പണിതു. കൂർത്ത പാറകൊണ്ടു മണ്ണിളക്കി. കൃഷിചെയ്തു. വിളവെടുത്തു. അധ്വാനിച്ച് വിയർപ്പൊഴുക്കി അപ്പം തിന്നപ്പോൾ




എന്തൊരു രുചി. ഇതു ശിക്ഷയാണോ? അനുഗ്രഹമാണോ? ജീവിക്കേണ്ടതാണ് ഈ ജീവിതം. അതും ദൈവമേ അങ്ങു കനിഞ്ഞു നൽകിയിരിക്കുന്ന അനുഗ്രഹം. ആദം ഹവ്വായുമൊത്തു പ്രാർഥിച്ചു കരുത്തു നേടി. എല്ലാ കഠിനപ്രയത്നങ്ങളും സസന്തോഷംതന്നെ ചെയ്തു. ദൈവം അവരുടെ ഭക്തിയിലും അധ്വാനശീലത്തിലും സന്തോഷിച്ചു. അവരെ അനുഗ്രഹിച്ചു"

**ശിവദാസ് മാമന്റെ വാക്കുകൾ –** "പ്രിയപ്പെട്ടവരേ, ഇതാ കുഞ്ഞുമാലാഖ, ദൈവകഥകൾ പറയുന്ന കൊച്ചുമാലാഖ, ദൈവത്തിന്റെ പുന്നാരക്കുട്ടി, ഒരു നാൾ ഒരു ദൈവനിയോഗം പോലെ, കുഞ്ഞുമാലാഖ എന്റെ മനസ്സിലും കയറിയിരുന്നു. കഥകൾ പറയാൻ തുടങ്ങി! പ്രിയപ്പെട്ടവരേ, കുഞ്ഞുമാലാഖ പറയുന്ന ദൈവകഥകൾ കേട്ടുകേട്ട് എഴുതുമ്പോൾ, എന്റെ കണ്ണുകളും മനവും നിറഞ്ഞിരുന്നു, ഞാനും അക്കാലം സ്വർഗത്തിലായിരുന്നു."

"എന്റെ പുന്നാരക്കുട്ടികളേ! കുട്ടിത്തം ഊന്നിനിൽക്കുന്ന മുതിർന്നവരേ! ഈ കഥകൾ വായിക്കൂ; കേൾക്കൂ; ആനന്ദിക്കൂ!"

"ഈ കാതലുള്ള കഥകൾ നിങ്ങളെ വളർത്തും. മഹത്തായ സ്വപ്നങ്ങൾ ഉള്ളവരാക്കും. മഹാത്മാക്കൾ തന്നെയാക്കും. പ്രിയ മുതിർന്നവരേ! ഈ കഥകൾ ഒരു പ്രാവശ്യം വായിച്ചാൽ പോരാ. പല പ്രാവശ്യം വായിക്കണം; കേൾക്കണം. കേട്ടും വായിച്ചും വളരണം.  വളർന്നു വളർന്നു ഒരു കുഞ്ഞു മാലാഖയെപ്പോലെ, ചിരിക്കാനും സ്നേഹിക്കാനും സ്വപ്നങ്ങൾ കാണാനും, ലോകത്തിനുമുഴുവൻ സ്വപ്നങ്ങൾ നൽകാനും, കഴിവുള്ളവരായി വളരണം. അപ്പോൾ പ്രിയപ്പെട്ടവരേ ഭൂമിയും സ്വർഗമാകും."

**വില –** 1600 രൂപയാണ് പുസ്തകത്തിന്റെ വില. സാധാരണക്കാർക്ക് സ്വന്തമായി വാങ്ങാനും സമ്മാനം നല്കാനും ബുദ്ധിമുട്ടായേക്കും. സ്കൂൾ, കോളജ്, പബ്ലിക്ക് തുടങ്ങിയ എല്ലാത്തരം ലൈബ്രറികളിലും തീർച്ചയായും ഇത് ലഭ്യമാക്കേണ്ടതുണ്ട്.

**Living Leaf Publishers**
Baker Hill, Kottayam, Kerala 686 001
✆ +91 94963 13408  WhatsApp 94477 03408

# ജീസസ് യൂത്ത് വിചിന്തനം




കൽക്കരിക്കട്ടയെ പൊന്നാക്കിമാറ്റുന്ന ദൈവവചനം ഇന്നും പ്രവർത്തന നിരതമാണ്. ഈ വചനം സ്പർശിച്ചപ്പോൾ ജീവിതത്തിന്റെ ചപലതകളെ വലിച്ചെറിഞ്ഞ വി. അഗസ്റ്റിൻ തന്റെ പഴയ ജീവിതത്തെക്കുറിച്ച് ആത്മകഥയിൽ കുറിച്ചതിങ്ങനെയാണ്, 'മോഹത്തിന്റെ ചെളിനിറഞ്ഞ ഇരുട്ടിൽ നിന്നും സ്നേഹത്തിന്റെ സൗന്ദര്യത്തെ തിരിച്ചറിയാൻ കഴിയാത്തവിധം പാപത്തിനോടുള്ള ചായ്‌വും യുവത്വത്തിന്റെ ക്രമരഹിതമായ വികാരങ്ങളും എന്റെ ആത്മാവിനെ അവ്യക്തമാക്കുകയും ഇരുണ്ടതാക്കുകയും ചെയ്തു.' അന്ധകാരപൂരിതമായ ഈ ജീവിതത്തിൽനിന്ന് തന്നെ മോചിപ്പിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ അഗസ്റ്റിൻ ഒരു ഉദ്യാനത്തിൽ ദൈവകരുണക്കായി പ്രാർഥിക്കുമ്പോൾ 'എടുത്തു വായിക്കുക' എന്ന സ്വരം കേൾക്കുന്നു. വിശുദ്ധിയുടെ സൗരഭ്യത്തിലേക്ക് അദ്ദേഹത്തെ ഉയർത്തുവാൻ ഇടയാക്കിയ ആ വചനമാണ് ഈ മാസത്തെ നമ്മുടെ ധ്യാനവിഷയം. 'കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ.'

പ്രഭാതത്തിലുണരുമ്പോൾ രാത്രിയിലെ വസ്ത്രം മാറ്റി നാം പകലിനനുയോജ്യമായ വസ്ത്രം ധരിക്കുന്നു. അണിഞ്ഞിരിക്കുന്ന വസ്ത്രം നമ്മുടെ പെരുമാറ്റത്തെ സ്വാധീനിക്കാറുണ്ട്. ദിവസങ്ങളുടെ പ്രത്യേകത അനുസരിച്ചാണ് നാം വസ്ത്രം തെരഞ്ഞെടുക്കുന്നത്. പുറംജോലികൾക്കോ കായികമായുള്ള ജോലികൾ ഉള്ളപ്പോഴോ അതിനു പറ്റിയ വസ്ത്രമാണ് നാം ധരിക്കാറ്. അതിൽ ചെളി പറ്റിയാലോ മുഷിഞ്ഞാലോ നാം അത്ര ശ്രദ്ധിക്കാറില്ല. നേരേമറിച്ചു നാം തൂവെള്ള വസ്ത്രമാണ് ഉടുക്കുന്നതെങ്കിലോ? വസ്ത്രത്തിൽ നേരിയ അഴുക്കുപോലും പറ്റാതിരിക്കാൻ നാം പ്രത്യേകമായി ശ്രദ്ധിക്കും. നാം ഇരിക്കാനൊരുങ്ങുമ്പോഴും ചാരാൻ ഒരുങ്ങുമ്പോഴും അഴുക്കൊന്നും കാണുന്നില്ലെങ്കിലും ഒന്നുകൂടെ തുടച്ചിട്ടേ ഇരിക്കുകയുള്ളൂ. അൽപം അഴുക്കുപറ്റിയാൽ പോലും നാം അസ്വസ്ഥരാകും. അത് എങ്ങനെ തുടച്ചുകളയാമെന്നായിരിക്കും നമ്മുടെ ചിന്ത. ഇനി നാം അശ്രദ്ധമായിട്ടാണ് പെരുമാറുന്നതെങ്കിലോ? ചുരുങ്ങിയ സമയം കൊണ്ട് വെള്ളവസ്ത്രം കറയും അഴുക്കും കൊണ്ട് നിറയും. മറ്റുള്ളവരുടെ മുൻപിൽ നാം പരിഹാസ്യരായി തീരുകയും ചെയ്യും.

രാത്രിയെ പഴയ ജീവിതമായിട്ടും പകലിനെ യേശുവിലുള്ള പുതിയ ജീവിതമായിട്ടുമാണ് പൗലോസ് ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്. പകലേറെയായിട്ടും ഉറങ്ങുന്ന മക്കളെ കാണുമ്പോൾ അലോസരപ്പെടുന്ന അപ്പന്റെ ഭാവമാണിവിടെ ശ്ലീഹായ്ക്ക്. നിദ്ര വിട്ടുണരേണ്ട മണിക്കൂറാണിതെന്നു ശ്ലീഹാ സഭയെ ഓർമിപ്പിക്കുന്നു. കാരണം യേശുവാകുന്ന പ്രഭാത സൂര്യന്റെ സ്നേഹകിരണങ്ങൾ നമ്മെ തഴുകുമ്പോൾ സ്വാർഥതയുടെ പുതപ്പിനുള്ളിൽ ഇനിയും നമുക്കെങ്ങനെ മയങ്ങാനാകും? പകലിന്റെ പൈതൽ അതിന് യോജിച്ചവിധം പെരുമാറുക തന്നെ വേണം.

പ്രകാശത്തിൽ നടക്കുവാൻ രണ്ടു കാര്യങ്ങളാണ് നാം ചെയ്യേണ്ടത്. കർത്താവായ യേശുക്രിസ്തുവിനെ ധരിക്കണം, ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കണം. യേശുവിനെ രക്ഷകനും കർത്താവുമായി നാം ബോധപൂർവം സ്വീകരിച്ചാൽ വെള്ളവസ്ത്രം ധരിക്കുന്നതുപോലുള്ള ജാഗ്രത നമ്മുടെ എടുപ്പിലും നടപ്പിലും ഉണ്ടാകും. ഭവനങ്ങളിൽ വിശുദ്ധ കുർബാന നൽകാൻ പോകുന്ന വൈദികരെ കണ്ടിട്ടില്ലേ? ആ സമയമത്രയും അവർ മറ്റെന്തിലെങ്കിലും ശ്രദ്ധിക്കുകയോ സംസാരിക്കുകയോ ചിന്തിക്കുകയോ ചെയ്യാറില്ല; പ്രത്യുത നിശ്ശബ്ദമായി പ്രാർഥിച്ചുകൊണ്ട് നടക്കും. നാം ക്രിസ്തുവിനെ

ധരിച്ചാൽ അവൻ നമ്മിലുണ്ടെന്ന അവബോധം നന്മയിൽ വ്യാപരിക്കാൻ തുണയാകും. നിരന്തര ദൈവസാന്നിധ്യബോധം നമ്മെ എല്ലാ പാപസാഹചര്യങ്ങളിൽ നിന്നും അകറ്റുകയും വിശുദ്ധമായി ജീവിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യും.

ക്രിസ്തുവിനെ ധരിക്കുക എന്നാൽ എന്തായിരിക്കും ശ്ലീഹാ അർഥമാക്കുക? 'അതിനാൽ, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ' (കൊളോ 3,12). ക്രിസ്തു സ്വഭാവമെന്ന വസ്ത്രമാണ് നാം അണിയേണ്ടത് എന്ന് ഇവിടെ വ്യക്തമാണ്. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കുകടന്ന ദൈവപൈതലിന്റെ സവിശേഷത നമ്മുടെ സ്വഭാവത്തിലും പ്രതിഫലിപ്പിക്കത്തക്ക രീതിയിൽ യേശുവിൽ മുങ്ങിത്താഴണമെന്നു സാരം. ജ്ഞാനസ്നാനത്തിലൂടെ നാം ക്രിസ്തുവിനെ ധരിച്ചവരാണ് (ഗലാ 3,27). കൂടെക്കൂടെ അനിവാര്യമാകുന്ന ഈ ഓർമപ്പെടുത്തൽ നാം ക്രിസ്തുവിന്റേതാണ് എന്ന ബോധ്യം അരക്കിട്ടുറപ്പിക്കുന്നു. നമ്മുടെ ചിന്തകളിലും സ്വപ്നങ്ങളിലും ക്രിസ്തു പ്രേരിതമായ ആത്മീയ അഭിലാഷങ്ങൾ നിറയുമ്പോൾ (റോമ 8,6) ദുർമോഹങ്ങളിലേക്ക് നയിക്കുന്ന ചിന്തകൾക്ക് ഇടമില്ലാതാകുന്നു.

ഈ വസ്ത്രം നാം എങ്ങനെയാണ് ധരിക്കേണ്ടത്? ജോസഫ് തന്റെ കൈനീളമുള്ള കുപ്പായം അഭിമാനത്തോടെ ധരിച്ചതുപോലെ തന്നെ. ദൈവപിതാവ് നമ്മോടുള്ള വലിയ കാരുണ്യത്താൽ ജ്ഞാനസ്നാനത്തിൽ നമ്മെ ക്രിസ്തുവിനാൽ പുതപ്പിച്ചു. ലോകത്തിനനുരൂപരാകാതെ നാം ജീവിക്കുമ്പോൾ പലരും നമ്മെ അവഗണിക്കുകയും എതിർക്കുകയും ചെയ്യും. അപ്പന് തന്നോടുള്ള സ്നേഹത്തിന്റെ അടയാളമായ കുപ്പായം സഹോദരരുടെ വെറുപ്പിനെ കാര്യമാക്കാതെ ധരിച്ച ജോസഫ് നമുക്ക് മാതൃകയാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന, അവന്റെ നാമധാരികളായ (Jesus Youth) നാം ക്രിസ്തുധാരികളായി ജീവിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ലോകത്തിന്റെ മേൽ ഇരുട്ട് പരക്കാതിരിക്കണമെങ്കിൽ ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ നാം ധരിക്കുകയും അവനെ പ്രകാശിപ്പിക്കുകയും വേണം. വിശുദ്ധ അഗസ്റ്റിനെ പോലെ ഈ വചനം എടുത്തു വായിക്കാം. ജീവിക്കാം. അത് നമ്മുടെ വികാരങ്ങൾക്കു ക്രമവും ആത്മാവിനു വ്യക്തതയും പകരും. ക്രിസ്തുവിന്റെ മനോഭാവം ക്രമാനുഗതമായി നമ്മിൽ വളരുകയും ചെയ്യും.

***റെന്നി ജോസഫ് ഞാറക്കുളം***

*മൂന്നു ദശാബ്ദത്തിലേറെയായി ജീസസ് യൂത്തിൽ സജീവ സാന്നിധ്യമായ റെന്നി, സ്കൂൾ അധ്യാപകനും കേരള കൗൺസിലിന്റെ ആനിമേറ്ററുമാണ്. ഭാര്യ മിനിയും നാലു മക്കളുമൊപ്പം കോഴിക്കോട് താമസം.*

## ക്രിസ്തുവെന്ന വസ്ത്രം

ആത്മീയമായി കൂടുതൽ ആഴപ്പെടുവാനും വളരാനും ആഗ്രഹിക്കുമ്പോൾ ക്രിസ്തുവിനെ ധരിക്കണമെന്ന ഈ വചനഭാഗം ധ്യാനിക്കുന്നത് എനിക്ക് കൂടുതൽ ഉപകാരപ്രദമാകുന്നുണ്ട്. ക്രിസ്തുവിന് നിരക്കാത്ത എല്ലാ കാര്യങ്ങളും എന്നിൽ നിന്ന് മാറ്റുവാൻ ഈ വചന വിചിന്തനം എന്നെ പ്രചോദിപ്പിക്കുന്നു.


ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന എന്റെ കൂട്ടുകാരുടെ പല സ്വഭാവ സവിശേഷതകളും ജീവിത രീതികളും എന്നെ സ്വാധീനിക്കാറുണ്ട്. അതെന്റെ സുഹൃത്തുക്കൾ ആവണമെന്നില്ല. ഞാനിഷ്ടപ്പെടുന്ന ഏത് വ്യക്തിയുടെയും പ്രത്യേകതകൾ എന്റെ ജീവിതത്തെ സ്വാധീനിക്കുന്നതായി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

ഞാൻ ഈശോയെ ധരിച്ചുകൊണ്ട് ഈശോയെപ്പോലെ ജീവിക്കാൻ ശ്രമിക്കുന്ന ആളാണെങ്കിൽ തീർച്ചയായും എന്റെ സുഹൃത്തുക്കളിലേക്കും എന്നോടൊപ്പമുള്ള എല്ലാവരിലേക്കും ഈശോയുടെ സ്വഭാവവും പ്രത്യേകതകളും ജീവിതശൈലികളും ഒക്കെയായിരിക്കും എന്നിലൂടെ അവർക്ക് കാണാനാവുന്നത്. കാരണം, ഈശോയിൽ ജീവിക്കാൻ ആഗ്രഹിക്കുമ്പോൾ തീർച്ചയായും ഈശോതന്നെ എന്നിൽ പ്രവർത്തിച്ച് എന്നിലൂടെ മറ്റുള്ളവരിലേക്ക് കടന്നു ചെല്ലും. എന്നിലൂടെ ഈശോയെ കാണാൻ മറ്റുള്ളവർക്കിടയാകുന്നുവെങ്കിൽ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹവും അതുതന്നെയായിരിക്കും.

***റിഷി പാലാരിവട്ടം, എറണാകുളം***


ജൂഹി എൽസ് ജോർജ്


സിന്റോ വി. വർഗീസ്




# ഫാ. ബോസ്കോവിച്ച്

## Fr. Roger Joseph Boscovich

റഗുസ റിപ്പബ്ലിക്കിൽ നിന്നുള്ള ഭൗതികശാസ്ത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനും തത്ത്വചിന്തകനും ജെസ്യൂട്ട് പുരോഹിതനുമായിരുന്നു ഫാ. ബോസ്കോവിച്ച്. തന്റെ Theoria Philosophiae Naturalis എന്ന കൃതിയിൽ ആറ്റോമിക് സിദ്ധാന്തത്തിന്റെ ആദ്യ യോജിച്ച വിവരണം (Coherent description) അദ്ദേഹം വികസിപ്പിച്ചെടുത്തു. പ്രപഞ്ചത്തിന്റെ ഘടനയെ ഒരൊറ്റ ആശയത്തിൽ മനസ്സിലാക്കാനുള്ള മഹത്തായ ശ്രമങ്ങളിലൊന്നാണിത്. ഈ കൃതിയിൽ, ദ്രവ്യത്തിന്റെ ആത്യന്തിക ഘടകങ്ങൾ അവിഭാജ്യ ബിന്ദുകളായ 'ആറ്റങ്ങൾ' ആണെന്നും അവ ശക്തിയുടെ കേന്ദ്രങ്ങളാണെന്നും ഈ ശക്തി, ദൂരത്തിന് ആനുപാതികമായി വ്യത്യാസപ്പെടുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

ആധുനിക ആറ്റോമിക് സിദ്ധാന്തത്തിന്റെ പിറവിക്ക് ഒരു നൂറ്റാണ്ടിലേറെ മുമ്പ് അദ്ദേഹത്തിന്റെ കൃതികൾ പ്രത്യക്ഷപ്പെട്ടു എന്നതാണ് ശ്രദ്ധേയമായ കാര്യം. ഒരു ഗ്രഹത്തിന്റെ ഭ്രമണപഥം അതിന്റെ സ്ഥാനത്തെക്കുറിച്ചുള്ള മൂന്ന് നിരീക്ഷണങ്ങളിൽ നിന്ന് കണക്കാക്കുന്നതിനുള്ള ഒരു നടപടിക്രമം ആദ്യമായി നൽകിയതും അദ്ദേഹമാണ്. 1753-ൽ ചന്ദ്രനിലെ അന്തരീക്ഷമില്ലായ്മയും അദ്ദേഹം കണ്ടെത്തി. സൂര്യഗ്രഹണങ്ങളിൽ വൈദഗ്ധ്യം നേടിയ അദ്ദേഹം ഇറ്റലിയിൽ ബ്രെറ ഒബ്സർവേറ്ററി രൂപകല്പന ചെയ്യുകയും സ്ഥാപിക്കുകയും ചെയ്തു. ജ്യോതിശാസ്ത്രത്തിലെ അദ്ദേഹത്തിന്റെ സംഭാവനകൾക്ക്, ഒരു ചന്ദ്ര ഗർത്തത്തിന് ബോസ്കോവിച്ച് ഗർത്തം എന്ന് നാമകരണം ചെയ്തു. 2011-ൽ, ക്രൊയേഷ്യൻ സന്ദർശന വേളയിൽ, ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രഖ്യാപിച്ചു: "വിശ്വാസവും ശാസ്ത്രവും തമ്മിലുള്ള സന്തോഷകരമായ ദാമ്പത്യം ബോസ്കോവിച്ച് നന്നായി അവതരിപ്പിച്ചു, അത് പരസ്പരം തുറവിയുള്ളതും വൈവിധ്യപൂർണവും ഒരേ സമയം സംഗ്രഹിക്കാൻ കഴിവുള്ളതുമായ തിരയലിൽ പരസ്പരം ഉത്തേജിപ്പിക്കുന്നു. ഞങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു. പ്രസിദ്ധനായ ഒരു ക്രൊയേഷ്യനു, മാത്രമല്ല ആധികാരികനായ ഒരു ജെസ്യൂട്ട് പുരോഹിതനും."


THEORIA
PHILOSOPHIÆ NATURALIS
REDACTA AD UNICAM LEGEM VIRIUM
IN NATURA EXISTENTIUM,
AUCTORE
P. ROGERIO JOSEPHO BOSCOVICH
SOCIETATIS JESU,
NUNC AB IPSO PERPOLITA, ET AUCTA,
Ac a plurimis præcedentium editionum
mendis expurgata.
EDITIO VENETA PRIMA
IPSO AUCTORE PRÆSENTE, ET CORRIGENTE.
VENETIIS,
MDCCLXIII.
EX TYPOGRAPHIA REMONDINIANA.
SUPERIORUM PERMISSU, ac PRIVILEGIO.





സാജൻ സി.എ.

# കറുത്ത ബൊലെറോ

ആക്സിഡൻറ് നടന്ന സ്ഥലത്ത് ജനങ്ങൾ തിങ്ങി കൂടുകയാണ്. ജനക്കൂട്ടത്തിനിടയിലെ ചില നേതാക്കൾ വാഹനങ്ങൾക്ക് തടസ്സം ഉണ്ടാകാതിരിക്കാൻ ട്രാഫിക് പോലീസിന്റെ ഡ്യൂട്ടി ചെയ്യുന്നുണ്ട്. എതിരെ വന്ന ടിപ്പർ ലോറിയുമായി കൂട്ടിയിടിച്ചാണ് അപകടം. ബൈക്കിൽ സഞ്ചരിച്ചിരുന്ന മധ്യവയസ്കരായ ചേട്ടനും ചേച്ചിയുമാണ് ആക്സിഡന്റിൽ പെട്ട് റോഡരികിൽ വീണത്. രണ്ടു പേർക്കും ബോധം നഷ്ടപ്പെട്ടു. റോഡിൽ കിടക്കുന്ന ചേച്ചിയുടെ തലയ്ക്കു കീഴെ നിന്ന് രക്തം റോഡിലേക്ക് പരക്കുന്നുണ്ട്. ബൈക്ക് മറിഞ്ഞു കിടക്കുന്നത് ചേട്ടന്റെ കാലിലേക്കാണ്. അയാളിൽ ഒരു ഞെരക്കം മാത്രം. പലയിടങ്ങളിൽ കാണുന്നപോലെ ഇവിടെയുമുണ്ടായിരുന്നു മൊബൈലിൽ ദൃശ്യം പകർത്തുന്ന വിരുതന്മാർ. ആരെങ്കിലുമൊന്ന് ഇവരെയെടുത്ത് ആശുപത്രിയിൽ കൊണ്ടുപോകൂവെന്ന് പറഞ്ഞ് കൈകെട്ടി നിൽക്കുന്ന 'സന്മനസ്സുള്ള' ചിലരുണ്ടായിരുന്നു അവിടെ. ആൾക്കൂട്ടത്തിനിടയിൽ നിന്ന് തൊട്ടപ്പുറത്തെ ഓട്ടോ സ്റ്റാൻഡിലേക്ക് ചേട്ടാ, ഒന്നു വേഗം വന്നേ... എന്നുച്ചത്തിൽ വിളിച്ചു പറയുന്ന ഒരു ചേട്ടനെയും കാണാം.

തിരക്കിനിടയിലൂടെ വണ്ടികൾ വരിവരിയായി മെല്ലെ നീങ്ങുന്നതിനിടയിൽ ഒരു കറുത്ത ബൊലെറോയിൽ നിന്ന് രണ്ടു പേർ ചാടിയിറങ്ങി അപകട സ്ഥലത്തേക്ക് ഓടിയെത്തി. പിന്നെയെല്ലാം വളരെ പെട്ടന്നായിരുന്നു. രണ്ടു പേരേയും താങ്ങിയെടുത്ത് അവരുടെ കാറിൽ കയറ്റി. അവരെയുമായി ചെറുപ്പക്കാർ തൊട്ടടുത്തുള്ള ആശുപത്രി ലക്ഷ്യമാക്കി പാഞ്ഞു. സംഭവസ്ഥലത്തുനിന്ന് അവർ പോയ ഉടനേ തന്നെ പോലീസ് ജീപ്പെത്തി. ആളുകളോട് കാര്യം തിരക്കുകയും റോഡ് ബ്ലോക്കാകാതെ ആളുകളെ പിരിച്ചുവിടുകയും ചെയ്തു. വയർലെസ്സിൽ എവിടേക്കോ സന്ദേശം അറിയിക്കുകയും ചെയ്തു കൊണ്ട് പോലീസ് ജീപ്പ് കടന്നുപോയി.

അപകടം പറ്റിയ അവരെ ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ പ്രവേശിപ്പിച്ചതിനു ശേഷം ഡ്രൈവ് ചെയ്തിരുന്ന ചെറുപ്പക്കാരനുൾപ്പെടെ ആ മൂന്നുപേരും കാഷ്വാലിറ്റിക്കു പുറത്ത് കാത്തു നിന്നു. ഇടയ്ക്ക് അവരെ അകത്തേക്ക് വിളിക്കുകയും ഹോസ്പിറ്റൽ ഫോർമാലിറ്റീസ് നടത്തുകയും ചെയ്തു. 'നിങ്ങൾ എന്തായാലും കൃത്യസമയത്ത് ഇവരെ ഇവിടെയെത്തിച്ചത് ഭാഗ്യമായി. ചേട്ടന് വലിയ കുഴപ്പമൊന്നും കാണുന്നില്ല, പക്ഷേ, ചേച്ചിക്ക് രണ്ടുദിവസത്തേക്ക് ഒബ്സർവേഷൻ ആവശ്യമാണ്. ചേട്ടൻ നൽകിയ വിവരമനുസരിച്ച് ഒരു ബന്ധുവിനെ അറിയിച്ചിട്ടുണ്ട്. പക്ഷേ, അദ്ദേഹം ഈ നാട്ടിലുള്ളയാളല്ല. ചേട്ടനും ചേച്ചിയും പാലക്കാട് നിന്ന് കൊച്ചിയിൽ വന്നു താമസിക്കുന്നവരാണ്. ഇപ്പോൾ വരാൻതക്ക ബന്ധുക്കളാരും തൊട്ടടുത്തില്ല.'

ഡോക്ടർ പറഞ്ഞ വിവരങ്ങൾ കേട്ടപ്പോൾ ചെറുപ്പക്കാർ പരസ്പരം നോക്കി. 'ഡോക്ടർ കുഴപ്പമില്ല, ഞങ്ങൾ ഇവിടെയുണ്ടാകും. കൃത്യമായ ടെസ്റ്റുകൾ എല്ലാം നടത്തണം, അഡ്മിറ്റ് ചെയ്ത് വേണ്ടതെല്ലാം ചെയ്യണം. അവരുടെ ആരെങ്കിലും എത്തുന്നതുവരെ കാര്യങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം. ബില്ലുകളും ഞങ്ങളടക്കാം.'

ഒരേപോലെ ജീൻസും റിബോക്കിന്റെ ടീഷർട്ടും ഷൂസുമൊക്കെ ധരിച്ച ആ ചെറുപ്പക്കാരെ കണ്ടപ്പോൾ ഡോക്ടർക്കും നഴ്സുമാർക്കും കൗതുകമായി. ചോരക്കറ പുരണ്ട ഡ്രസ്സിൽ നിൽക്കുന്ന അവരെക്കുറിച്ച് കൂടുതലറിയാൻ അവർക്ക് ജിജ്ഞാസയായി. യാത്രകളിഷ്ടപ്പെടുന്ന അവർ കൂട്ടുകാരന്റെ പുതിയ കറുത്ത ബൊലെറോയിൽ ഒരു ഇന്ത്യാ പര്യടനത്തിനിറങ്ങിയതാണ്. ഏറെ നാളത്തെ ഒരുക്കത്തിനു ശേഷമുള്ള ഒരു സ്വപ്ന യാത്ര. നാടൊന്നടങ്കം ഫ്ളാഗോഫ് ചെയ്ത ആ യാത്രയുടെ തുടക്കത്തിലാണ് അപകടം കണ്ട് വണ്ടി നിറുത്തിയത്. ഇത്ര ഗംഭീരമായ ഈ യാത്രയിൽ ഒരപകട സ്ഥലവും ആൾക്കൂട്ടത്തെയും കണ്ട് നിങ്ങൾ എന്തിനാണ് യാത്ര മുടക്കിയത് എന്ന ഡോക്ടറുടെ ചോദ്യത്തിനുള്ള അവരുടെ മറുപടിയായിരുന്നു ഡോക്ടറെ അത്ഭുതപ്പെടുത്തിയത്. 'ഈ യാത്ര ഞങ്ങൾക്കിനിയുമാകാം.'





വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ

# എവിടെയൊളിച്ചു നമ്മുടെ മനുഷ്യാവകാശ പ്രവർത്തകരും സ്ത്രീവിമോചന വാദികളും ?



## കന്യാസ്ത്രീയുടെ കന്യാത്വത്തിനു വിലയിട്ട നീചർ

ജനസ്വരം ദൈവസ്വരമെന്നു പറയുന്നവർക്കുള്ള തിരിച്ചടിയാണ് അഭയക്കേസുമായി ബന്ധപ്പെട്ട് കുറ്റാരോപിതയായ സി. സെഫിക്കനുകൂലമായ കോടതിവിധി. പതിറ്റാണ്ടുകളായി ഭൂരിപക്ഷം ജനങ്ങളും മാധ്യമങ്ങളും മെനഞ്ഞെടുത്ത ഭാവനാവിലാസങ്ങൾ തകർന്നടിഞ്ഞു. പതിറ്റാണ്ടുകൾക്കു മുൻപുണ്ടായ ഒരു സംഭവത്തെ തെറ്റായി വ്യാഖ്യാനിച്ച് ഏതാനും വ്യക്തികളെ കുറ്റാരോപിതരാക്കി നിറുത്തി സമൂഹമധ്യത്തിൽ പരമാവധി അപമാനിക്കാൻ ആർക്കൊക്കെയോ വലിയ ഉത്സാഹമായിരുന്നു. അവർ മെനഞ്ഞ കള്ളക്കഥകൾ മാധ്യമങ്ങൾക്ക് ചാകരയായി മാറി. അന്വേഷണ ഉദ്യോഗസ്ഥരും മാധ്യമങ്ങളും കൂടി പടച്ചുണ്ടാക്കിയ റിപ്പോർട്ടുകൾ പൊതുജനങ്ങളിൽ ഭീകരത നിറഞ്ഞ ഇക്കിളിക്കഥയായി മാറി. കന്യാസ്ത്രീയുടെ കന്യാത്വത്തിനു വിലയിട്ട് പലരും പുളകം കൊണ്ടു.

കന്യാസ്ത്രീകൾ ആത്മഹത്യ ചെയ്യില്ല എന്ന വിശ്വാസത്തിൽ ഉറച്ചു നിന്നതുകൊണ്ടാണ് സി. അഭയയുടെ ആത്മഹത്യ കൊലപാതകമായിരിക്കാമെന്ന ധാരണയിൽ കോൺവെന്റ് അധികൃതർ കൂടുതൽ അന്വേഷണത്തിനായി സർക്കാരിൽ പരാതിപ്പെട്ടുന്നത്. അക്കാലത്ത് അത് അപൂർവ സംഭവമായിരുന്നു. ഒരു സിസ്റ്റർ ആത്മഹത്യ ചെയ്തു എന്നു പറയുന്നത് സഭയ്ക്ക് ആകെ നാണക്കേടുണ്ടാക്കുന്ന വിഷയമായി കരുതപ്പെട്ടു. അല്ലാതെ 'വിഖ്യാത മനുഷ്യാവകാശ പ്രവർത്തകനൊ'ന്നുമല്ല ഈ കേസിന്റെ നിജസ്ഥിതി അറിയാൻ കോടതിയെ സമീപിച്ചത്.

വൈദികരും കന്യാസ്ത്രീയും ലൈംഗികബന്ധത്തിലേർപ്പെട്ടെന്ന് തെളിയിക്കാൻ ചിലർക്കുണ്ടായ അമിതാവേശം വസ്തുതാപരമല്ലെന്നു കാലം തെളിയിച്ചു. മെനഞ്ഞെടുത്ത കഥ വിജയിക്കണമെങ്കിൽ കന്യാസ്ത്രീയുടെ കന്യാത്വം പരിശോധിക്കണം. താൻ കന്യകയല്ലെന്നുറപ്പുണ്ടെങ്കിൽ ഏതെങ്കിലും സ്ത്രീ ഇത്തരമൊരു പരിശോധനയ്ക്കു മുതിരുമോ? സ്വന്തം ശരീരത്തെപ്പറ്റി അത്രയധികം ഉറപ്പുള്ളതിനാലാണ് സി. സെഫി ഈ പരിശോധനയ്ക്കു സമ്മതിച്ചത്. പരിശോധനയിൽ കന്യകയാണെന്നു തെളിഞ്ഞു. ഒന്നരപ്പതിറ്റാണ്ടു കാലം പറഞ്ഞതൊക്കെ വെറുതെയായി. ആലപ്പുഴ മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം മേധാവിയായിരുന്ന ഡോ. രമയും, ഡോ. ലളിതാംബികയുമാണ് കന്യാത്വ പരിശേധനയ്ക്കു നേതൃത്വം വഹിച്ചത്. പിന്നീട്, കന്യാചർമം കൃത്രിമമായി പിടിപ്പിച്ചതായിരിക്കാമെന്ന് അവർ സാക്ഷ്യപ്പെടുത്തി. എന്ത് ഉദ്ദേശത്താലാണ് ഈ ഡോക്ടർമാർ ഇങ്ങനെ പറഞ്ഞതെന്നറിയില്ല. ജീവിതത്തിൽ അതുവരെ അവർ കണ്ടിട്ടില്ലാത്ത ഒന്നായിരുന്നു

## മെത്രാന്മാരെ രാജ്യദ്രോഹികളാക്കിയവന്റെ ഇപ്പോഴത്തെ അവസ്ഥ

വിഴിഞ്ഞം സമരം നടത്തിയവർ രാജ്യദ്രോഹികളാണെന്നായിരുന്നു അദാനിയുടെ ആരാധകരായ രാഷ്ട്രീയ സാമുദായിക ശക്തികളുടെ ആരോപണം. ദേശത്തു വികസനം വരുന്നതിനെ തടസ്സപ്പെടുത്തുന്നുപോലും. ജീവന്റെ നിലനില്പിനുവേണ്ടി പോരാടിയവരെ രാജ്യദ്രോഹികൾ എന്നുവരെ മുദ്രകുത്തി. വെറും എട്ടുകൊല്ലംകൊണ്ട് ഏകദേശം 600-ാം സ്ഥാനത്തുനിന്ന് മൂന്നാം സ്ഥാനത്തേക്ക് ആഗോളതലത്തിൽ വളർച്ച പ്രാപിച്ചവനെ എല്ലാവർക്കും ഭയമായി. അവനുവേണ്ടി വിടുപണി ചെയ്തവരുടെ അവസ്ഥ ഇപ്പോൾ എന്താണ്? പേരിനു മാത്രം സ്വന്തമുണ്ടാക്കിയ കമ്പനികളുടെ പേരിൽ സ്വന്തം കമ്പനികളുടെ ഓഹരികൾ വാങ്ങിക്കൂട്ടി മൂല്യം വർധിപ്പിച്ചാണ് ആഗോള ഭീമനായത്. കരുത്തനെന്ന് പിണിയാളുകളെ വച്ച് പ്രചരിപ്പിച്ച് വിരാജിക്കുന്ന രാഷ്ട്രനേതാവിന്റെ തണലിൽ രാജ്യത്തിന്റെ നല്ലൊരു ഭാഗം കൈക്കലാക്കി വിരാജിക്കുമ്പോഴാണ് ചില റിപ്പോർട്ടുകൾ പുറത്തു വരുന്നത്. ഊതിവീർപ്പിച്ച പെരുമയുമായി ആർക്കും അധികകാലം വിരാജിക്കാൻ കഴിയുകയില്ല. വിഴിഞ്ഞത്തെ പാവപ്പെട്ട മുക്കുവരുടെ ന്യായമായ ആവശ്യങ്ങളെ തമസ്കരിച്ച് അതിനു നേതൃത്വം കൊടുത്ത പുരോഹിതരേയും മെത്രാന്മാരേയും അടച്ചാക്ഷേപിച്ച് രാജ്യദ്രോഹികളാക്കിയവർക്ക് ഇപ്പോൾ എന്തെങ്കിലും ഉരിയാടാനുണ്ടോയെന്നറിയില്ല.

---

കൃത്രിമ കന്യാചർമം പിടിപ്പിക്കൽ അഥവാ ഹൈമനോപ്ലാസ്റ്റി. ഇത് വിദേശരാജ്യങ്ങളിൽ അപൂർവമായി നടത്തുന്ന ഒരു ശസ്ത്രക്രിയ ആയിരുന്നു. ഇന്ത്യയിൽ ഇങ്ങനെയൊരു ശസ്ത്രക്രിയ ആവിർഭവിച്ചിരുന്നില്ല. അപ്പോൾ പറയുന്നു സി. സെഫി വിദേശത്തു പോയി ചെയ്തതാകാമെന്ന്. അന്ന് സി. സെഫി പാസ്പോർട്ട് എടുക്കുകയോ വിദേശ യാത്ര നടത്തുകയോ ചെയ്തിട്ടില്ല. പക്ഷികൾ ആകാശത്തിലൂടെ പറക്കുന്നതുപോലെ സി. സെഫി പറന്നു പോയി ഹൈമനോപ്ലാസ്റ്റി ചെയ്തുവെന്ന് വിധി പ്രസ്താവത്തിൽ ചേർക്കാമായിരുന്നു.

അതുപോലെയാണ് നാർക്കോ അനാലിസിന്റെ കാര്യവും. കോടതിയിൽ ഹാജരാക്കിയ ഇതിന്റെ റിപ്പോർട്ട് കൃത്രിമത്വം നിറഞ്ഞതാണെന്ന് ജസ്റ്റിസ് ഹേമ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാത്രമല്ല, മറ്റു നിരവധി വിദഗ്ധരും ഇതു പറഞ്ഞിട്ടുണ്ട്. എഡിറ്റു ചെയ്ത നാർക്കോ അനാലിസിന്റെ വീഡിയോ പുറത്തു വിട്ടതും ശരിയായ നടപടിയായിരുന്നില്ല. ഇല്ല എന്നു പറയുന്ന ഒരു മറുപടിയുടെ സ്ഥാനത്ത് 'ഉണ്ട്' എന്നു പറയുന്ന മറ്റൊരു ചോദ്യത്തിന്റെ മറുപടി മാറ്റിച്ചേർക്കുന്നതാണ് വീഡിയോ എഡിറ്റു ചെയ്തു എന്നു പറയുന്നതിന്റെ അടിസ്ഥാനം.

ഈ വീഴ്ചകളൊന്നും മാധ്യമങ്ങളോ, മനുഷ്യാവകാശ പ്രവർത്തകരോ, ഫെമിനിസ്റ്റുകളോ, സ്ത്രീ വിമോചകരോ ചൂണ്ടിക്കാണിച്ചില്ല എന്നതാണ് ഏറെ കഷ്ടതരം. അക്കാലത്ത് കേരളശബ്ദം വാരിക മാത്രം ഈ കേസന്വേഷണത്തിലെ വീഴ്ചകളെ ചൂണ്ടിക്കാണിക്കുകയും നിശിതമായി വിമർശിക്കുകയും ചെയ്തത് ഓർക്കുന്നു.

വർഷങ്ങൾക്കു മുമ്പ് അഭയക്കേസിൽ വൈദികരും കന്യാസ്ത്രീയും പ്രതികളല്ലെന്ന് എഴുതുകയും പ്രസംഗിക്കുകയും ചെയ്തയാളാണ് ഈ ലേഖകൻ. അന്ന് പലരുടെയും ആക്ഷേപം ഏറ്റുവാങ്ങേണ്ടി വന്നു. മാധ്യമ സാക്ഷരത എന്നു പറയുന്നത് കേരളീയ ജനതയ്ക്കില്ലാത്തതിനാൽ കൂടുതൽ സ്വരമുണ്ടാകുന്നത് ശരിയാണെന്നു ധരിക്കാനുള്ള പ്രവണത കേരളീയരിൽ കൂടുതലാണ്. അതിന്റെ ഇരകളാണ് അഭയക്കേസിലെ കുറ്റാരോപിതർ. സി. അഭയ ആത്മഹത്യ ചെയ്തതോ കൊല്ലപ്പെട്ടതോ ആകാം. അതു തെളിയിക്കേണ്ടത് അന്വേഷണോദ്യോഗസ്ഥരാണ്. തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആരുടെയെങ്കിലും തലയിൽ വച്ചുകെട്ടുകയല്ല വേണ്ടത്. വിദേശത്തു മാത്രം ചെയ്യുന്ന ഹൈമനോപ്ലാസ്റ്റി എന്ന ശസ്ത്രക്രിയ വിദേശത്തു പോകാത്ത സി. സെഫി ചെയ്തുവെന്ന് സി.ബി.ഐ. പറഞ്ഞപ്പോൾ അതെങ്ങനെയാണെന്നു ചോദിക്കാൻ ഒരു മാധ്യമ പ്രവർത്തകരോ വനിതാ സംരക്ഷകരോ ഇവിടെ ഇല്ലാതെ പോയി എന്നത് അത്യന്തം ഖേദകരമാണ്. സഭാസംവിധാനങ്ങളെ ആക്രമിക്കാനുള്ള ത്വരയിൽ സത്യത്തെ നിരാകരിക്കാൻ എത്രയെളുപ്പം കഴിഞ്ഞു. അന്വേഷണോദ്യോഗസ്ഥരും മാധ്യമങ്ങളും പടച്ചുണ്ടാക്കിയ നുണക്കഥകൾ കേരളത്തിലെ ഭൂരിപക്ഷവും വിശ്വസിച്ചു എന്നത് ലജ്ജാകരമാണ്. ജനസ്വരം ഒരിക്കലും ദൈവസ്വരമാകില്ലായെന്നതിനും ഇതിലും വലിയ ഉദാഹരണമില്ല. ഈ കേസിന്റെ പേരിൽ മഹത്വം നേടിയ ഒരു കള്ളനും സാമ്പത്തിക ഉന്നതിയും പെരുമയും ഉണ്ടാക്കിയ ഒരു 'വിഖ്യാത മനുഷ്യാവകാശ പ്രവർത്തകനു'മുണ്ട്. ഇവരെയൊക്കെ അടുത്ത തെരഞ്ഞെടുപ്പിൽ നമുക്കു മത്സരിപ്പിച്ചു ജയിപ്പിക്കണം !!

## ചരിത്ര സത്യങ്ങളെ വിളിച്ചു പറയാൻ നാം ആരെയാണു ഭയപ്പെടുന്നത്?

കേരളത്തിലെ നവോത്ഥാന നായകൻ ആരെന്നു ചോദിച്ചാൽ ശ്രീ നാരായണഗുരുവെന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രശസ്ത പത്രപ്രവർത്തകനായ റാം മോഹൻ പാലിയത്ത് (അദ്ദേഹം ചരിത്ര പ്രസിദ്ധനായ പാലിയത്തച്ചന്റെ കുടുംബാംഗമാണ്) പറയുന്നത് ചാവറയച്ചനാണെന്നാണ്. നിഷ്പക്ഷമായി ചിന്തിക്കുന്നവരൊക്കെ പറയുന്നത് കേരളത്തിന്റെ നവോത്ഥാനത്തിൽ സുപ്രധാന പങ്കുവഹിച്ചത് ചാവറയച്ചന്റെ പ്രവർത്തനങ്ങളാണെന്നു തന്നെയാണ്.

കേരളത്തെ ഇന്നത്തെ രൂപത്തിലാക്കിയതിൽ ക്രൈസ്തവസഭയ്ക്കും മിഷണറിമാർക്കും വലിയ പങ്കുണ്ട്. മലയാള ഭാഷ, വിദ്യാഭ്യാസം, ആതുരാലയങ്ങൾ, അനാഥശാലകൾ, കുഷ്ഠരോഗാശുപത്രികൾ തുടങ്ങിയവ സ്ഥാപിച്ചത് ക്രൈസ്തവരാണ്. തീണ്ടലും തൊടീലും ജാതിവ്യവസ്ഥിതിയും അന്ധവിശ്വാസങ്ങളും നിറഞ്ഞ ഒരിരുണ്ട ദേശത്ത് പ്രകാശം പരത്തിയ ക്രൈസ്തവരുടെ പങ്കിനെ തമസ്കരിക്കുന്നതിൽ ചില വിപ്ലവ പ്രസ്ഥാനങ്ങൾക്കും വർഗീയ സംഘടനകൾക്കും ചെറുതല്ലാത്ത പങ്കുണ്ട്. ഇക്കാര്യങ്ങളെ പൊതുജന സമക്ഷം വിളിച്ചു പറയാനുള്ള കരുത്ത് നമുക്ക് ചോർന്നു പോയോ എന്ന് സംശയിക്കുന്നു.










ചിത്രീകരണം: വെങ്കി

# മിലി ഡ്രസ്സ് ബാങ്ക്



“മിലി ചേച്ചിക്ക് എന്തായിത്ര സന്തോഷം?” രാവിലെ ഉണർന്ന് പള്ളിയിൽ പോകാനൊരുങ്ങുന്ന ചേച്ചിയോട് കൊച്ചനുജൻ ചോദിച്ചു.

“മനോലിൻ കുട്ടാ, ഇന്ന് നമ്മുടെ സ്കൂൾ തുറക്കുകയല്ലേ..? എല്ലാ വർഷത്തെയും പോലെ താമസിച്ചുണർന്ന്, പ്രാർഥിക്കാതെയും പഠിക്കാതെയും ഉഴപ്പി നടന്ന മിലി ചേച്ചിയല്ലിത്. കഴിഞ്ഞമാസം ധ്യാനത്തിന് പോയപ്പോൾ മിലി ചേച്ചി എടുത്ത ഒരു തീരുമാനമുണ്ട്; ഇനി മുതൽ എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുത്ത ശേഷമേ ചേച്ചി സ്കൂളിൽ പോകുകയുള്ളൂ. കഴിഞ്ഞ വർഷംവരെ പഠനത്തിൽ ഏറ്റവും പിന്നിലായിരുന്ന ചേച്ചി ഈ വർഷം അത്ഭുതം സൃഷ്ടിക്കും. മോൻ കണ്ടോ..”

മിലിചേച്ചിയുടെ വീരവാദം കേട്ടപ്പോൾ മനോലിന് ചിരിയടക്കാനായില്ല. “മമ്മീ, ദേ ഈ മിലിചേച്ചി ഇന്നലെ ശരിക്കും ഉറങ്ങിയില്ലാന്ന് തോന്നുന്നു. എന്തൊക്കെയോ ഉറക്കപ്പിച്ച് പറയുന്നുണ്ട്.”

അടുക്കളയിൽ പാചകത്തിരക്കിലായിരുന്ന മമ്മി കട്ടിലിൽ അലസനായിരിക്കുന്ന മനോലിന്റെ അരികിലെത്തി. “മോനും ഒരുങ്ങി പള്ളിയിൽ പോയി പ്രാർഥിച്ചു വാ. മിലിയെ പോലെ മോനും നന്നായി പഠിച്ച് മിടുക്കനാവണം.”

മമ്മിയുടെ നിർബന്ധം സഹിക്കവയ്യാതെ മനോലിനും അന്ന് വിശുദ്ധ കുർബാനയ്ക്കു പോയി. വിശുദ്ധ കുർബാന കഴിഞ്ഞ് വീട്ടിലേക്ക് തിരിക്കുമ്പോൾ മിലിചേച്ചി ഒരുപാടു കാര്യങ്ങൾ അവനുമായി പങ്കുവച്ചു.

“മനോലിൻ, ഈ വർഷം മുതൽ നമുക്ക് രണ്ട് ജോഡി യൂണിഫോം മതി. മറ്റ് രണ്ടു ജോഡി യൂണിഫോം സ്കൂളിലെ ഡ്രസ്സ് ബാങ്കിലേക്ക് കൊടുക്കാം.”

“സ്കൂളിലെ ഡ്രസ്സ് ബാങ്കോ..? അതെന്താ ചേച്ചി?” കുഞ്ഞുമനോലിന് കാര്യം മനസ്സിലായില്ല. മിലി ചേച്ചി വിവരിച്ചു: “മോനെ, നാം ഉപയോഗിക്കാതെ വച്ചിരിക്കുന്നതും എന്നാൽ, മറ്റുള്ളവർക്കു ഉപകരിക്കുന്നതുമായ നല്ല ഡ്രസ്സുകളും യൂണിഫോമും സ്കൂളിൽ ശേഖരിച്ച് പാവപ്പെട്ട കുട്ടുകാർക്ക് കൊടുക്കുന്ന ഒരു പദ്ധതിയാണിത്. പക്ഷേ, ഇടതുകൈ ചെയ്യുന്നത് വലതു കൈ അറിയരുത്. അതായത് നമ്മൾ എത്ര ഡ്രസ്സ് കൊടുത്തു, ഏതൊക്കെ ഡ്രസ്സ് കൊടുത്തു എന്നൊന്നും ആരും അറിയാനും പാടില്ല. നമ്മുടെ ടീച്ചേഴ്സ് അത് അർഹതപ്പെട്ടവർക്ക് കൊടുത്തുകൊള്ളും. നമ്മൾ പാവങ്ങളെ സഹായിക്കുമ്പോൾ ഈശോയെ തന്നെയാ സഹായിക്കുന്നത്.”

മിലി ചേച്ചിയുടെ ആശയം മനോലിനും ഇഷ്ടമായി. വീട്ടിലെത്തിയ ഉടനെ അവൻ പപ്പയോടും മമ്മിയോടുമെല്ലാം എന്തൊക്കെയോ അനുവാദം ചോദിക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്യുന്നുണ്ടായിരുന്നു.



കഥ: സി. ജിയ എം.എസ്.ജെ.



വീട്ടുപടിക്കൽ സ്കൂൾ ബസ്സ് വന്നുനിൽക്കുമ്പോൾ അഞ്ചാറു കവർ നിറയെ തന്റെ ഡ്രസ്സുകളുമായി മനോലിനാണ് ആദ്യം ബസ്സിൽ കയറിയത്. ബസ്സിലുണ്ടായിരുന്ന കൂട്ടുകാരുടെ കൈയിലും കവറും സാധനങ്ങളുമുണ്ടായിരുന്നു. അന്നത്തെ ദിവസം അവരുടെ സ്കൂളിൽ വലിയൊരു ഉത്സവം തന്നെയായിരുന്നു. ഡ്രസ്സ് ബാങ്ക് ഉദ്ഘാടനം തങ്ങളുടെ സ്കൂളിൽ വച്ചാണ് നടക്കുന്നതെന്നും അതിന് വിദ്യാഭ്യാസമന്ത്രി അടുത്തയാഴ്ച എത്തുമെന്നുമെല്ലാം ഹെഡ്മാസ്റ്റർ അറിയിച്ചപ്പോൾ കുട്ടികളുടെ സന്തോഷം പതിൻമടങ്ങായി.

വൈകുന്നേരം വീട്ടിൽ തിരിച്ചെത്തിയപ്പോൾ മനോലിന് ഒരുപാടുണ്ടായിരുന്നു വിശേഷങ്ങൾ പറയാൻ. “പപ്പാ, ഞങ്ങളുടെ സ്കൂളിലെ ഡ്രസ്സ് ബാങ്കിന്റെ പേര് മിലി ഡ്രസ്സ് ബാങ്കെന്നാ. എന്തിനാ പപ്പാ, നമ്മുടെ മിലി ചേച്ചിയുടെ പേരതിന് കൊടുത്തിരിക്കുന്നത്..?”


പപ്പ മിലിയെയും മനോലിനെയും തന്റെ അരികിലേക്ക് ചേർത്തുനിറുത്തി. സന്തോഷവും അഭിമാനവും കൊണ്ട് പപ്പയുടെയും മമ്മിയുടെയും മിഴികൾ നിറഞ്ഞൊഴുകി. മനോലിനോടായി പപ്പ പറഞ്ഞു:

“മോനെ, മിലി ചേച്ചിക്ക് ധ്യാനത്തിലൂടെ കിട്ടിയ ഒരുൾക്കാഴ്ചയായിരുന്നു അത്. അവധിക്കാലത്ത് നടന്ന പി.റ്റി.എ. മീറ്റിംഗിൽ മിലിച്ചേച്ചിക്കു വേണ്ടി പപ്പ ഈ കാര്യം അവതരിപ്പിച്ചു. അത് വിജയിക്കില്ലായെന്ന് പലരും പറഞ്ഞപ്പോൾ ചേച്ചി തന്നെ കുറേ വീടുകൾ കയറിയിറങ്ങിയും കൂട്ടുകാരെ ഫോണിൽ വിളിച്ചുമെല്ലാം ഈ പദ്ധതി വിജയിപ്പിക്കാനുള്ള എല്ലാ മുന്നൊരുക്കങ്ങളും നടത്തിയിരുന്നു. ഗവൺമെന്റ് പോലും ഈ പദ്ധതിയെക്കുറിച്ചറിഞ്ഞു. നമ്മുടെ ജില്ലയിലെ എല്ലാ സ്കൂളുകളിലും ഈ പദ്ധതിക്ക് അനുമതിയും നൽകി.

മിലി ചേച്ചിയുടെ ഈ ത്യാഗത്തിനും, പങ്കുവയ്ക്കാനുള്ള ആ വലിയ മനസ്സിനുള്ള അംഗീകാരവും ആദരവുമായിട്ടാണ് സ്കൂളുകളിലെ ഡ്രസ് ബാങ്കിന് മിലി ഡ്രസ്സ് ബാങ്കെന്ന് പേരിട്ടത്”

മനോലിന്റെയും കണ്ണുകൾ നിറഞ്ഞു. പപ്പയുടെ കരവലയത്തിൽ നിന്നും പതിയെ തെന്നി മാറി അവൻ മിലി ചേച്ചിയെ കെട്ടിപ്പിടിച്ച് ഉമ്മവച്ചു. അവൻ സന്തോഷം കൊണ്ട് വിളിച്ചുപറഞ്ഞു:

“എന്റെ ഈശോയേ, ഈ മിലിചേച്ചിയുടെ കുഞ്ഞനുജനായി ജനിക്കാൻ എന്നെ അനുഗ്രഹിച്ചതിന് നിനക്കായിരം നന്ദി.”



# വഴുതന മാത്തൻ



കാർട്ടൂൺ: സിനിൽ കെ.ജെ




## കേരളത്തിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങൾക്ക് ഇനി പുതിയ നേതൃത്വം.

മാത്യു ജോസഫിന്റെ നേതൃത്വത്തിലുള്ള ടീമംഗങ്ങൾക്ക് പ്രാർഥനാപൂർവം

# അനുമോദനങ്ങൾ



RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/03/2023, ₹50.00




**SUBSCRIBE!**

**TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES**

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662